# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


പുസ്തകം 78
ലക്കം 9
സെപ്റ്റംബർ 2006
തബൂക്ക് 1385
ശഹബാൻ - റമദാൻ 1427

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**


4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *ഫാതിഹ അദ്ധ്യായം*
ഹദ്റത്ത് അഹ്മദ് *(അ)*

8 *ഗൾഫ് യുദ്ധത്തിന്റെ ഉത്തരവാദികളാര്?*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

12 *റമദാൻ - 'ഇബാദത്തു'കളുടെ വസന്തകാലം*
മുഹമ്മദ് ഉമർ H.A.

15 *സൂറാ ഫാത്തിഹ:*
*അഗ്നിമയമായ സപ്തസൂക്തങ്ങൾ*
ഇജാസ്

18 *ഭൂമിയിൽ സ്വർഗ്ഗം*
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

22 *സ്ത്രീസമത്വവാദം:*
*ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ*
ഐ.കെ. സാജിതാ മുസഫർ, കോഴിക്കോട്

26 *ഉണർത്തുപാട്ട് (കവിത)*
എസ്.വി. സുബൈദ

27 *യോസേഫ്: ബൈബിളിലും ഖുർആനിലും*
ഏ.എം. മുഹമ്മദ് സലീം

31 *മുസ് ലിംകൾ മറന്നുപോയ സൂക്തം*
ഏ.പി. കുഞ്ഞാമു

33 *'കുപ്പായത്തിൽ വീണ ചുവപ്പു മഷിത്തുള്ളികൾ,*
*ഒരു ദിവ്യദൃഷ്ടാന്തം'*
ഏ.ക്യു. മഹ്ദി

36 *ജമാഅത്തെ ഇസ്‌ലാമിയുടെ ഉന്മൂലന സിദ്ധാന്തം*
*അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :* **ബാദ്ശാഹ് മസ്ജിദ്, ലാഹോർ, പാകിസ്താൻ**
**(ഷാജഹാൻ പണികഴിപ്പിച്ചത് 1673 – 74)**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊ ണ്ടു നിങ്ങളിലാരെങ്കിലും ഈ മാസത്തിന്നുസാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമയി) രോഗി ആവുകയോ, യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. (2:185)

## നബിവചനം

അത്യുൽകൃഷ്ടവും അനുഗ്രഹപൂർണ്ണവുമായ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു പ്രത്യേക രാത്രി ഈ മാസത്തിൽ (റമദാൻ) വരുന്നുണ്ട്. ഈ മാസത്തിൽ അല്ലാഹു നമുക്ക് നോമ്പനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിലെ രാത്രികൾ തഹജ്ജൂദ് നമസ്കാരത്തിനായി എഴുന്നേൽക്കുക എന്നത് ഏറ്റവും വലിയ പുണ്യകർമമാണ്. (ഇബ്നുമാജ)

**യുഗശബ്ദം**

# റമദാൻ



**വാഗ്ദത്ത മസീഹ്**

റമദ എന്ന പദത്തിന്റെ അർത്ഥം സൂര്യതാപം എന്നാണ്. റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണപാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കൽപനകൾ അനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നു. ആത്മീയവും ഭൗതികവുമായ ഈ ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. റമദാൻ നോമ്പനുഷ്ഠാനം ആദ്യം ഒരു ഉഷ്ണമാസത്തിലാരംഭിച്ചതുകൊണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്ന ചില നിഘണ്ടുകർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അത് അറേബ്യയ്ക്കു മാത്രമുള്ള ഒരു പ്രത്യേക കാര്യമല്ല. ആത്മീയാർത്ഥത്തിലും റമദ് എന്നാൽ ആത്മീയമായ ആവേശവും ജ്വലനവുമാണ്. കല്ലുകളെയും ഇതരവസ്തുക്കളെയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിനും റമദാൻ എന്നു പറയുന്നു..... ആത്മാവിന്റെ പ്രകാശവത്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയദർശനത്താൽ അനുഗൃഹീതനായിത്തീരുന്നു. അതുമുഖേന അവന് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുന്നു. ഖുർആൻ ഈ മാസത്തിലാണ് അവതരിച്ചത് എന്ന വചനത്തിൽ ഈ വസ്തുതയുടെ സൂചനയുണ്ട്. നോമ്പനുഷ്ഠിക്കാനുള്ള കൽപനയിൽ ഒരു മഹത്തായ അനുഗ്രഹം നിശ്ചയമായും അടങ്ങിയിരിക്കുന്നു. ഇതുസംബന്ധമായി അല്ലാഹുതന്നെ ഇപ്രകാരം പറയുന്നു: നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ നിങ്ങൾക്ക് അത് വലിയ വലിയ അനുഗ്രഹങ്ങൾക്ക് നിദാനമായിത്തീരും.(മൽഫൂസാത്ത്)

മുഖക്കുറിപ്പ്

# മതസ്വാതന്ത്ര്യം: ഖുർആന്റെയും ഫിർഔന്റെയും വാദങ്ങൾ

ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 18, 19 ഖണ്ഡിക ഇപ്രകാരമാണ്. 'ചിന്ത, മനഃസാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനും തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ കർമ്മത്തിലൂടെയോ ആരാധനയിലൂടെയോ ആചരണത്തിലൂടെയോ തന്റെ മതമോ വിശ്വാസമോ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇതിലുൾപ്പെടുന്നു"

മനുഷ്യാവകാശരേഖയിലെ ഈ വിളംബരത്തിന് പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ നടത്തിയ പ്രഖ്യാപനം നോക്കൂ.' *'പറയുക: അല്ലയോ ജനങ്ങളേ, നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോളിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ ആർ സന്മാർഗ്ഗത്തിൽ ചരിക്കുന്നുവോ, അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം. ആർ വഴിതെറ്റുന്നുവോ, അത് അതിന്റെ നഷ്ടത്തിലേക്കും. ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെട്ടതിനെ നീ പിന്തുടരുക. (10:109-110). മറ്റൊരു പ്രഖ്യാതവചനം ഇപ്രകാരമാണ്: 'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല' (2:257)*

വാദങ്ങളും തെളിവുകളും മനുഷ്യന്റെ മുമ്പിൽ ഒരു നിവേദനമായി സമർപ്പിക്കുകയാണ് പ്രവാചകന്മാർ ചെയ്തത്. അവർക്ക് ജനങ്ങളുടെ മേൽ യാതൊരു അധികാരാവകാശങ്ങളുമില്ല. മതത്തിൽ ചേരാനോ ചേർന്നവന് വിട്ടുപോകാനോ ആർക്കും തടസ്സപ്പെടുത്തുവാനോ നിർബന്ധിക്കാനോ അധികാരമില്ല. ഖുർആൻ പറയുന്നു:

*'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ.' (18:30).*

മതത്തിൽ എല്ലാവരും വിശ്വസിക്കാത്തതിൽ മുസ്‌ലിംകൾ വ്യാകുലചിത്തരാകേണ്ടതില്ലെന്നും മത വൈവിധ്യങ്ങളുടെ ഈ ബഹുസ്വരത ദൈവനിശ്ചയമാണെന്നും, വിശ്വസിപ്പിക്കാൻ ബലപ്രയോഗം നടത്താൻ പാടില്ലെന്നും ഖണ്ഡിതമായ ഭാഷയിൽ ഖുർആൻ പ്രഖ്യാപിക്കുന്നത് കാണുക:

*'നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയുള്ളവരെല്ലാം വിശ്വസിച്ചിരിക്കുമായിരുന്നു. എന്നിരിക്കെ, അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ' (10-100)*

മനുഷ്യന് മതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തേയും അപ്രകാരം തന്നെ വിട്ടുപോകാനുള്ള സ്വാതന്ത്ര്യത്തേയും ആദരിക്കുന്ന ഖുർആന്റെ വക്താക്കൾ സേച്ഛാധിപതിയായ ഫിർഔന്റെ ഭാഷയിൽ, മതം വിട്ടുപോകുന്നവനെ കൊന്നുകളയുമെന്നു പറയുന്നത് ഫാസിസമാണ്. ഫിർഔന്റെ വാദവും ഖുർആൻ നമുക്ക് പരിചയപ്പെടുത്തിത്തരുന്നു. *'ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിന് മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ?.... നിശ്ചയമായും ഞാൻ നിങ്ങളുടെകാലുകളും വിപരീത ഭാഗത്ത് നിന്ന് മുറിച്ചുകളയും. പിന്നെ നിങ്ങളെല്ലാവരേയും ക്രൂശിക്കുകയും ചെയ്യുന്നതാണ്.' (7:125)* ഇനി പറയൂ. മൂർത്തദ്ദിനെ (മതം മാറുന്നവനെ) വധിച്ചു കളയണം എന്ന വാദമുയർത്തുന്ന ജമാഅത്തെ ഇസ്‌ലാമി ഖുർആന്റെ വാദമോ അതല്ല, ഫിർഔന്റെ വാദമോ പിന്തുടരുന്നത്? ●

ലേഖനം

# ഫാതിഹ അദ്ധ്യായം

## ഹദ്റത്ത് അഹ്മദ് (അ)

ഫാതിഹ എന്ന അദ്ധ്യായത്തിന് നിരവധി പേരുകളുണ്ട്. അതിൽ ഒന്നാമത്തേത് ഫാതിഹത്തുൽ കിതാബ് എന്നതാണ്. വിശുദ്ധ ഖുർആൻ ഈ അദ്ധ്യായത്തോടെ ആരംഭിക്കുന്നതുകൊണ്ടാണ് ഇതിന് ഈ പേരു വെച്ചിട്ടുള്ളത്. നിസ്കാരത്തിലും ആദ്യം ഈ അദ്ധ്യായം തന്നെയാണ് ഓതുന്നത്. റബ്ബുൽ അർബാബായ* അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ അതിന് തുടക്കം കുറിക്കുന്നതും ഈ അദ്ധ്യായത്തോടെയാണ്. എന്റെ നോട്ടത്തിൽ, അല്ലാഹു ഈ അദ്ധ്യായത്തെ വിശുദ്ധ ഖുർആനിലെ വിഷയങ്ങൾക്കുള്ള വിധികർത്താവായി നിശ്ചയിച്ചിരിക്കുന്നതിനാലാണ് ഈ അദ്ധ്യായത്തിന് 'ഫാതിഹാ' എന്നു പറയുന്നത്. സർവോപകാരിയായ അല്ലാഹുവിൽ നിന്ന് വിശുദ്ധ ഖുർആനിൽ വിശദീകരിക്കപ്പെട്ട ആ എല്ലാ അദൃശ്യമായ വാർത്തകളും യാഥാർത്ഥ്യങ്ങളും ദിവ്യജ്ഞാനങ്ങളും ഇതിൽ നിറയ്ക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ഉൽപത്തി സ്ഥാനത്തേയും മടങ്ങിയെത്തേണ്ട സ്ഥലത്തേയും (ഇഹലോകവും പരലോകവും) സംബന്ധിച്ച് അറിയേണ്ട എല്ലാ കാര്യങ്ങളും ഇതിലുണ്ട്. ഉദാഹരണത്തിന് ദൈവാസ്തിക്യം, പ്രവാചകത്വത്തിന്റെ ആവശ്യകത, സത്യവിശ്വാസികളായ ദാസരിൽ ഖിലാഫത്ത് സംസ്ഥാപനത്തിനുള്ള തെളിവുകൾ. വാഗ്ദത്ത മസീഹിന്റെയും മഹ്ദിയുടെയും കാലത്തെക്കുറിച്ച് സുവാർത്ത നല്കുന്നു എന്നതാണ് ഈ അദ്ധ്യായത്തിന്റെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ സന്ദേശം. അത് നാം സ്നേഹനിധിയായ അല്ലാഹു നല്കിയിട്ടുള്ള കഴിവുകൊണ്ട് അതിന്റെ അവസരത്തിൽ വിവരിക്കുന്നതാണ്.

ഇപ്രകാരം ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന വൃത്താന്തങ്ങളിൽ ഒരു വൃത്താന്തം, ഇത് ഈ ലോകത്തിന്റെ ആയുസ്സ് പറയുന്നുവെന്നതാണ്. നാം അടുത്തുതന്നെ അല്ലാഹു നല്കിയ കഴിവുകൊണ്ട് അതും എഴുതുന്നതായിരിക്കും. അല്ലാഹുവിന്റെ നബിമാരിൽ ഒരു നബി പ്രവചനം ചെയ്ത ആ ഫാതിഹ അദ്ധ്യായം തന്നെയാണിത്. ആ നബി പറഞ്ഞു: ബലവാനായ ഒരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങുന്നത് ഞാൻ കണ്ടു. അവന്റെ കൈയിൽ ഫാതിഹാ എന്ന അദ്ധ്യാ യം ഒരു ചെറുപുസ്തക രൂപത്തിൽ ഉണ്ടായിരുന്നു. സർവശക്തനായ ദൈവത്തിന്റെ കല്പനയാൽ അവന്റെ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിയിന്മേലും വെച്ചു. അവൻ സിംഹം അലറും പോലെ അത്യുച്ചത്തിൽ ആർത്തു. അതിന്റെ ശബ്ദത്തിൽ നിന്ന് ഏഴ് ഇടിമുഴക്കമുണ്ടായി. അതിൽ നിന്നുള്ള ഓരോന്നിലും ഒരു പ്രത്യേകമാക്കപ്പെട്ട വചനം കേൾ ക്കാൻ കഴിഞ്ഞു. ഈ ഇടിമുഴക്കത്തിൽ നിന്നുണ്ടായ വചനങ്ങളെ എഴുതാതെ മുദ്രയിട്ടേക്ക് എന്ന് പറയപ്പെട്ടു. കാരുണ്യവാനായ ദൈവം അങ്ങനെതന്നെയാണ് അരുളിയിട്ടുള്ളത്. ഇറങ്ങിവന്ന മലക്ക്, ആ ജീവനുള്ള ദൈവത്തെ സത്യം ചെയ്തുകൊണ്ട് - ആ ദൈവത്തിന്റെ പ്രകാശം കൊണ്ടാണ് സമുദ്രങ്ങളേയും കരകളേയും പ്രകാശിപ്പിച്ചിട്ടുള്ളത് - പറഞ്ഞു. ആ (വാഗ്ദത്ത മസീഹിന്റെ) കാലശേഷം ഈ വിലയും നിലയുമുള്ള കാലം ഉണ്ടാകുകയില്ല. ഈ പ്രവചനം വാഗ്ദത്ത മസീഹിന്റെ കാലത്തെക്കുറിച്ചാണെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ ഏകാഭിപ്രായക്കാരാണ്. അതിനാൽ, ഇപ്പോൾ ആ കാലം സമാഗതമായിരിക്കുന്നു. ഫാതിഹാ അദ്ധ്യായത്തിന്റെ ഏഴു വചനങ്ങളിൽ നിന്ന് ആ ഏഴ് ശബ്ദങ്ങളും വെളിപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഈ കാലഘട്ടം നന്മയുടേയും സന്മാർഗ്ഗത്തിന്റേയും അടിസ്ഥാനത്തിൽ അവസാനകാലഘട്ടമാണ്. ഇതിനുശേഷം ഈ കാലഘട്ടത്തിന്റെ വിലയും നിലയുമുള്ള ഒരു കാലഘട്ടവും ഉണ്ടാകുകയില്ല. നാം ഈ ലോകത്തു നിന്ന് വിടപറഞ്ഞുപോകുമ്പോൾ, പിന്നീട് നമുക്കു ശേഷം പുനരുത്ഥാന നാൾവരെ മറ്റൊരു മസീഹും വരികയില്ല. ആകാശത്തു നിന്ന് ആരും ഇറങ്ങുകയില്ല. ഗുഹയിൽ നിന്നും ആരും പുറത്തു വരികയില്ല. ആദ്യമേതന്നെ എന്റെ രക്ഷിതാവിന്റെ വചനത്തിൽ പറയപ്പെട്ടു കഴിഞ്ഞിരിക്കുന്ന ആ വാഗ്ദത്ത പുത്രനൊഴികെ.' അല്ലാഹുവിൽ നിന്നും വരേണ്ട (വാഗ്ദത്ത മസീഹ്) വന്നുകഴിഞ്ഞിരിക്കുന്നു എന്ന കാര്യം സത്യമാണ്. ഭൂമിയും ആകാശവും അതിനു സാക്ഷിപറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, നിങ്ങൾ ആ സാക്ഷ്യത്തിലേക്ക് ഒട്ടും ശ്രദ്ധിക്കുന്നില്ല. കാലം കടന്നുകഴിഞ്ഞാൽ വിദൂരമല്ലാത്ത ഭാവിയിൽ

എന്നെ തീർച്ചയായും നിങ്ങൾ ഓർമ്മിക്കും. ഇക്കാലത്തെ പ്രാപിക്കുകയും ഇതിനെ അശ്രദ്ധയിൽ നഷ്ടപ്പെടുത്തിക്കളയാതിരിക്കുകയും ചെയ്തവൻ ഭാഗ്യവാനാണ്. (ഇഅ്ജാസുൽ മസീഹ്, പേ: 68-71).

## ഫാതിഹ അദ്ധ്യായത്തിന്റെ രണ്ടാമത്തെ നാമം സൂറത്തുൽഹംദ്

ഫാതിഹ അദ്ധ്യായത്തിന് മറ്റു പേരുകളുമുണ്ട്. അതിലൊന്ന് സൂറത്തുൽ ഹംദ് എന്നുമാണ്. കാരണം ഈ അദ്ധ്യായം നമ്മുടെ അത്യുന്നതനായ രക്ഷിതാവിന്റെ സ്തുതിയോടുകൂടിയാണ് ആരംഭിക്കുന്നത്.

## ഫാതിഹ അദ്ധ്യായത്തിന്റെ മൂന്നാമത്തെ നാമം ഉമ്മുൽഖുർആൻ

ഫാതിഹ അദ്ധ്യായത്തിന്റെ ഒരു നാമം ഉമ്മുൽ ഖുർആൻ എന്നും ഉണ്ട്. കാരണം അത് ഖുർആനിക ആശയങ്ങളെയെല്ലാം വളരെ മനോഹരമായ ആഭരണം കൊണ്ട് പൊതിഞ്ഞിരിക്കുന്നു. അത് മുത്തുച്ചിപ്പി പോലെ വിശുദ്ധ ഖുർആന്റെ രത്നങ്ങളേയും മുത്തുകളേയും തന്റെ ഉള്ളിലാക്കിയിരിക്കുകയാണ്. ഈ അദ്ധ്യായം അറിവും ജ്ഞാനവും അന്വേഷിച്ചലയുന്ന പക്ഷികൾക്ക് കൂടുകളെപ്പോലെയാണ്. വിശുദ്ധ ഖുർആനിൽ മനുഷ്യരുടെ മാർഗ്ഗദർശനത്തിനായി നാലു വിഷയങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം ഓർമ്മിക്കുക. (1) ഉൽപത്തിസ്ഥാനത്തെ കുറിച്ചുള്ള അറിവ്. (2) മടങ്ങിയെത്തേണ്ട സ്ഥലത്തെക്കുറിച്ചുള്ള അറിവ് (3) പ്രവാചകത്വത്തെക്കുറിച്ചുള്ള അറിവ് (4) ഏകദൈവത്തെക്കുറിച്ചുള്ള അറിവ്. അതായത് ദൈവത്തിന്റെ സത്തയേയും ഗുണങ്ങളേയും (കുറിച്ചുള്ള അറിവ്). ഈ നാല് അറിവുകളും ഫാതിഹ അദ്ധ്യായത്തിൽ അന്തർഭവിച്ചിരിക്കുന്നുവെന്നതിൽ ഒരു സംശയവുമില്ല. ഈ അറിവുകൾ സമുദായത്തിന്റെ മിക്ക ഉലമാക്കളുടെയും നെഞ്ചകങ്ങളിൽ ജീവനോടെ കുഴിച്ചുമൂടപ്പെട്ട നിലയിലാണുള്ളത്. കാരണം അവർ ഫാതിഹ അദ്ധ്യാ യം ഓതുന്നുണ്ടെന്നത് ശരി തന്നെ. പക്ഷേ, അവരുടെ തൊണ്ടക്കുഴിയിൽ നിന്ന് താഴോട്ടിറങ്ങുന്നില്ല. അവർ അതിന്റെ ഈ ഏഴു നദികളെ പൂർണ്ണമായും ഒഴുക്കുന്നില്ല; (അവർ തന്നെയും മറ്റുള്ളവരും അതിൽ നിന്ന് ഫലമെടുക്കാൻ വേണ്ടി) എന്നല്ല അവർ ദുശ്ചരിതരെപ്പോലുള്ള ജീവിതം കഴിച്ചുകൂട്ടുകയാണ് ചെയ്യുന്നത്. (ഇഅ്ജാസുൽ മസീഹ്, പേ: 72,73)

## ഫാതിഹ അദ്ധ്യായത്തിന്റെ നാലാമത്തെ നാമം ഉമ്മുൽ കിതാബ്

ആത്മീയമായ കാര്യങ്ങളെക്കുറിച്ച് ഇതിൽ സമ്പൂർണ്ണമായ പാഠമുള്ളതുകൊണ്ടാകാം ഈ അദ്ധ്യായത്തി ന്റെ നാമം ഉമ്മുൽകിതാബ് എന്ന് വെച്ചിട്ടുള്ളത്. (അയ്യാമുസ്സുൽഹ്, പേ:18) കാരണം ആത്മീയവഴിയിലെ പ്രയാണികളുടെ പ്രയാണം അവരുടെ മനസ്സുകളിൽ ഈശ്വരതയോടുള്ള ബഹുമാനവും ദാസതയോടുള്ള അപമാനവും വിജയം വരിക്കാത്തിടത്തോളം പൂർണ്ണമാകുകയില്ല. ഇക്കാര്യത്തിൽ ഏകനും ഒറ്റയായുള്ളവനുമായ അല്ലാഹുവിൽ നിന്ന് അവതരിച്ചിരിക്കുന്ന ഫാതിഹ അദ്ധ്യായം പോലുള്ള മാർഗ്ഗദർശി മറ്റെങ്ങും കാണുകയില്ല. അവൻ എങ്ങനെയാണ് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ മുതൽ മാലിക്കിയൗമുദ്ദീൻവരെയുള്ള വാക്കുകളിൽ അത്യുന്നതനായ അല്ലാഹുവിന്റെ വലിപ്പത്തേയും മഹത്വത്തേയും വെളിപ്പെടുത്തിയിരിക്കുന്നതെന്ന് നിങ്ങൾ കാണുന്നില്ലേ? തുടർന്ന് ഇയ്യാക്കനഅബുദു വഇയ്യാക്ക നസ്തഈൻ പറഞ്ഞുകൊണ്ട് മനുഷ്യന്റെ അശക്തിയേയും ദുർബലതയേയും വെളിപ്പെടുത്തി. ഇതിൽ മാനുഷികമായ പ്രകൃതിയുടെ എല്ലാ ആവശ്യങ്ങളും മുന്നിൽകണ്ടിട്ടുള്ളതുകൊണ്ടാകാം ഈ അദ്ധ്യായത്തെ ഉമ്മുൽകിതാബ് എന്ന് പറയപ്പെട്ടിട്ടുള്ളത്. തൊഴിലിനെ സംബന്ധിച്ചാവട്ടെ അല്ലെങ്കിൽ ദൈവികാനുഗ്രഹങ്ങളെ സംബന്ധിച്ചാവട്ടെ, മാനുഷതയുടെ എല്ലാ ആവശ്യകതകളിലേക്കും സൂചനയുമുണ്ട്. കാരണം, തന്റെ ആത്മാവിന്റെ പൂർണ്ണതയ്ക്കായി അ ല്ലാഹുവിന്റെ സത്തയുടേയും ഗുണങ്ങളുടേയും കർമ്മങ്ങളുടേയും അറിവു നേടാൻ ആഗ്രഹിക്കുന്നവനാണ് മനുഷ്യൻ. ഏതൊന്നിന്റെ പരമാർത്ഥം അല്ലാഹുവിന്റെ വാക്കുകളിലൂടെ മാത്രം തുറക്കുന്നുവോ ആ കല്പനയുടെ വഴിയിലൂടെ അവന്റെ സന്തോഷത്തിന്റെ അറിവ് തനിക്ക് ലഭിക്കണമെന്നും മനുഷ്യൻ വിചാരിക്കുന്നു. അപ്രകാരം തന്നെ ഈശ്വരീയമായ കാരുണ്യം വിപൽഘട്ടങ്ങളിൽ തന്നെ സഹായിക്കണമെന്നും അതിന്റെ സഹായത്താൽ അവന് ആന്തരികമായ പരിശുദ്ധിയും ദൈവികമായ പ്രകാശങ്ങളും ജാഗ്രദർശനങ്ങളും കിട്ടണമെന്നും അവന്റെ ആത്മീയത ആഗ്രഹിക്കുന്നു. ഈ വിശുദ്ധ അദ്ധ്യായം ഈ എല്ലാ അർത്ഥങ്ങളും അടങ്ങിയതാണ്. എന്നല്ല, ഈ അദ്ധ്യായം അതിന്റെ സുന്ദരമായ വിവരണം കൊണ്ടും വ്യക്തമായ ശക്തികൊണ്ടും ഹൃദയങ്ങൾക്ക് പ്രിയപ്പെട്ടതാണ്. (ഇഅ്ജാസുൽ മസീഹ്, പേ:73-75)

## ഫാതിഹ അദ്ധ്യായത്തിന്റെ അഞ്ചാമത്തെ നാമം അസ്സബ്ഉൽമഥാനി

ഈ അദ്ധ്യായത്തിന്റെ നാമങ്ങളിൽ ഒന്ന് സബഉൽമഥാനി എന്നാണ്. ഈ നാമം വെക്കാൻ കാരണമിതാണ്: ഈ അദ്ധ്യായത്തിന് രണ്ട് ഭാഗമുണ്ട്. അതിന്റെ ഒരു ഭാഗം മനുഷ്യരിൽ നിന്നുള്ള ദൈവസ്തുതിയാണ്. രണ്ടാമത്തെ പകുതി നശ്വരനായ മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ പാരിതോഷികവും കൃപയുമടങ്ങിയതാണ്. ഇതിന് അസ്സബഉൽ മഥാനി എന്ന് പേരുവെക്കാനുള്ള കാരണം ഈ അദ്ധ്യായം ദൈവികഗ്രന്ഥങ്ങളിലെല്ലാം വെച്ച് വേറിട്ടൊരു മാഹാത്മ്യം ഉൾക്കൊള്ളുന്നുവെന്നും ഇതു

*(ശേഷം 14-ാം പേജിൽ)*

ലേഖനം

# ഗൾഫ് യുദ്ധത്തിന്റെ ഉത്തരവാദികളാര്?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ഗൾഫ് യുദ്ധവേളയിൽ 1990 ആഗസ്റ്റ് 3 മുതൽ 1991 മാർച്ച് 15 വരെ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് നിർവ്വഹിച്ച ചരിത്രപ്രസിദ്ധമായ പതിനേഴ് ഖുത്ബകളിൽ ഒന്നിന്റെ പ്രസക്തഭാഗം.**

### ആക്രമിക്കാൻ അമേരിക്ക പ്രേരിപ്പിച്ചു!

അമേരിക്കയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം, ഞാൻ വ്യക്തമാക്കട്ടെ, ജയിംസ് എകിൻങ്ങ് (James Aking) ഇദ്ദേഹം ഇറാഖിലെ ഒരു മുൻ അമേരിക്കൻ അമ്പാസിഡറാണ് - ഇപ്രകാരം എഴുതുന്നു:

“ഇപ്പോഴത്തെ അമേരിക്കൻ അമ്പാസിഡർ ഒരു വനിതയാണ്. അവരുടെ പേർ ഏപ്രിൽ ഗ്ലാസ്പി (April Glaspie) എന്നാണ്. അമേരിക്ക ഗ്ലാസ്പി മുഖേന സദ്ദാം ഹുസൈനെ കുവൈത്ത് ആക്രമിക്കാൻ പ്രേരിപ്പിക്കുകയും ഇതു അവരുടെ ആഭ്യന്തര പ്രശ്നമായിരിക്കയാൽ തങ്ങൾ കയ്യിടുന്നതല്ലെന്നു ഉറപ്പ് നൽകുകയും ചെയ്തിരുന്നു എന്നു എനിയ്ക്ക് പൂർണ്ണമായ വിശ്വാസമുണ്ട്.”1

ജനറൽ മൈക്കൽ ഡൂഗനെ പറ്റി (Gern. Michael Dugan) ഇപ്രകാരം പ്രസ്താവിക്കുന്നു. - മൈക്കൽ ഡൂഗൻ അമേരിക്കയുടെ ചീഫ് ഓഫ് എയർ സ്റ്റാഫ് ആയിരുന്നു. അയാളെ അവർ പുറത്താക്കുകയാണ് ചെയ്തത്. അതിനു കാരണം അദ്ദേഹം ചില പത്രപ്രതിനിധികളുമായുള്ള അഭിമുഖസംഭാഷണവേളയിൽ പറയുകയുണ്ടായി. “സദ്ദാം ഹുസൈന്റെയും അദ്ദേഹത്തിന്റെ കൂട്ടാളിയുടെയും കുടുംബക്കാരുടെയും അവരുടെ കൂട്ടുകാരുടെയുമെല്ലാം തലയെടുക്കേണ്ടതാണെന്നും അവരെയെല്ലാം ആക്രമിച്ചു ഈ പ്രശ്നത്തിന്ന് പരിഹാരമുണ്ടാക്കണമെന്നും ഈ ലക്ഷ്യം സാധിക്കുന്നതിന്നു അമേരിക്കൻ വിമാനപ്പടതയ്യാറെടുത്തു നിൽക്കുകയാണെന്നും ഈ നിർദ്ദേശം ഇസ്രായിൽ ആണ് ഉന്നയിച്ചിട്ടുള്ളതെന്നും” 2.

ഇത്രയും ഉന്നതസ്ഥാനത്തുള്ള എയർ ചീഫ് ഓഫ് സ്റ്റാഫ് ആണദ്ദേഹം-ഒരാളുടെ പ്രസ്താവനയ്ക്ക് ഒരു പ്രത്യേക അർത്ഥമുണ്ട്. സദ്ദാം ഹുസൈന്റെയും ബന്ധുക്കളുടെയും നേരെ മാരകമായ ആക്രമണം നടത്താനുള്ള ആസൂത്രിത പരിപാടി നടപ്പാക്കണമെന്നത് ഇതുമായൊന്നും ബന്ധമില്ലാത്ത പുറമേയുള്ള ഒരു നിരീക്ഷകന്റെ പ്ര സ്താവനയല്ല.

### സദ്ദാമിനെ കൊല്ലാൻ!

ഇതു സംബന്ധിച്ചു അമേരിക്കയിൽ ശക്തിമത്തായ പ്രതികരണങ്ങളുണ്ടായി. എന്നാൽ, ഈ പ്രസ്താവനയ്ക്കെതിരെ അവരുടെ പക്കൽ യാതൊരു ന്യായീകരണവും ഉണ്ടായിരുന്നില്ല. എന്തെന്നാൽ, ഇതിനു മുമ്പ്, കേണൽ ഖദ്ദാഫിയ്ക്കെതിരായും അവർ ഇപ്രകാരം തന്നെയുള്ള ആക്രമണം നടത്തിയിട്ടുണ്ടായിരുന്നതു ലോകത്തിനു മുഴുവനും അറിയുന്നതാണല്ലോ.

അമേരിക്കയുടെ പുറത്തുള്ള ഒരാളെ വധിക്കുന്നതിന്നു അമേരിക്കൻ നിയമം അമേരിക്കൻ പ്രസിഡ

1. An anonimous defence consultant using the Pseudonym of Miles Ignotus (Unknown Soldier) wrote an article in Harpers to this effect. Ignotus even developed plan to send U.S. Forces to Saudi Arabia in numbers close to those of early August, less than one week after the invation of Kuwait. James Aking, former U.S. Ambassador to Iraq, has gone further. He believes the U.S. "Suckered" Saddam Hussain into the invasion by instructing the present U.S. Ambassador, April Glaspie, to give him go ahead. A week before the invasion, Glaspie assured Saddam Hussain that the U.S. would have "No position" on such an act and treat it purely as an Arab to Arab affair (Candadian Ecumemical News, Jan/.Feb 1991 p. 3)

2. Defence Secretary Richard B. Cheny dismissed Air Foce Chief of Staff Gen. Michael J. Dugan last week for showing "lack of judgment" in discussing contingence plans forwar against Iraq including targetting Saddam Hussain and his family and the decapitation of the Iraqi leadership (Aviation Week and Space Technology/September, 24, 1990).

But Dugan's biggest sin in Cheney's eyes was references to israel's contributin to the U.S. Military effort. Dugan said that Israel had supplied the U.S. with its latest High Tech, super accurate missiles and that based Jerusalem's advice that Saddam is a "One-Man Show". the U.S. had devised a plan to decapitate the Iraqi leadership beginning with Saddam, his family, his Personal Guard and his mistress such targetting Cheney was quick to point out , not only is political dynamite but also is potentially a violation of a 1981 executive order signed by President Donald Reagon flatly banning any U.S. involvement in assassinations (The Time, October, 1, 1990, U.S.A.)

ലിന്ന് ലോകത്ത് നടപ്പാക്കാനില്ല! ഇസ്രായീലിന്റെ ലക്ഷ്യം സാധിച്ചുകിട്ടുകയും ചെയ്തു. മാത്രമല്ല, ഇതു മുഖേന തന്നെ കൂടുതൽ പ്രദേശങ്ങൾ കയ്യടക്കുന്നതിന്നുള്ള കാരണം കണ്ടെത്തുകയും, ബില്ല്യൺ കണക്കിൽ ഡോളർ സഹായധനം അടിച്ചെടുക്കുകയും, എപ്പോൾ വേണമെങ്കിലും ഇറാഖിനെ നശിപ്പിക്കാനും (അല്ലാഹു കാക്കട്ടെ. ഇറാഖിന്റെ നില അപ്രകാരമാണെങ്കിൽ) ഇറാക്കിന്നെതിരായ മുഴുവൻ പ്രതികാരനടപടികളും പൂർത്തീകരിക്കുവാനുമുള്ള അവകാശം അംഗീകരിപ്പിക്കുകയും ചെയ്യാൻ അവർക്ക് കഴിഞ്ഞിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവ് ഇസ്രായീലാണ്. അതുകൊണ്ട് ഈ യുദ്ധത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിയും ഇസ്രായീൽ തന്നെ.

ഈ യുദ്ധത്തിൽ ഐക്യരാഷ്ട്ര സഭയും ഉത്തരവാദിയാണ്. പാക്കിസ്താനിൽ അസംബ്ലിമെമ്പർമാരെ വിലക്ക് വാങ്ങുകയും വിൽക്കുകയും ചെയ്യാൻ തുടങ്ങിയപ്പോൾ അതിന്ന് കുതിരക്കച്ചവടം (Horse Trading) എന്നൊരു സാങ്കേതിക ശബ്ദം നടപ്പായിരുന്നു. അസംബ്ലി മെമ്പർമാരെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി വിലക്കെടുക്കുന്ന ഈ സമ്പ്രദായം കുതിരക്കച്ചവടം തന്നെയെങ്കിലും ഈ പേര് എങ്ങനെ വന്നുവെന്നും ആരാണ് എവിടെയാണ് തുടങ്ങിയതെന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. അത് അമേരിക്കയിൽ നിന്നാണ് ആരംഭിച്ചതെന്നു അപ്പോൾ മനസ്സിലായി. യു.എൻ.ഒ.വിൽ വോട്ടുകൾ വിലയ്ക്ക് വാങ്ങുന്നതിന്നുവേണ്ടി അവർ വളരെ തുറന്ന നിലയിൽ പരസ്യമായി കുതിരക്കച്ചവടം നടത്തുകയുണ്ടായി. ഇതു കാരണം, സമ്പന്ന രാഷ്ട്രങ്ങളുടെ പ്രഭാവത്തിൽ രാഷ്ട്രങ്ങളെ വിലയ്ക്കു വാങ്ങാൻ കഴിയുന്ന ഒരു സ്ഥാപനമായി യൂനോ മാറുകയാണെങ്കിൽ അതൊരു ഭയാനകമായ പാതകമായിരിക്കുമെന്നു മാത്രമല്ല അതൊരു ആത്മഹത്യ കൂടി ആയിരിക്കും. പ്രസ്തുത സ്ഥാപനത്തിലുള്ള ആശ്രയച്ചു. ഡിക്വയർ തിരിച്ചു പോയി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ആ റിപ്പോർട്ടിൽ ഈ സംഗതികളും ഇതുപോലുള്ള മറ്റു സംഗതികളും ഉൾപ്പെടുത്തിയിരുന്നു. പ്രസിഡണ്ട് സദ്ദാം ഹുസൈൻ അതു പ്രസിദ്ധപ്പെടുത്തുകയും വസ്തുതകൾ തുറന്നു കാണിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ ചില പത്രങ്ങളിലും അതു അച്ചടിച്ചു വന്നിട്ടുണ്ട്. ഞാൻ അതു വായിക്കുകയുണ്ടായി.

ആകയാൽ, ഈ യുദ്ധത്തിന്റെ ഒന്നാമത്തെ ഉത്തരവാദി അമേരിക്കയാണ്. സദ്ദാം ഹുസൈൻ ഒരു ഉപകരണമാക്കപ്പെടുകയാണുണ്ടായത്. സദ്ദാമിന്നുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തെ അതിന്നു നിർബന്ധിതനാക്കിയ ചില വശങ്ങൾ കൂടിയുണ്ടെന്ന കാര്യം മറന്നുകൂടാ. സഖ്യരാഷ്ട്രങ്ങളെ സംബന്ധിച്ചേടത്തോളം അവർ തങ്ങളുടെ സ്വന്തം സ്വന്തം ലക്ഷ്യങ്ങൾ നേടുന്നതിന്ന് വേണ്ടി ഇതിൽ ഭാഗഭാക്കാകുകയാണുണ്ടായത്. എല്ലാ സഖ്യരാഷ്ട്രങ്ങൾ ക്കും അവരവരുടെതായ പ്രത്യേകം പ്രത്യേകം ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളുമുണ്ടായിരുന്നു. അവയെ അവർ ഇതുമായി ബന്ധപ്പെടുത്തുകയാണ് ചെയ്തത്.

## ആസൂത്രണം ഇസ്രായേലിന്റെ

ഈ എല്ലാ ആസൂത്രണങ്ങളും ഇസ്രായേലിന്റേതായിരുന്നു എന്നതാണ് ഇസ്രായേലിന്റെ പങ്കാളിത്തം ഞാനിതിന്നുമുമ്പുതന്നെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. വളർന്നുവരുന്ന, തങ്ങൾക്ക് യഥാർത്ഥത്തിൽ ഒരു അപകടമായിത്തീരാവുന്ന ഒരു മുസ്ലിം ശക്തിയെ ഇപ്രകാരം യുദ്ധത്തിന്നിടയിൽ തകർത്തു തരിപ്പണമാക്കിക്കളയുകയും, അതിന്നുള്ള ചെലവുകൾ മുഴുവനും മുസ്‌ലിം രാഷ്ട്രങ്ങളെയോ സഖ്യരാഷ്ട്രങ്ങളെയോ കൊണ്ടു വഹിപ്പിക്കുകയും, അമേരിക്കക്കാരോ ഇംഗ്ലീഷുകാരോ അറബികളോ ആയ സൈനികരെ ഇതിന്നായി ഉപയോഗപ്പെടുത്തുകയും ചെയ്യുകയെന്ന ഇതിലും വലിയ മഹാതന്ത്രം ഇസ്രായീണ്ടിന്നു അനുമതി നൽകുന്നില്ല. അപ്രകാരം വധിക്കുന്ന കൃത്യത്തിനു അവർ പേർ വച്ചിരിക്കുന്നത് 'കോവർട് ഓപറേഷൻ' എന്നാണ്. അതായത് പരോക്ഷമായ നടപടി! പരോക്ഷ നടപടി പുറത്താവുമ്പോൾ അതൊരു വൻപാതകമായി മാറുന്നു. അതിനാൽ, ഇതു പുറത്തായിക്കഴിഞ്ഞതോടെ അമേരിക്ക അനിവാര്യമായും ഇതിൽ ഏറ്റവും വലിയ ഉത്തരവാദിയായിത്തീരുന്നു.

മൂന്നാമത്തെ കാര്യം ഐക്യരാഷ്ട്രസഭയുടെ പേരിലാണ് ഈ നടപടികൾ ഉണ്ടായതെന്നുള്ളതത്രെ. അനേകം രാജ്യങ്ങളെ വിലക്കെടുക്കുകയും അനേകം രാജ്യങ്ങളിൽ രാഷ്ട്രീയ സമ്മർദ്ദം ചെലുത്തുകയും അനേകം രാഷ്ട്രങ്ങളെ പ്രലോഭിപ്പിക്കുകയും ആണുണ്ടായതെന്നും ഇതെല്ലാം അമേരിക്കയുടെ കളിയാണെന്നും ഉള്ളതത്രെ പരമാർത്ഥ വസ്തുത. ഇതിനെ സംബന്ധിച്ചിടത്തോളം പ്രസിഡണ്ട് സദ്ദാം ഹുസൈൻ പറഞ്ഞുവരുന്നത് ഇതിനു ഐക്യരാഷ്ട്ര സഭ എന്നു പറയുന്നത് പരിഹാസ്യമാണെന്നത്രെ. പ്രായോഗികമായി യു.എൻ.ഒ.വിന്റെ കൂടെ ഐക്യരാഷ്ട്രങ്ങൾ ഇല്ല. ഉള്ളതു അമേരിയ്ക്ക മാത്രം!

എന്നാൽ, യൂനോ സിക്രട്ടറി ജനറൽ ഡിക്വയർ സംഭാഷണം നടത്തുന്നതിന്ന് പ്രസിഡന്റ് സദ്ദാം ഹുസൈന്റെ അടുക്കൽ ചെന്നപ്പോൾ, ഈ നടപടികളെല്ലാം ലോകത്തെ മുഴുവൻ വഞ്ചിയ്ക്കുന്നതിന്നു വേണ്ടിയുള്ള അമേരിക്കൻ തന്ത്രങ്ങളാണെന്നു സദ്ദാം ഹുസൈൻ വെട്ടിത്തുറന്നു പറയുകയുണ്ടായി. ഇതിന് ഐക്യരാഷ്ട്രങ്ങൾ എന്നുപേർ വെക്കുന്നതു ശരിയല്ലെന്നും! അപ്പോൾ ഡിക്വയർ പറഞ്ഞതു വ്യക്തിപരമായി പറഞ്ഞാൽ താൻ നൂറുശതമാനം അദ്ദേഹത്തോടു യോജിക്കുന്നു എന്നും അദ്ദേഹം പറഞ്ഞതുതന്നെയാണ് ശരിയെന്നും എന്നാൽ ഇതു സമ്മതിച്ചു പറയാവുന്ന സ്ഥിതിയിലല്ല താനുള്ളതെന്നുമത്രെ. ഈ പ്രസ്താവന മൂടിവെക്കാൻ അമേരിക്ക ശ്രമി

ബോധം എന്നെന്നേയ്ക്കുമായി ഉയർന്നുപോകുന്നതുമാണ്.

ഇതിന്നു പുറമെ ചില ചരിത്ര പശ്ചാത്തലം കൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. ബ്രിട്ടീഷ് ഗവർമെന്റിന്റെ പ്രവർത്തനങ്ങളുടേയും ഇസ്രായേലിൽ രാഷ്ട്രം സ്ഥാപിച്ചെടുക്കുന്നതിന്നുവേണ്ടി നടന്ന യഹൂദ ഗൂഢാലോചനകളുടെയും വിശദവിവരങ്ങളിലേയ്ക്ക് നാം വീണ്ടും കടന്നുചെല്ലേണ്ടുന്ന ആവശ്യമില്ല. 1897ൽ ഡോ. തിയഡോർ ഹെർസ്ൽ (Dr. Theodore Herzle) ആണ് ഈ ആസൂത്രണം ചെയ്തത്. ഈ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ അനേകം യഹൂദ ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും പാശ്ചാത്യ ശക്തികേന്ദ്രങ്ങളിൽ സ്വാധീനം ഉണ്ടാക്കുന്നതിന്ന് വേണ്ടി നിയോഗിക്കപ്പെട്ടിരുന്നു. അവരിൽ ഒരു വലിയ രസതന്ത്ര ശാസ്ത്രജ്ഞനായിരുന്നു വീസ്മാൻ. വൈസ്മാൻ എന്നും ഞാൻ ഉച്ചരിച്ചതോർക്കുന്നു. പിന്നീട് ഞാനിതു ഒത്തുനോക്കി. ജർമനിയിൽ ഇത് Weitzmann എന്നാണ് ഉച്ചരിക്കുക. * ഇദ്ദേഹം രസതന്ത്രത്തിൽ ഒരു വലിയ വിദഗ്ധനും പോളണ്ട് സ്വദേശിയും ആയിരുന്നു. ജർമനിയിൽ പഠനം നടത്തി. കഴിഞ്ഞ ലോകമഹായുദ്ധത്തിനുമുമ്പ് ഇംഗ്ലണ്ടിൽ വന്നു. ഇവിടെ യൂനിവേർസിറ്റിയിൽ പ്രഫസർ ആയി ജോലി നോക്കി. അദ്ദേഹം പിന്നീട് പ്രഭാവശാലികളായ ലോകനേതാക്കളുമായി ബന്ധം പുലർത്തി. അദ്ദേഹം ബാൾ ഫറിൽ പ്രത്യേക സ്വാധീനം നേടുകയുണ്ടായി. മി. ബാൾഫർ! ബേയ്ൽ ഫോർ എന്നാണ് ഈ പേർ ഉച്ചരിക്കേണ്ടത്. മി. ബെയ്ൽ ഫോർ ലോയിഡ് ജോർജിന്റെ മന്ത്രിസഭയിൽ ഉണ്ടായിരുന്നു. 1915, 16, 17, 18 കൊല്ലങ്ങളിൽ ഇദ്ദേഹം വിദേശകാര്യമന്ത്രിയായിരുന്നു. ഇദ്ദേഹത്തിലാണ് വീസ്മാൻ വലുതായ സ്വാധീനം ചെലുത്തിയത്. ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുന്നതിന്നു വേണ്ടി ഏറ്റവും വലിയ പരിശ്രമങ്ങൾ നടത്തിയതും ബെയ്ൽ ഫോർ തന്നെ

യാണ്. ചുരുക്കത്തിൽ, ഈ പ്രശ്നത്തിന്റെ അതായതു ഈ യുദ്ധത്തിന്റെ ഉത്തരവാദിത്തം വഹിക്കേണ്ട രാഷ്ട്രമാണ് ബ്രിട്ടൻ, ഈ പ്രശ്നം അങ്ങേയറ്റം അനീതിപരവും ഒരു പ്രശ്നമായി എടുക്കാൻ തന്നെ പാടില്ലാത്തതുമായിരുന്നു. ആരുടെയോ രാജ്യത്ത് അപരിചിതരായ ഒരു കൂട്ടർ കയറിക്കൂടി മറ്റേതോ ജാതിക്കാരെ അവിടെ കുടിയിരുത്തുകയും തദ്ദേശീയരുടെ ഇഷ്ടത്തിന്നു വിരുദ്ധമായും മാണ്ടെറ്റിന്നു എതിരായും കരാറുകൾ ലംഘിച്ചുകൊണ്ടും ദ്രോഹങ്ങൾക്ക് മേൽ ദ്രോഹവും അക്രമങ്ങൾക്കു മേൽ അക്രമവും അഴിച്ചുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ എന്തു ന്യായീകരണമാണ് പറയാനുണ്ടാവുക? ഇംഗ്ലീഷ് ജനത ഇതിൽ വലുതായ ഭാഗം അഭിനയിച്ചിട്ടുണ്ട്. ആകയാൽ, ഇതിന്റെ ഉത്തരവാദികളായി ഇംഗ്ലീഷുകാർ എന്നും എണ്ണപ്പെടുന്നതാണ്. എന്നാൽ മുഴുവൻ ഇംഗ്ലീഷുകാരും ഇതിൽ തുടക്കത്തിൽ പങ്കുകാരായിരുന്നിട്ടില്ലെന്നും ഓർക്കേണ്ടതുണ്ട്.

## ബ്രിട്ടന്റെ ഉത്തരവാദിത്തം

1914 മുതൽ 1918, 19, 20 കൊല്ലങ്ങളിൽ ഇംഗ്ലണ്ട് നടത്തിയ പരിശ്രമങ്ങൾ മനസ്സിലാക്കുമ്പോൾ മുസ്‌ലിംകൾ വലുതായ അലംഭാവം കാണിച്ചിരുന്നതായി തെളിയുന്നതാണ്. യഹൂദികൾ നാനാഭാഗങ്ങളിലും ഗൂഢപ്രവർത്തനങ്ങളുടെ വലയെറിഞ്ഞിട്ടുണ്ടായിരുന്നു. പ്രഭാവശാലികളായ വ്യക്തികളിൽ അവർ സ്വാധീനം ഉറപ്പിച്ചിട്ടുണ്ടായിരുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ചേടത്തോളം മുസ്‌ലിംകൾ ശ്രദ്ധിച്ചതേയില്ല. ബെയ്ൽ ഫോറിന് ശേഷം വിദേശകാര്യമന്ത്രിയായ കർസൺ പ്രഭൂ മുസ്‌ലിംകളെ ശക്തിമത്തായി പിന്താങ്ങിയ ആളായിരുന്നു. അദ്ദേഹം വളരെ അത്ഭുതകരമായ പല കാര്യങ്ങളും വെളിപ്പെടുത്തീട്ടുണ്ട്. ഒരു ഭാഗത്ത് യഹൂദർ ഗൂഡാലോചനകളുടെ വല വീശിയിരിക്കുന്നു. അവർ തങ്ങളുടെ ലക്ഷ്യം നേടാൻ

കൊണ്ടുപിടിച്ചു ശ്രമിച്ചുകൊണ്ടിരിക്കുന്നു. അറബികളാകട്ടെ, താക്കോൽ തുളയിലൂടെ എന്താണ് സംഭവിക്കുന്നതെന്ന് അകലെ നിന്ന് നോക്കിക്കാണുന്നു. അകത്തു കടക്കാൻ അവർക്കനുവാദമില്ല. എന്തു നടക്കുന്നു എന്നതിനെപറ്റി ബോധം തന്നെയില്ലായിരുന്നു. ഏതായാലും ഇംഗ്ലീഷ് ജനത മുഴുവനും ഈ ഗൂഢാലോചനയിൽ പങ്കെടുത്തിട്ടുണ്ടെന്ന് കരുതുന്നത് ശരിയല്ല. കഴ്സൺ പ്രഭു വളരെ ശക്തിമത്തായ നിലയിൽ ഈ പദ്ധതിയെ എതിർത്തിട്ടുണ്ടായിരുന്നു. ഈ സംഗതി – ഇസ്രായേലിന്റെ സ്ഥാപനോദ്ദേശ്യങ്ങൾ നല്ലപോലെ മനസ്സിലാക്കിയ ആളായിരുന്നു അദ്ദേഹം. അദ്ദേ ഹം ഇപ്രകാരം എഴുതുന്നു:

"ഫലസ്തീൻ ഭൂമിയുമായുള്ള ഇസ്രായേലിന്റെ ചരിത്രപരമായ ബന്ധം ഞാൻ അംഗീകരിക്കണമെന്നു ആവശ്യപ്പെട്ടു അടിക്കടിയായി എന്നിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, എനിയ്ക്കറിയാം ഇതു വളരെ ആഴമേറിയ ഒരു ഗൂഢാലോചനയാണെന്നു; എത്രയും ആപൽക്കരമായ ഒരു ഗൂഢാലോചനയാണെ ന്നു; ദൂരവ്യാപകവും ശാശ്വതികവുമായ സ്വാധീനഫലങ്ങൾ ഉളവാക്കുന്ന ഒരു ഗൂഢാലോചന്യാണെന്ന്. ഒരിക്കൽ ഞാനിതു സമ്മതിച്ചാൽ യഹൂദികളെ തടയാനും അവരെ നിയന്ത്രിക്കാനും നമ്മുടെ പക്കൽ യാതൊരു ന്യായവും ഉണ്ടാകയില്ല. തങ്ങളുടെ സകല പൂർവ്വചരിത്രങ്ങളും പുനരുദ്ധരിച്ചുകൊണ്ട് അവർ പറയും, തങ്ങൾ അവിടെ ഇന്നതൊക്കെ ചെയ്തിട്ടുണ്ടെന്നും ആകയാൽ, ഇന്നു തങ്ങൾക്ക് ഇന്നതൊക്കെ ചെയ്യാൻ അവകാശ മുണ്ടെന്നും."

അവസാനം വരെ അദ്ദേഹം അക്കാര്യത്തിൽ എതിർഭാവം പുലർത്തി. അവർക്കെതിരിൽ തന്നാലാവുന്ന എല്ലാ ശ്രമങ്ങളും അദ്ദേഹം ചെയ്തു. എന്നാൽ, ലോയിഡ് ജോർജിന്റെ കാബിനറ്റ് അംഗങ്ങൾ തന്നെ യഹൂദികളുടെ പ്രഭാവത്തിന്നു വശപ്പെട്ടു പോയി. ഒടുവിൽ, അദ്ദേഹം ഈ പ്രശ്നം പാർലമെന്റിൽ പാസ്സാക്കിയെടു

* Dr. Chalm Weizmann. (ഡോ. ഹെയിം വീസ്മാൻ) 1874–1952 സിയോണിസ്റ്റ് നേതാവായ ഇദ്ദേഹമാണ് ഒന്നാമത്തെ ഇസ്രായീൽ പ്രസിഡണ്ട്

ത്തു. യഹൂദികൾക്ക് ഫലസ്തീനിൽ ചരിത്രപരമായ ഒരവകാശമുള്ളതു കൊണ്ട് അവരെ പലസ്തീനിൽ വീണ്ടും നിലയുറപ്പിക്കേണമെന്ന് അവർ വാദിച്ചു. ചരിത്രപരമായ ബന്ധം Historical Connection എന്ന വാക്കുകളെയാണ് കഴ്സൺ പ്രഭു വളരെ കർക്കശമായ ഭാഷയിൽ ആക്ഷേപിച്ചിരുന്നത്*, അതിനാൽ, വളരെ സമർത്ഥമായി ആ വാക്ക് മാറ്റുകയും ചരിത്രപരമായ ബന്ധത്തിന്നു പകരം ചിലതു കൂട്ടിച്ചേർക്കുകയും ചെയ്തു. അതു നിങ്ങളെ വായിച്ചു കേൾപ്പിക്കാൻ എനിയ്ക്കിപ്പോൾ സാധ്യമല്ല. നിങ്ങൾ ഇതു വായിക്കുമ്പോൾ അത്ഭുതപരതന്ത്രരായിത്തീരും. യഹൂദരുടെ സകലലക്ഷ്യങ്ങളും പൂർത്തീകരിക്കാൻ കഴിയുമാറുള്ള വളരെ ഗൂഢതന്ത്രപരമായ ഭാഷയാണ് ഇവിടെ ഉപയോഗിക്കപ്പെട്ടത്.

പിന്നീടുള്ള ഭാഗം, ഇതു പ്രഭുസഭയിൽ അവതരിപ്പിച്ചപ്പോൾ പ്രഭുസഭാംഗങ്ങൾ അതിനെ എതിർത്തു. നീതി അവർ ഉയർത്തിക്കാട്ടി എന്നു മാത്രമല്ല, രാഷ്ട്രത്തെയാകെ ഇക്കാര്യത്തിൽ അവർ താക്കീതു ചെയ്യുകയുമുണ്ടായി. ഈ നീക്കം ഉപേക്ഷിക്കണമെന്നും എത്രയും ആപൽക്കരമായ ഒരു അക്രമനടപടിയാണിതെന്നും ദൂരവ്യാപകവും എത്രയോ കാലത്തേയ്ക്ക് നിലനിൽക്കുന്നതുമായ ദുഷ്ടഫലങ്ങൾ ഇതു പുറപ്പെടുവിച്ചുകൊണ്ടിരിക്കുമെന്നും ഇതിന്റെ ദോഷഫലങ്ങൾ എന്നെങ്കിലും അവസാനിക്കുമെന്നു പറയാനാവില്ലെന്നും അവർ പറഞ്ഞു. അങ്ങനെ പ്രഭുസഭ ഈ നിർദ്ദേശത്തെ തള്ളിക്കളയുക തന്നെ ചെയ്തു. പിന്നീട് കോമൺസ് സഭയിൽ ബിൽ വീണ്ടും അവതരിപ്പിച്ചു പാസ്സാക്കിയെടുക്കുകയാണു ചെയ്തത്. പ്രഭു സഭയിലെ ഒരംഗമായ സിഡ്നെം പ്രഭു (Lord Sdennem) ബെയ്ൽ ഫോറിന്ന് മറുപടി നൽകിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

"........... The harm done by dumping down an alien population upon an Arab country, Arabs all around in the hiatrer land may never by remedied... What we have done is no concessions, net to the jewish people but to a Zionist extreme section, to start a running sore in vast and no one can lell how far that sore will extent"*

'.... അപരിചിതരായ ഒരു ജനവിഭാഗത്തെ ചുറ്റും അറബികൾ മാത്രം താമസിക്കുന്ന ഒരു അറബ് രാജ്യത്ത് കൊണ്ടുപോയി നിറച്ചുകൊണ്ട് ചെയ്തുവച്ചിട്ടുള്ള ഈ ദ്രോഹം ഒരിക്കലും പരിഹരിക്കാനാകാത്തതാണ്. – ജൂത ജനതയ്ക്കല്ല, സിയോണിസ്റ്റ് തീവ്രവാദികൾക്കാണ് നാം ഈ ആനുകൂല്യം ചെയ്തുകൊടുത്തിട്ടുള്ളത്. പൗരസ്ത്യദേശത്ത് ഇതുവഴി ഉണ്ടാക്കിവച്ച വ്രണം എത്രത്തോളം വ്യാപകവും ഉണങ്ങാതെ നിൽക്കുന്നതുമാണെന്ന് ആർക്കും പറയാനാകയില്ല"*

## വുഡ്രോവിൽസന്റെ നീതിതത്വം

ചുരുക്കത്തിൽ, ഇംഗ്ലീഷു വംശജരിൽ ആ നീതിബോധം അന്നും ഉണ്ടായിരുന്നു. ഇന്നും ഉണ്ട്. ഇന്നും അവരിൽപ്പെട്ട ദീർഘദർശിത്വമുള്ളവർ ഈ പ്രശ്നത്തെപ്പറ്റി വളരെ ധീരവും സത്യസന്ധവുമായ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ, ഞാൻ വ്യക്തമാക്കിട്ടുള്ളതു പോലെ ഈ ഗൂഢാലോചന വളരെ അഗാധവും വ്യാപകവുമാകുന്നു.

ഇന്നു അമേരിക്ക ഈ യുദ്ധത്തിന്റെ ഉത്തരവാദിയാണ്. എന്നാൽ, പഴയകാലത്ത് അമേരിക്കക്കാരിലും നീതിബോധമുള്ളവർ ഉണ്ടായിരുന്നു. പ്രസിഡണ്ട് വുഡ്രോ വിൽസൺ 1918ൽ മുന്നോട്ടുവച്ച തത്വങ്ങൾ നീതിയുടെ അടിസ്ഥാനത്തിലുള്ളതായിരുന്നു. അദ്ദേഹം പറഞ്ഞു: ഏതെങ്കിലും ഒരു പ്രദേശത്തെക്കുറിച്ച് എന്തെങ്കിലും ഒരു തീരുമാനമെടുക്കുമ്പോൾ ആ പ്രദേശത്തെ ഭൂരിപക്ഷം ജനങ്ങൾക്കാണ് അവിടത്തെ സംബന്ധിച്ചേടത്തോളം തീരുമാനങ്ങളെടുക്കാനുള്ള ആദ്യത്തെ അവകാശമുള്ളതെന്ന തത്വത്തെ അമേരിക്ക ഉയർത്തിപ്പിടിക്കുന്നതാണെന്നും അതിൽ യാതൊരു മാറ്റവും വിട്ടുവീഴ്ചയും വരുത്തുന്നതിനെ അനുവദിക്കുന്നതല്ലെന്നും, അവർ അനുകൂലിക്കുന്നില്ലെങ്കിൽ അത്തരം ഒരു തീരുമാനം അവരിൽ അടിച്ചേൽപിക്കുവാൻ ഭൂമിയിൽ ആർക്കും അധികാരമുണ്ടായിരിക്കുകയില്ല. അന്നു അമേരിക്ക 'കിങ്ങ് ക്രെയിൻ കമ്മീഷനെ (King Crane Commission) നിയോഗിച്ചു. 1919ൽ ഈ കമ്മീഷൻ വളരെ വിശദവും നീതിയുക്തവുമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അവർ പറഞ്ഞു: 'വളരെയേറെ ശക്തി ചെലുത്താതെയും വലുതായ രക്തച്ചൊരിച്ചിൽ കൂടാതെയും ഇസ്രായേലിനെ അവിടെ പ്രതിഷ്ഠിക്കാൻ സാദ്ധ്യമല്ല. രണ്ടായിരം കൊല്ലം മുമ്പ് അവർ പാർത്തുപോന്നിരുന്നുവെന്ന അടിസ്ഥാനത്തിൽ എന്തിനാണ് ഇപ്രകാരം ചെയ്യാൻ തുനിയുന്നത്?' അവർ എഴുതുന്നു:

"ഈ ന്യായവാദം അംഗീകരിക്കുകയാണെങ്കിൽ പിന്നെ ഈ ലോകത്ത് നിന്നു ന്യായവും നീതിയുമെല്ലാം എടുത്തെറിയപ്പെടുന്നതാണ്. പരിഗണിക്കാൻ കൊള്ളാത്തവിധം ബലഹീനമായ ന്യായവാദം ആണിത്."

അക്കാലം എവിടെ? ഇക്കാലം എവിടെ? അമേരിക്കൻ സാമ്രാജ്യശക്തി മുഴുവനും ഇന്നു യഹൂദരുടെ കൈകളിൽ പാവതുള്ളുകയാണ്. നയമില്ല, ന്യായമില്ല, ധർമ്മമില്ല ഒന്നും ബാക്കിയില്ല. മുസ്‌ലിംകളുടെ തെറ്റ് ഇതാണ്: തങ്ങളുടെ ലക്ഷ്യം നേടുന്നതിന്ന് ജാഗ്രത കാണിച്ചില്ല. ഈ ചുറ്റുപാടിൽ യഹൂദർ തങ്ങളുടെ പ്രഭാവം പരത്താൻ ശ്രമിക്കുന്നതിനോടൊപ്പം അവരും തങ്ങളുടെ സ്വാധീനം ഉറപ്പിൻ ശ്രമിക്കേണ്ടതായിരുന്നു. എന്നാൽ, വാഗ്ദത്ത മസീഹിനെ നിരാകരിച്ചതിനുശേഷം മുതൽ സമുദായത്തെ ആകമാനം ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും ജീവനുള്ള ഒരു ശരീരം കണക്കെ ബുദ്ധിയും ഹൃദയവും ഇണക്കിച്ചേർത്തു മുന്നോട്ടുകൊണ്ടുപോകുന്നതിന്നും അവർ ക്ക് ഒരു നേതാവില്ലാതായിരിക്കുകയാണ്.

(തുടരും)

* The Origins and Evolution of the Palestine Problem P. 28

* The Origins and Evolution of the Palestine Problem, 1917-1988. P. 129, published by U.N.O.

ലേഖനം

# റമദാൻ - 'ഇബാദത്തു'കളുടെ വസന്തകാലം

മുഹമ്മദ് ഉമർ എച്ച്.എ.

**മനുഷ്യന്റെ ആത്മാവിന് ദിവ്യദർശന ശക്തി വർദ്ധിപ്പിക്കുന്ന പരിശുദ്ധ റമദാൻ മാസം ഇതാ സമാഗതമായിരിക്കുന്നു.**

ആരംഭഘട്ടത്തിൽ റഹ്മത്തും (ദൈവകാരുണ്യവും) മദ്ധ്യഘട്ടത്തിൽ മഗ്ഫിറത്തും (പാപപ്പൊറുതിയും) അവസാനഘട്ടത്തിൽ നരകത്തിൽ നിന്നുള്ള മോചനവും വിധിക്കപ്പെട്ട ആത്മീയപൂങ്കാവനത്തിലെ വസന്തകാലമായ റമദാൻ പുണ്യമാസം ഇതാ നമ്മുടെ ജീവിതത്തിൽ വീണ്ടും സമാഗതമായിരിക്കുന്നു. ഈ പുണ്യമാസത്തെ വ്രതാനുഷ്ഠാനം, ദിക്റെ ഇലാഹി, ഖുർആൻ പാരായണം, തറാവീഹ്, തഹജ്ജുദു എന്നീ ഐച്ഛിക നമസ്കാരങ്ങൾ എന്നിവ വഴി അലംകൃതമാക്കാനും ഈ പുണ്യമാസത്തെ തങ്ങളാലാവുംവിധം പ്രയോജനപ്രദമാക്കുവാനുമുള്ള സൗഭാഗ്യം അല്ലാഹു തന്നനുഗ്രഹിക്കുമാറാകട്ടെ.

## വിശുദ്ധ ഖുർആൻ

ഈ പുണ്യമാസത്തിൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളെക്കുറിച്ചു വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു: *"വിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നി ങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നും സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുകയും സൂക്ഷ്മത കൈവരിക്കുകയും ചെയ്യുന്നതിന്നും വേണ്ടി.*

*"(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിതദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന്നു കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ടു വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ."*

*സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ടു നിങ്ങളിലാരെങ്കിലും ഈ മാസത്തിന്നുസാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിആവുകയോ, യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്കു എളുപ്പത്തെയാണുദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്കു പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിന്നും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന്ന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിന്നും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിന്നും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് നിന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം നിശ്ചയമായും ഞാൻ സമീപസ്തനാകുന്നു (എന്നു പറയുക) പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ടു അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ സന്മാർഗ്ഗം പ്രാപിക്കുകയും ചെയ്യുന്നതിന്നു വേണ്ടി (2:184-187).*

പ്രസ്തുത തിരുവചനങ്ങൾ വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്കു വെളിച്ചം വീശുന്നു.

1. ദൈവം നിശ്ചയിച്ച ഓരോ കല്പനയിലും അതിന്റെതായ കാര്യകാരണവും തത്വജ്ഞാനവും അടങ്ങിയിരിക്കുന്നു. വ്രതാനുഷ്ഠാനം കൊ

ണ്ടുള്ള ഉദ്ദേശ്യം മനുഷ്യൻ ശാരീരികമായും ധാർമ്മികമായും ആത്മീയമായും സൂക്ഷ്മത കൈവരിക്കുകയാണ്. അതിന്നുള്ള പരിശീലനകാലഘട്ടമാണ് (training period) ഈ റമദാൻ മാസക്കാലം. ഒരുമാസക്കാലം അതിന്നുള്ള പരിശീലനം രാപ്പകൽ ലഭിച്ചതിന്നുശേഷം നോമ്പനുഷ്ഠിച്ച ആൾ ഒരു മുത്തഖിയായി - ദൈവഭക്തനായി - സൂക്ഷ്മത കൈവരിച്ച ആളായി പുറത്തു വരുന്നു.

2. ഈ മാസത്തിൽ രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രതമനുഷ്ഠിക്കരുത്. പിന്നീട് എത്ര നോമ്പുകളാണോ ഉപേക്ഷിക്കേണ്ടിവന്നത് അത്രയും നോമ്പുകൾ നോറ്റു വീട്ടേണ്ടതാണ്.

3. *"ഫമൻ തതവഅ: ഖൈറൻ ഫഹുവ ഖൈറുൻ ലഹു"* എന്ന ആയത്തിന്നു രണ്ടർത്ഥങ്ങളാണുള്ളത്. നിങ്ങളിൽ ആരെങ്കിലും നഫൽ ആയിട്ടു (ഐച്ഛികമായി) നന്മ ചെയ്യുകയാണെങ്കിൽ അതു അയാൾ ക്ക് പുണ്യം തരുന്നതായിരിക്കും. ഫർദ് (കടമ) ചെയ്യപ്പെട്ടതിന്നുശേഷമാണ് ഐച്ഛികമായ കാര്യങ്ങൾ ചെയ്യപ്പെടേണ്ടത്. ഫർദിന്നു (കടമക്കു) പകരമായി നഫൽ അനുഷ്ഠിക്കുക എന്നത് നന്മയാകുന്നില്ല.

രണ്ടാമത്തെ അർത്ഥം അനുസരണബോധത്തോടുകൂടി ആരാണോ നന്മചെയ്യുന്നത്. അതു അവർക്ക് പുണ്യം തരുന്നതായിരിക്കും. അതായത് നന്മ എന്നുള്ളത് അനുസരണത്തിൽ അധിഷ്ഠിതമായ പുണ്യകർമ്മമാണ്. റമദാൻ മാസത്തിൽ രോഗിയോ, യാത്രക്കാരനോ ആയ ആൾ നോമ്പനുഷ്ഠിക്കുന്നത് പുണ്യകർമ്മമാകുന്നില്ല. ഇത് അല്ലാഹു തന്ന അനുവാദത്തെയും അനുഗ്രഹത്തേയും തിരസ്കരിക്കലാണ്. നന്മയെന്നത് അനുസരണത്തിന്റെ പേരാണ്. ബലാല്ക്കാരമായി നന്മ ചെയ്തുകൊണ്ടു അല്ലാഹുവിനോടു ധിക്കാരം കാണിക്കലല്ല.

4. വ്രതാനുഷ്ഠാനവും വിശുദ്ധ ഖുർആനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കാരണം വിശുദ്ധ ഖുർആന്റെ അവതരണം ആ മാസവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. അതുകൊണ്ട് ആ മാസത്തിൽ ഖുർആൻ പാരായണം, ഖുർആൻ ക്ലാസ്സ് എന്നീ കാര്യങ്ങളിൽ അതീവ ശ്രദ്ധ കാണിക്കേണ്ടതാണ്.

5. അതേപ്രകാരം വ്രതാനുഷ്ഠാനവും പ്രാർത്ഥനയും പരസ്പരം ബന്ധിതങ്ങളായ ആരാധനകളാണ്. പ്രാർത്ഥനകൾ ഏറ്റവും അധികം സ്വീകാര്യമാകുന്ന പുണ്യമായ മാസമാണിതെന്നത് കൊണ്ടാണ് വിശുദ്ധ ഖുർആൻ വ്രതാനുഷ്ഠാനത്തെക്കുറിച്ച് പ്രതിപാദിച്ച ഉടനെ പ്രാർത്ഥനയെക്കുറിച്ചു സൂചിപ്പിക്കുന്നത്.

ഹദീസ്: റമദാൻ മാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഹദ്റത്ത് നബികരിം(സ) തിരുമേനിയുടെ ഒരു പ്രഭാഷണം ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) ഇപ്രകാരം നിവേദനം ചെയ്യുന്നു:

ഹദ്റത്ത് നബികരിം(സ) ശഅ്ബാൻ അവസാനത്തിൽ ഞങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"അല്ലയോ ജനങ്ങളേ! അനുഗൃഹീതവും മഹത്വമേറിയതുമായ ഒരു മാസം ഇതാ നിങ്ങൾക്കു തണലേകുവാൻ ഉദയമാകുകയാണ്? ആ മാസത്തിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. ആ മാസത്തിൽ നോമ്പനുഷ്ഠിക്കുന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ആ മാസത്തിലെ രാവുകളിൽ ഐച്ഛികമായ (നഫൽ ആയ) ഇബാദത്തുകളും നിശ്ചയിച്ചിരിക്കുന്നു. ആ മാസത്തിൽ ചെയ്യപ്പെടുന്ന ഐച്ഛികമായ ആരാധനകൾക്കും സാധാരണ ദിവസങ്ങളിൽ ചെയ്യപ്പെടുന്ന ഫർദായ (നിർബന്ധമായ) ആരാധനകൾക്കും എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അത് ക്ഷമയുടെയും സഹനത്തിന്റെയും മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാണ്. അത് സഹതാപത്തിന്റെയും സഹാനുഭൂതിയുടെയും മാസമാണ്. (അതായത് പാവപ്പെട്ടവന്റെ വിശപ്പിന്റെ കാഠിന്യം അറിയുന്ന മാസമാണ്. വിശ്വാസികളുടെ റിസ്ഖ് (ആഹാരാദികൾ) വർദ്ധിക്കപ്പെടുന്ന മാസമാണ്. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച ആളുടെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അത് അയാളുടെ പാപപ്പൊറുതിക്കും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിന്നും കാരണമായിത്തീരുന്നു. മാത്രമല്ല, നോമ്പുകാരന്റെ അത്ര തന്നെ പ്രതിഫലം അയാൾക്കു ലഭിക്കുന്നതാണ്. എ ന്നാൽ നോമ്പ് തുറപ്പിക്കുന്ന ആളുടെ പ്രതിഫലത്തിൽ ഒരു കുറവും ഉണ്ടാകുന്നതുമല്ല. അപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ തിരുദൂതരേ, ഞങ്ങളിൽ ആർക്കും തന്നെ ഇപ്രകാരം നോമ്പ് തുറപ്പിക്കുവാനുള്ള കഴിവില്ലല്ലോ. അതിന്നു പ്രത്യുത്തരമായി ഹദ്റത്ത് റസൂൽ കരിം (സ) അരുൾ ചെയ്തു, നിങ്ങളിൽ ആരെങ്കിലും ഒരു കവിൾ പാലോ ഒരു കാരക്കയോ അല്ലെങ്കിൽ ഒരിറക്ക് വെള്ളമോ കൊടുക്കുകയാണെങ്കിലും അല്ലാഹു അയാൾക്ക് അതിന്നുള്ള പ്രതിഫലം നൽകുന്നതാണ്.

എന്നാൽ ഏതൊരാൾ നോമ്പനുഷ്ഠിക്കുന്ന ആൾക്ക് സുഭിക്ഷമായ നിലയിൽ വയറുനിറയെ ഭക്ഷണം കൊടുക്കുന്നുവോ, ആ ആൾക്ക് അല്ലാഹു ഹൗളുൽ കൌസറിൽ നിന്നും ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ള ആൾക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതുവരെ ദാഹമുണ്ടായിരിക്കുന്നതല്ല. ആ മാസത്തിന്റെ ആദ്യഘട്ടം പാപപ്പൊറുതിയും അവസാനം നരകത്തിൽ നിന്നുള്ള മോചനവും ആയിരിക്കും. (മിശ്കാത്തുൽ മസ്വാബീഹ്)

## ഹദ്റത്ത് വാഗ്ദത്ത മസീഹ്

വ്രതാനുഷ്ഠാനത്തിന്റെ മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് കാലത്തിന്റെ ഇമാമായ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് ഇപ്രകാരം അരുൾ ചെയ്യുന്നു:

"കുറഞ്ഞ ഭക്ഷണവും വിശപ്പും സഹനവും ഹൃദയപരിശുദ്ധിക്ക് വളരെ ആവശ്യമാണ്. ഇതിനാൽ ദിവ്യ ദർശനശക്തി വർദ്ധിക്കുന്നു. മനുഷ്യൻ വെറും ആഹാരം കൊണ്ടു

മാത്രം ജീവിക്കുന്നില്ല. ശാശ്വതവും നിരന്തരവും ആയ ജീവിതത്തെക്കുറിച്ചുള്ള ചിന്ത തീരെ ഉപേക്ഷിക്കുന്നത് തങ്ങളുടെ മേൽ ദൈവശാപം ഇറങ്ങുന്നതിന്നുള്ള നിമിത്തമായിത്തീരുന്നതാണ്. എന്നാൽ വ്രതാനുഷ്ഠാനം കൊണ്ട് വെറും വിശപ്പും ദാഹവും സഹിച്ചിരിക്കുകയാണുദ്ദേശ്യമെന്ന് നോമ്പനുഷ്ഠിക്കുന്ന ആൾ കരുതരുത്. മറിച്ച്, ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ഹദ്റത്ത് നബി കരിം(സ) റമദാൻ മാസത്തിൽ ധാരാളം ഇബാദത്തുകൾ ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണ പാനീയങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ചുകൊണ്ട് അല്ലാഹുവിങ്കലേക്കുള്ള സമർപ്പണത്തിൽ ലയിച്ചിരിക്കേണ്ടതാണ്. ഭൗതികമായ ആഹാരം ലഭിച്ച മനുഷ്യൻ ആത്മീയാഹാരത്തെക്കുറിച്ചു അശ്രദ്ധ കാണിക്കുന്നത് ദൗർഭാഗ്യമാണ്. ഭൗതികാഹാരം കൊണ്ട് ശരീരത്തിന്ന് ശക്തി ലഭിക്കുന്നത് പോലെ ആത്മീയാഹാരം ആത്മാവിന്നു ശക്തി പകർന്നുകൊടുക്കുന്നു. അതിന്റെ ഫലമായി ആത്മീയശക്തി തീവ്രത പ്രാപിക്കുന്നു. അതുകൊണ്ട് അല്ലാഹുവിങ്കൽ നിന്നു വിജയം കരസ്ഥമാക്കാൻ ശ്രമിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൌഫീഖ് ഉണ്ടെങ്കിൽ മാത്രമെ തുറക്കപ്പെടുകയുള്ളൂ.

(ബദർ 18-1-1907)

അല്ലാഹു നമുക്കെല്ലാം ഈ അനുഗൃഹീതമാസത്തിൽ നിന്നും അധികമധികം ദിവ്യാനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിന്നുള്ള മഹാഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

●

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

പോലൊരു അദ്ധ്യായവും തൗറാത്തിലോ ഇഞ്ചീലിലോ മറ്റ് പ്രവാചകന്മാരുടെ ഏടുകളിലോ കാണുന്നില്ല എന്നുമാണ് ചില ഉലമാക്കൾ പറയുന്നത്. അതിലെ ഓരോ വചനത്തിന്റേയും പാരായണം വിശുദ്ധ ഖുർആന്റെ ഏഴിലൊന്ന് പാരായണത്തിന് സമമായതുകൊണ്ടാണ് മഥാ നി എന്ന് വിളിക്കുന്നതെന്ന് ചിലർ കരുതുന്നു. നരകത്തിന്റെ ഏഴ് കവാടങ്ങളെക്കുറിച്ച് അത് സൂചിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അതിന് അസ്സബഉൽ മഥാനി എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത് എന്നും പറയപ്പെട്ടിട്ടുണ്ട്. അവയിലെ ഓരോ കവാടത്തിനും ഈ അദ്ധ്യായത്തിന്റെ ഒരുഭാഗം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അത് പരമകാരുണികനായ ദൈവത്തിന്റെ കല്പനയാൽ നരകത്തിന്റെ തീപ്പാളികളെ അകറ്റുന്നു. അതുകൊണ്ട് ആരാണോ നരകത്തിന്റെ ഈ ഏഴ് കവാടങ്ങളിൽ നിന്ന് സുരക്ഷിതനാകാൻ ആഗ്രഹിക്കുന്നത്, ഈ അദ്ധ്യായത്തിന്റെ ഏഴ് വചനങ്ങളുടേയും കോട്ടയ്ക്കുള്ളിൽ പ്രവേശിക്കേണ്ടത് അവന് നിർബന്ധമാണ്. അതുമായി സ്നേഹബന്ധം പുലർത്തേണ്ടതാണ്. അതനുസരിച്ച് കർമ്മങ്ങളനുഷ്ഠിക്കാൻ സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് ദൃഢനിശ്ചയം തേടേണ്ടതാണ്. കർമ്മങ്ങളും വിശ്വാസങ്ങളുമായ സ്വഭാവങ്ങളൊക്കെത്തന്നെയാണ് മനുഷ്യനെ നരകത്തിലിടുന്നത്. അടിസ്ഥാനപരമായിട്ടുള്ള ഏഴ് നാശകരമായ കാര്യങ്ങളാണവ. അതിനാൽ ഏഴ് വചനങ്ങൾ ആ നാശകരമായ കാര്യങ്ങളുടെ കാഠിന്യത്തെ പ്രതിരോധിക്കുന്നു.

ഹദീസുകളിൽ ഈ അദ്ധ്യായത്തിന് വേറേയും പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ദൈവികരഹസ്യങ്ങളുടെ ഭണ്ഡാരമായതിനാൽ നിനക്ക് ഇത്രമാത്രം വിവരണം മതിയായതാണ്. ഇതിനുപുറമെ ഈ അദ്ധ്യായത്തിന്റെ വചനങ്ങൾ ഏഴ് എന്ന സംഖ്യയിൽ ക്ലിപ്തമാക്കിയിരിക്കുന്നത് തുടക്കത്തിന്റേയും ഒടുക്കത്തിന്റേയും കാലത്തെ സൂചിപ്പിക്കുന്നു. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്. അതിന്റെ ഏഴ് വചനങ്ങൾ ലോകത്തിന്റെ ആയുസ്സ് ഏഴായിരമാണെന്ന് സൂചിപ്പിക്കുന്നു. ഓരോ വചനവും ആയിരം വർഷത്തിന്റെ അവസ്ഥയിൽ അധിഷ്ഠിതമാണ്. മറ്റൊന്ന് അവസാനത്തെ ആയിരം വർഷം മാർഗ്ഗഭ്രംശത്തിൽ ഏറ്റവും വലുതായിരിക്കും. ഈ അദ്ധ്യായം ലോകാരംഭം മുതൽ പരലോകംവരെയുള്ള സ്മരണയ്ക്ക് ജാമ്യക്കാരനായി നില്ക്കുന്നു. ഈ സ്ഥാ നവും അവന്റെ വെളിപ്പെടുത്തലിനെ ആവശ്യപ്പെടുകയായിരുന്നു. (ഇഅ്ജാസുൽ മസീഹ്, 75,77).

**വിവർത്തനം :**

**മുഹമ്മദ് ഇസ്മായീൽ, എച്ച്.എ.)**


**OXYGEN, NITROGEN, ACETYLENE, HYDROGEN, CARBON DIOXIDE, ARGON GASES & ACCESSORIES**

**AHMED AGENCY**
KARUNAGAPPALLY, KOLLAM,
TEL : 0476 3299956,
MOB : 9388305654

**NAS INDUSTRIAL GAS AGENCY**
PARVOOR, ALLEPPY
TEL : 0477 3208669,
MOB : 9349442562



**MASS AGENCY**
KAYAMKULAM, ALLEPPY,
TEL - 0479 3294582,
MOB : 938791856

ലേഖനം

# സൂറാ ഫാത്തിഹ: അഗ്നിമയമായ സപ്തസൂക്തങ്ങൾ!

ഇജാസ്

## വിശുദ്ധ ഖുർആന്റെ ആമുഖമായ സൂറാഫാത്തിഹായിൽ ഖുർആനിലെ ജ്ഞാനരഹസ്യങ്ങൾ സംക്ഷേപിച്ചിരിക്കുന്നു

മഹത്തായ ഫാത്തിഹാ അദ്ധ്യായം പ്രപഞ്ചത്തിന്റെ അത്ഭുതകരമായ ആത്മീയ സംഗ്രഹമാണ്. അത് പ്രപഞ്ചനാഥന്റെ മഹത്വത്തിന്റെ പ്രകാശനവും ആത്മീയ ദൃഷ്ടിയുള്ളവർക്ക് തങ്ങളുടെ രക്ഷിതാവിനെ ദർശിക്കാനുള്ള കണ്ണാടിയുമാണ്. ഭൗതിക പ്രപഞ്ചത്തിന്റെ അടിയൊഴുക്കുകൾക്കപ്പുറമുള്ള തിരശ്ശീലകൾ അത് നീക്കിത്തരുന്നു. പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും ആരംഭാന്ത്യങ്ങളെക്കുറിച്ചുള്ള രഹസ്യനിലവറകൾ തുറക്കുന്ന അത്ഭുതമന്ത്രമാണത്.

വിശുദ്ധ ഖുർആന്റെ ഉൽഘാടനാദ്ധ്യായമാണ് ഈ സപ്തസൂക്തങ്ങൾ. മുസ്‌ലിംകൾ ദിവസവും നിസ്കാരത്തിലും അല്ലാതെയും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രാർഥനയും വിശുദ്ധ ഖുർആന്റെ സാരാംശവുമാണ് ഇതെന്നത് സുവിദിതമാണ്. ഈ സൂക്തങ്ങളുടെ അതുല്യസ്ഥാനം ഓരോ മുസ്‌ലിമും മനസ്സിലാക്കുന്നു. അതോടൊപ്പം, അതിന്റെ പ്രാധാന്യം വിശുദ്ധ ഖുർആൻ തന്നെ ഈ വാക്കുകളിൽ അടിവരയിടുന്നുമുണ്ട്.

"പ്രവാചകരേ, സത്യമായും ആവർത്തിച്ചു ഓതപ്പെടുന്ന ഏഴു സൂക്തങ്ങളും മഹത്തായ ഖുർആനും നാം നിനക്ക് നൽകിയിരിക്കുന്നു." (15:88)

ഫാത്തിഹയുടെ മറഞ്ഞുകിടക്കുന്ന ആത്മീയരഹസ്യങ്ങൾ നമുക്കായി തുറന്നുതന്ന വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നത്, "ഫാത്തിഹ ദൈവികമായ നിഗൂഢതകളുടെ ഒരു നിധി സഞ്ചയമാണെ"ന്നാണ്. എന്നാൽ ഈ നിഗൂഢനിധികളെക്കുറിച്ചു ഇന്നത്തെ മുസൽമാന്മാർ അജ്ഞരാണ്. അതിന്റെ സ്വർഗീയ യാഥാർത്ഥ്യത്തെക്കുറിച്ചോ, അതിന്റെ രഹസ്യനിലവറകളെക്കുറിച്ചോ അവർക്കറിഞ്ഞുകൂടാ. ചില നിവാരണങ്ങളൊക്കെ അതിലുണ്ടെന്നുവന്നാലും ഉരുവിട്ടു തീർക്കാനുള്ള ഒന്നായിട്ടത്രേ ഈ സൂക്തത്തെ അവർ മനസ്സിലാക്കുന്നുള്ളൂ.

ഫാത്തിഹയുടെ സവിശേഷതകളിൽ ഊന്നിക്കൊണ്ടുള്ള നിരവധി പേരുകൾ ഈ അധ്യായത്തിന് നൽകപ്പെട്ടിട്ടുണ്ട്. 'ഫാത്തിഹത്തുൽ കിതാബ്' അഥവാ ഗ്രന്ഥത്തിന്റെ ആരംഭം എന്നതാണ് അതിലൊന്ന് – ഖുർആന്റെ ഗർഭഗൃഹം എന്ന അർത്ഥത്തിൽ 'ഉമ്മുൽ ഖുർആൻ' എന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മറ്റെല്ലാ പേരുകളിലും വെച്ചു ഏറ്റവും അറിയപ്പെടുന്നത്. 'അൽ ഫാത്തിഹ' എന്നതുതന്നെയാണ്. വാഗ്ദത്ത മസീഹ് (അ) പറയുകയാണ്:

"വിജയത്തെ വിശേഷിപ്പിക്കാനും 'ഫാത്തിഹ' എന്ന ശീർഷകം ഉപയോഗിക്കപ്പെടുന്നു. ഒരു വിശ്വാസിയെ അവന്റെ വിശ്വാസത്തിലും ഒരവിശ്വാസിയെ അവന്റെ അവിശ്വാസത്തിലും അതു സ്ഥിരീകരിക്കുന്നു. ഫാത്തിഹ ഹൃദയത്തെ തുറന്നിടുകയും മനസ്സിനെ വിശാലമാക്കുകയും ചെയ്യുന്നു. അതിനാൽ ആവർത്തിച്ചു അതു ഉരുവിട്ടുകൊണ്ടിരിക്കേണ്ടതാണ്. ഈ പ്രാർഥനാലാപനത്തിൽ ആഴത്തിലാഴത്തിൽ ചിന്തിക്കേണ്ടതും അത്യന്തം പ്രധാനമാണ്." – (അൽഹക്കം, 1900 ഡിസം. 24, പുറം 1,2).

### ഫാത്തിഹ ബൈബിളിൽ

ബൈബിളിൽ ഒരു പ്രവചനത്തിൽ 'ഫുത്തൂഹ' എന്ന ഹീബ്രു വാക്കിൽ ഇതേ പേരു തന്നെ പരാമർശിച്ചു കാണാം. വെളിപാടു പുസ്തകത്തിൽ നമുക്കിങ്ങനെ വായിക്കാവുന്നതാണ്:

"ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീരതൂണുപോലെയും ഉള്ളവൻ, അവന്റെ കയ്യിൽ തുറന്നൊരു പുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്ര

ത്തിന്മേലും ഇടങ്കാൽ ഭൂമിയിന്മേലും വെച്ചു സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു. ആർത്തപ്പോൾ ഏഴു ഇടികൾ അവയുടെ നാദം മുഴക്കി. ഏഴു ഇടിനാദം മുഴങ്ങിയപ്പോൾ ഞാൻ എഴുതാൻ ഭാവിച്ചു. അപ്പോൾ എന്നോടു കല്പിക്കുന്നതുപോലെ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു. ഏഴു ഇടിനാദങ്ങൾ ഏതാണോ ഉദ്ദേശിക്കപ്പെട്ടത്, അത് മുദ്രവെക്കുക. ഇപ്പോൾ എഴുതേണ്ടതില്ല. ഇതായിരുന്നു ആ ശബ്ദം." - (വെളിപാടു പുസ്തകം) 10:1, 2, 3, 4

ഏഴു ഇടിനാദങ്ങൾ ഫാത്തിഹയിലെ അഗ്നിമയമായ ഏഴു സൂക്തങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഫാത്തിഹ ഒരു നിശ്ചിതകാലം വരെ അടച്ചുവെക്കപ്പെട്ട ഒരു ഗ്രന്ഥം പോലെയാണെന്നും പിന്നീടത് തുറക്കപ്പെടുമെന്നുമുള്ള ദീർഘദർശനം ഇതിലടങ്ങുന്നു. യേശുവിന്റെ രണ്ടാം വരവിനെയാണ് ഈ പ്രവചനം സൂചിപ്പിക്കുന്നത് എന്നു ക്രൈസ്തവ പണ്ഡിതന്മാർ സൂചിപ്പിച്ചിട്ടുണ്ട്. യേശുവിന്റെ രണ്ടാമത്തെ ആവിർഭാവത്തെപ്പറ്റിയുള്ള പ്രവചനസുവിശേഷം തന്നിൽ പൂർത്തിയായിരിക്കുന്നുവെന്നാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചത്. യേശുവിനെ കുരിശിലേറ്റിയ കുറ്റവാളികളായ ജൂതന്മാരെപോലെ, യേശു ശാപമരണം തന്നെയാണ് വരിച്ചതെന്നു വിശ്വസിക്കുന്ന ആധുനിക ക്രിസ്ത്യാനികൾക്ക് യേശു രണ്ടാമനെ തിരിച്ചറിയാൻ കഴിയാത്തതുപോലെ അദ്ദേഹം കൈയ്യിലേന്തിയ ഏഴു വജ്രനിർഘോഷങ്ങളാൽ ആമുദ്രിതമായ ആ പുസ്തകവും കണ്ടെത്താനായില്ല.

വാഗ്ദത്ത മസീഹ്, അഥവാ യേശു രണ്ടാമൻ പുറത്തുകൊണ്ടുവന്ന ആ അഗ്നിമയമായ പുസ്തകം പ്രാർത്ഥനകളുടെ പാരമ്യവും കീർത്തനങ്ങളുടെ പരമകാംഷ്യയുമായ സൂറാ ഫാത്തിഹ തന്നെയാണ്. ദിവ്യജ്ഞാനനിക്ഷേപമായും (അൽകൻസ്), പ്രപഞ്ചനാഥനെക്കുറിച്ചുള്ള സ്തുതി കീർത്തനമായും (അൽഹംദ്) വിശേഷിപ്പിക്കപ്പെട്ടതേതോ ആ സ്വർഗീയ സൂക്തം! 'അൽ സബ്അൽ മസാനി' - സപ്തദ്വയം എന്നും ഫാത്തിഹയെക്കുറിച്ച് പറയപ്പെട്ടിട്ടുണ്ട്. ആ ശീർഷകത്തിനൊരു കാരണമായി വാഗ്ദത്ത് മസീഹ്(അ) പറയുന്നത്, രണ്ടു പകുതികൾ ചേർന്നുള്ള സപ്തവചനസമാഹാരമായതുകൊണ്ടാണെന്നാണ്. തന്റെ രക്ഷിതാവായ ദൈവത്തോടുള്ള ആരാധകന്റെ ഭക്ത്യാദരങ്ങളാണ് ആദ്യപകുതിയിലെങ്കിൽ, തന്റെ ഭക്തദാസന്മാരോടുള്ള ആദയാദായകന്റെ അനുഗ്രഹവായ്പുകളാണ് രണ്ടാമത്തെ പകുതിയിലുള്ളത്. മറ്റൊരു സൂക്തത്തിലും കണ്ടെത്താനാവാത്ത അനിതരസാധാരണമായ ആത്മീയ തത്വങ്ങളുടെ അക്ഷയശേഖരമായതുകൊണ്ട് 'മസാനി' - അദ്വിതീയം എന്നും അതിനെക്കുറിച്ച് പറയപ്പെട്ടിട്ടുണ്ട്. അതിലെ സൂക്തങ്ങളോരോന്നും ഏഴുവാതിലുകളുള്ള നരകത്തിന്റെ അഗ്നിജ്വാലകൾ ഒന്നൊന്നായി കെടുത്തിക്കളയാൻ പോന്നതിനാൽ ഏഴ് എന്ന അർത്ഥത്തിൽ 'സബ്അ' - സപ്തകം എന്നും വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഫാത്തിഹായെ ഉരുവിട്ടുതീർക്കാനുള്ള ഏഴു സൂക്തങ്ങൾ മാത്രമായി കാണുന്നവർക്ക് അതിന്റെ ആത്മീയമായ അത്ഭുതനിധിശേഖരം എങ്ങനെ തിരിച്ചറിയാനാണ്? വിശുദ്ധ ഖുർആനെത്തന്നെ വെറും കഥകളായി കാണുന്നവർക്ക്, സൂറത്തുകളെടുത്ത് നീട്ടിനിവർത്തി കഥകൾ വിളമ്പുന്നവർ അതിലടങ്ങിയ ദിവ്യജ്ഞാനങ്ങളുടെ നീരുറവകൾ എങ്ങനെ കണ്ടെത്താനാണ്?

## ഫാത്തിഹയുടെ അജയ്യത

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഫാത്തിഹയുടെ വ്യാഖ്യാനമായി അറബിഭാഷയിൽ മാത്രം രണ്ടു കൃതികൾ വിരചിച്ചിട്ടുണ്ട്. 'കറാമത്തുസ്സാദിഖീനും', 'ഇഅ്ജാസുൽ മസീഹും' ആണ് ആ ഉജ്ജ്വലഗ്രന്ഥങ്ങൾ. വാഗ്ദത്ത മസീഹിന് ഈ അധ്യായത്തോട് പ്രബലമായൊരു ആത്മബന്ധമുണ്ടായിരുന്നത്, ഇതു മഹത്തായ ജ്ഞാനവിജ്ഞാനങ്ങളുടെ സ്രോതസ്സായതുകൊണ്ടു മാത്രമല്ല, ഇതിലെ ജ്ഞാനഭണ്ഡാരം ലോകത്തിനു മുമ്പിൽ തുറന്നിടാൻ ദൈവത്താൽ നിയോഗിതനായ ആളെന്ന നിലയിലും കൂടിയായിരുന്നു. ഖാദിയായനിൽ നിന്നു പുറത്തുപോകുന്ന സന്ദർഭങ്ങളിൽ വാഗ്ദത്ത മസീഹ് (അ) വിശുദ്ധ ഖുർആൻ തുറന്നു ഫാത്തിഹ അടങ്ങിയപുറം അതീവശ്രദ്ധയോടെ മനനം ചെയ്തു ചിന്താമഗ്നനാകുന്നത് കാണാറുള്ളതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 'സിറാജുദ്ദീൻ' എന്ന ക്രിസ്ത്യാനിയുടെ നാലു ചോദ്യങ്ങൾക്കുള്ള മറുപടി'യിൽ, വിശുദ്ധ ഖുർആന്റെ അജയ്യത കാണിക്കാൻ സൂറാഫാത്തിഹയുടെ ഉദാഹരണം എടുത്തുകാട്ടിയാണ് വാഗ്ദത്ത മസീഹ് ക്രിസ്തീയ പാതിരിമാരെ വെല്ലുവിളിച്ചത്. ആ മഹാത്മാവ് പറഞ്ഞു:

"അത്ര തന്നെ വൈവിധ്യവും അത്ര തന്നെ അർത്ഥസമ്പത്തും അത്രയും അഗാധതയും ആത്മീയവും മതപരവുമായ ജ്ഞാനപ്രകാശനവും ഉള്ളടങ്ങിയ ഇപ്രകാരമുള്ള ഒരു അധ്യായം മോശെയുടെ ഗ്രന്ഥത്തിലോ യേശുവിന്റെ സുവിശേഷങ്ങളിലോ കണ്ടെത്താൻ ശ്രമിക്കുകയെന്നതുതന്നെ അർത്ഥശൂന്യമായിരിക്കും. അവതരണത്തിലുള്ള നൈസർഗ്ഗികത കൊണ്ടും ആന്തരീകമായ ഐകരൂപം കൊണ്ടും ആ വചനങ്ങൾ എത്രത്തോളം അന്യാദൃശമാണെന്നാൽ, തത്തുല്യമായവ ആജീവനാന്തം തിരഞ്ഞുനടന്നാൽ പോലും മറ്റെങ്ങും കണ്ടെത്താൻ നമുക്കാവില്ല. ഇതു വെറുമൊരു വീൺവാക്കല്ല, പൊള്ളയായ അവകാശവാദവുമല്ല. മറിച്ച്, ആത്മീയജ്ഞാനത്തിന്റെ യുക്തിയുക്തമായ ആവിഷ്കാരത്തിൽ തൗറാത്തിനോ ഇഞ്ചീലിനോ ഫാത്തിഹായുമായിപോലും മത്സരിക്കാനാവില്ലെന്നുള്ളതാണ് യാഥാർത്ഥ്യം" - (പുറം. 49)

ഇക്കാര്യത്തിൽ വിജയിക്കുകയാണെങ്കിൽ വാഗ്ദത്ത മസീഹ് 500 ക. പാരിതോഷികവും അവർക്ക് വാഗ്ദാനം ചെയ്തു. തങ്ങളുടെ എഴുപതിൽ കുറയാത്ത വിവിധ സുവിശേഷവ്യാഖ്യാനഗ്രന്ഥങ്ങൾ തന്നെ

ഇക്കാര്യത്തിൽ സഹായത്തിനെടുക്കാമെന്നും അദ്ദേഹം അവരോടു പറഞ്ഞു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാം ഖലീഫ (റ), പിന്നീട് ഈ തുക 5000/-ക യാക്കി വർദ്ധിപ്പിച്ചു. മൂന്നാം ഖലീഫ, ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റ:അ) ആകട്ടെ ഈ പാരിതോഷികം പത്തിരട്ടിയാക്കുകയും ഈ പോരിൽ എല്ലാ മതക്കാരെയും ക്ഷണിക്കുകയും ചെയ്തിട്ടുണ്ടെന്നു കൂടി ഓർക്കേണ്ടതുണ്ട്. (അൽഫസൽ, 1966 ഏപ്രിൽ 22)

വാഗ്ദത്ത മസീഹ് (അ) ഫാത്തിഹയെ വളരെ അർത്ഥവത്തായി കോട്ടയോടും ഒട്ടകത്തോടും വിളക്കിനോടും അധ്യാപകനോടും റോസാപ്പൂവിനോടുമൊക്കെ ഉപമിച്ചിട്ടുണ്ട്. ആ മഹാത്മാവ് എഴുതി: "ഫാത്തിഹ ഒരേസമയം ശക്തിമത്തായ ഒരു ദുർഗ്ഗവും പ്രോജ്ജ്വലമായ ഒരു ദീപവും ഒരധ്യാപകനും സഹായിയുമാണെന്നതാണ് സത്യം. ഒരു രാജ്യത്തിന്റെ അഖണ്ഡത ഉറപ്പുവരുത്താൻ അതിന്റെ അതിർത്തികൾ സംരക്ഷിക്കപ്പെടുന്നതുപോലെ ഖുർആന്റെ വിധിവിലക്കുകളെ പ്രക്ഷിപ്തങ്ങളിൽ നിന്നു ഫാ ത്തിഹ സംരക്ഷിക്കുന്നു. ഒരു യാത്രക്കാരനെ ഭുജിക്കാനും കുടിക്കാനും ഉടുക്കാനും ആവശ്യമായ എല്ലാ സജ്ജീകരണങ്ങളോടും കൂടി തന്റെ പ്രിയപ്പെട്ടവന്റെ രാജ്യത്തെത്തിക്കുന്ന ഒരു ഒട്ടകത്തോട് അതിനെ ഉപമിക്കാം. അല്ലെങ്കിൽ, നിരവധി അരുവികളുടെ സംഗമസ്ഥാനമോ, അതിശക്തമായ നീരൊഴുക്കോ പോലെ സമൃദ്ധമായി വെള്ളം നിറഞ്ഞുനില്ക്കുന്ന ഒരു ജലസംഭരണിയോടതിനെ ഉപമിക്കാം. മഹത്തായ ഈ സൂറയുടെ പ്രയോജനങ്ങളും ശ്രേഷ്ഠതകളും എണ്ണിക്കണക്കാക്കാവുന്നതല്ലെന്നു എനിക്ക് ഉറപ്പുണ്ട്. അതു എണ്ണിതിട്ടപെടുത്തുക എന്നതുതന്നെ മനുഷ്യന്റെ കഴിവിന്നപ്പുറത്താണ് - ഈ സംരംഭത്തിനായി ഒരാൾ തന്റെ ആയുസ്സ് മുഴുവൻ വ്യയം ചെയ്തെന്നു വന്നാൽ പോലും"!! (ഇഅ്ജാസുൽ മസീഹ്, പുറം 77, 78)

## ഫാത്തിഹയും റോസാപ്പൂവും

വാഗ്ദത്തമസീഹ് (അ) ഫാത്തിഹയെ ഹൃദയഹാരിയായ പനിനീർ പൂവിനോടും ഉപമിക്കുകയുണ്ടായി. ആകാരത്തിലും പ്രകൃതിയിലും നിറത്തിലും പരിമളത്തിലും ലാളിത്യത്തിലും പരിശുദ്ധിയിലും അതുമായി ഫാത്തിഹയ്ക്കുള്ള അലൗകികമായ ഒരടുപ്പം ദിവ്യദർശനങ്ങളിലൂടെ ആ മഹാത്മാവിന് ബോധ്യപെട്ടതായിരുന്നു. റോസാപുഷ്പത്തെ മനുഷ്യന്റെ ഏറ്റവും വലിയ സിദ്ധി വിശേഷത്തിനും സൃഷ്ടിച്ചെടുക്കാനാവില്ല. അതുപോലെതന്നെയാണ് ഫാത്തിഹയും. എന്നല്ല, അതിനെക്കാൾ എത്രയോ ഉപരിയായി റോസിന്റെ ഇതളുകളുടെ ഹൃദയംഗമമായ സൗന്ദര്യം പോലെ ഫാത്തിഹയുടെ പദവിന്യാസങ്ങളും ചമൽക്കാരഭംഗിയും ലളിതമധുരമായ ഘടനയും ഏറ്റക്കുറച്ചിലുകളില്ലാത്ത വിശേഷണങ്ങളും അനുപമവും അന്യാദൃശവുമാണ്. വാഗ്ദത്ത മസീഹ് (അ) പറയുകയാണ്:

''അതിന്റെ മാസ്മരികമായ എല്ലാ വശ്യതയോടും രൂപഭംഗിയോടുമൊപ്പം, ഫാത്തിഹ സത്യവും ജ്ഞാനവും കൊണ്ട് നിർഭരമാണ്. ഓരോ വാക്കുകളും സാത്വികതയെ പ്രഘോഷിക്കുകയും സാത്വികതയെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. തെറ്റിന്റെ ഒരംശമോ തെറ്റായ ഒരു കുറിപ്പടിയോ അതിലില്ല. അധികപ്പറ്റായും ഒന്നുമില്ല; എന്നാലോ, ഒന്നും വിട്ടുപോയിട്ടുമില്ല. അതിശയോക്തിയായിയാതൊന്നും അതിലില്ലെന്നു മാത്രമല്ല, അപ്രസക്തമായും ഒന്നുമില്ല. റോസിനെപ്പോലെ രൂപലാവണ്യം ഏറ്റവും പൂർണ്ണവും തികവുറ്റതുമാണ്. അല്ലാ, അതിനെക്കാളെത്രയോ ഉത്തുംഗനിലയിൽ തന്നെ"! - (ബറാഹീനെ അഹമദിയ്യ, IV അടിക്കുറിപ്പ്11)

ഇതു പനിനീർപൂവുമായുള്ള ഫാത്തിഹയുടെ ബാഹ്യമായ അനുരൂപതയുടെ താരതമ്യമാണ്. ആന്തരികമായ വശം നോക്കുകയാണെങ്കിലും രണ്ടും അനന്യമായ വിസ്മയങ്ങളാണെന്നു കാണാം. പനിനീരിന്റെ പ്രകൃതിദത്തമായ ചില ഗുണങ്ങൾ വാഗ്ദത്തമസീഹ് വിശദീകരിക്കുന്നുണ്ട്. അത് ഹൃദയത്തിനുസുഖവും ഉന്മേഷവും നൽകുകയും പിത്തരസം കുറക്കുകയും ആത്മാവിനെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. കഫക്കെട്ട് അത് സുഖപ്പെടുത്തുകയും ആമാശയത്തെയും കരളിനെയും വൃക്കയെയും കുടലുകളെയും ശ്വാസകോശങ്ങളെയും ബലപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുപുറമെ മറ്റൊട്ടേറെ ശാരീരിക അസുഖങ്ങൾക്ക് പ്രതിവിധി കൂടിയാണത്. ഫാത്തിഹ ഇതിനെക്കാളെത്രയോ ഉപരിയായി സഹജമായ ആന്തരിക ശ്രേഷ്ഠതകളാൽ സമ്പന്നമാണ്.

വാഗ്ദത്തമസീഹ് (അ) പറയുകയാണ്:

"അതിന്റെ ആന്തരിക ഗുണങ്ങളിൽ ഗുരുതരമായ ആത്മീയരോഗങ്ങൾക്കുള്ള പ്രതിവിധികൾ ഉൾക്കൊള്ളുന്നു. ആത്മാവിനും മനസ്സിനുമുണ്ടാകുന്ന അസുഖങ്ങൾക്കുള്ള ശമനം അത് പ്രദാനം ചെയ്യുന്നു. അതോടൊപ്പം അവബോധശക്തിയെയും ചിന്താശക്തിയെയും വികസിപ്പിക്കാനാവശ്യമായ സജ്ജീകരണങ്ങൾ അതിലുണ്ട്. വലിയ തത്വചിന്തകന്മാ ർക്കും യോഗിവര്യന്മാർക്കും മുമ്പിൽ അടഞ്ഞുകിടന്ന ഉന്നതമായ ചിന്തയുടെ രാജവീഥികൾ അതു തുറന്നിടുന്നു. അതിന്റെ ശ്രദ്ധാബദ്ധമായ ഒരു വായനകൊണ്ടു മാത്രം ആത്മീയമുമുക്ഷുവിന്റെ ഹൃദയത്തിലെ സത്യവിശ്വാസം സുദൃഢമാവുകയും എല്ലാ സന്ദേഹങ്ങളും സംശയങ്ങളും ആശങ്കളും നീങ്ങുകയും ചെയ്യുന്നു." (ബറാഹീനെ അഹ്മദിയ്യ IV, അടിക്കുറിപ്പ് 11).

## കാലത്തിനനുസരിച്ചുള്ള ജ്ഞാനങ്ങൾ

കാലത്തിന്റെ യോഗ്യതയനുസരിച്ചാണ് ഫാത്തിഹയിൽ നിന്നു ജ്ഞാനങ്ങൾ പുറത്തുവരുന്നതെന്നു ഓർക്കേണ്ടതുണ്ട്. ഓരോ കാലഘട്ടത്തിന്റെയും ആവശ്യങ്ങളനുസരിച്ചുള്ള ആത്മീയതന്ത്രങ്ങളാണ് അത് വെളിപ്പെടുത്തുന്നത്. ഓരോ കാലഘട്ടത്തിലെയും ചിന്തഗതികൾക്കെതിരിലുള്ള

*(ശേഷം 30-ാം പേജിൽ)*

ലേഖനം

# ഭൂമിയിൽ സ്വർഗ്ഗം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## വാഗ്ദത്ത മസീഹുമായി നടത്തിയ സംഭാഷണം

**ജീ**വിതവിഭവങ്ങളുടെ ദൗർലഭ്യവും സമൃദ്ധിയും സംബന്ധിച്ച നിഗൂഢതകൾ ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാവാത്ത കാര്യങ്ങളാണ്. നേരെ മറിച്ച്, അല്ലാഹു വിശ്വാസികളോട് ചെയ്ത വാഗ്ദാനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. അതായത്, "അവനുദ്ദേശിക്കാത്ത ഭാഗത്തു കൂടി അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്തു." (വി.ഖു.65:4). കൂടാതെ വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു (വിഷമങ്ങളിൽ നിന്ന്) രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവൻ പ്രതീക്ഷിക്കാത്ത രീതിയിൽ ഉപജീവനം നൽകുന്നതാണ്" (വി.ഖു. 65:3,4). വിശുദ്ധ ഖുർആനിൽ ദൈവം വീണ്ടും അരുൾ ചെയ്തു. "ആകാശത്തിൽ നിങ്ങളുടെ ഉപജീവനമാർഗ്ഗമുണ്ട്. (അതിനുപുറമേ) നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്നതുമുണ്ട്" (വി.ഖു. 51:23) വീണ്ടും തന്റെ സ്വന്തം അസ്തിത്വത്തിൽ സത്യം ചെയ്തുകൊണ്ട് അല്ലാഹു പ്രസ്താവിക്കുന്നു: "അതിനാൽ, ആകാശത്തിന്റെയും ഭൂമിയുടെയും നാഥനെക്കൊണ്ടു സത്യം, നിങ്ങൾ സംസാരിക്കുന്നു എന്നുള്ളതുപോലെ ഇതും സത്യം തന്നെയാണ്." (51:24). എപ്രകാരം തന്റെ സ്വന്തം നാവുകൊണ്ടു സംസാരിച്ച ഒരു കാര്യം നിങ്ങൾക്ക് പിന്നീട് നിഷേധിക്കാൻ സാദ്ധ്യമല്ലയോ, അപ്രകാരം സർവ്വശക്തനായ ദൈവമാണ് ഇത്തരത്തിലുള്ള വാഗ്ദാനങ്ങൾ നൽകിയിട്ടുള്ളത്. ഈ വാഗ്ദാനങ്ങൾ ഉണ്ടായിട്ടും സാത്വികരും സൗഭാഗ്യവാന്മാരും ആയിക്കൊണ്ടും ഇസ്‌ലാം മതാനുസാരികളായിട്ടും തങ്ങളുടെ 'റിസ്ഖി'ൽ (ഉപജീവനത്തിനുള്ള ഭൗതിക മാർഗ്ഗത്തിൽ) ഇടുക്കമുള്ളവരായ നിരവധി ആളുകളുണ്ടെന്ന് നാം കാണുന്നു. അവർ രാത്രിയിൽ സുഭിക്ഷമായി കഴിഞ്ഞാലും പ്രഭാതത്തിൽ വളരെ ദാരിദ്ര്യമനുഭവിക്കുന്നു. പകൽ സുഭിക്ഷതയോടെ കഴിഞ്ഞിട്ടും രാത്രിയിൽ ഒന്നും ഇല്ലാത്തവരായിരിക്കുന്നു.

(വാഗ്ദത്ത മസീഹിന്റെ ഭക്തശിഷ്യനായിരുന്ന ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) പ്രസ്താവക്കുന്നു: "ഞാൻ ഇവിടെ ആദ്യമായി വന്നപ്പോൾ വാഗ്ദത്ത മസീഹ് (അ) 'അലാമത്തുൽ മുഖറബീൻ' (ദൈവസാമീപ്യം പ്രാപിച്ചവരുടെ അടയാളങ്ങൾ) എന്ന ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. മടക്കത്തിൽ, ഞാൻ ഗുജറാത്തിൽ താമസിക്കുമ്പോൾ, മിർസാ സാഹിബ് ഇപ്പോൾ എന്താണ് എഴുതിക്കൊണ്ടിരിക്കുന്നതെന്ന് ഒരു വ്യക്തി ചോദിക്കുകയുണ്ടായി. "ഇന്നൽ അബ്റാറ ലഫീനഈം" എന്ന വിശുദ്ധ ഖുർആൻ സൂക്തത്തിന്റെ (അദ്ധ്യായം 82 വാക്യം 14) വ്യാഖ്യാനമാണെഴുതിക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ പറഞ്ഞു. (അർ ത്ഥം: "സുകൃതവാന്മാർ നിശ്ചയമായും സുഖാനുഭൂതിയിലാകുന്നു")

അപ്പോൾ അദ്ദേഹം ചോദിച്ചു: "അവിശ്വാസികൾ സുഖമായി ജീവിക്കുന്നില്ലേ? ദിവസം മുഴുവൻ അവരെ വഹിച്ചുകൊണ്ടുപോകുന്ന വണ്ടിക്കാരെ എല്ലായിടങ്ങളിലും കാണുന്നുണ്ടല്ലോ."

വാഗ്ദത്ത മസീഹ്(അ) പറഞ്ഞു. താങ്കൾ ഈ സൂക്തം ഓതിയപ്പോൾ വിശുദ്ധ ഖുർആനിലെ മറ്റൊരു സൂക്തം എനിക്കോർമ്മ വന്നു. വലിമൻഖാഫമഖാമ റബ്ബിഹീ ജന്നത്താൻ"(അർത്ഥം: എന്നാൽ തന്റെ നാഥനെ ഭയപ്പെട്ടവന് രണ്ട് ആരാമങ്ങളുണ്ട്). (55:47).

അതെ, അത്തരം സംഭവങ്ങൾ നാം ദർശിക്കുന്നു. എന്നാൽ, അത്തരം കാര്യങ്ങൾ ദൈവത്തിൽ ആരോപിക്കാൻ സാദ്ധ്യമല്ലെന്നു അനുഭവം സാക്ഷ്യം വഹിക്കുന്നു. സാത്വികരായവർക്ക് 'റിസ്ഖ്' (ഭൗതികവിഭവങ്ങൾ) നൽകുന്നതിനെ സംബന്ധിച്ച ദൈവികവാഗ്ദാനം സത്യമാണെന്നത് നമ്മുടെ ഈമാനാണ്. മേൽ ഖുർആൻ സൂക്തങ്ങളിൽ വിവരിച്ച പ്രകാരം സാത്വികരായ ആളുകൾക്ക് 'റിസ്ഖ്' നൽകുന്നത് ദൈവം താൻ തന്നെയാണ്. മേൽ സൂക്തങ്ങളിൽ വിവരിക്കപ്പെട്ടതെല്ലാം സത്യം തന്നെയാണ്. ദൈവികരായ ആളുകളെ നാം നിരീക്ഷിക്കുകയാണെങ്കിൽ സാത്വികരായ ആളു

യഥാർത്ഥമായ ആസ്വാദനമുൾക്കൊള്ളാൻ സാധിക്കുന്നത് അതോടൊപ്പം സാത്വികതയുള്ള പ്പോൾ മാത്രമാണെന്നതുകൊണ്ടാണ് ദൈവമിങ്ങനെ അരുളിയത്. സാത്വി കത ഉപേക്ഷിക്കുകയും ഹലാലിന്റെയും ഹറാമിന്റെയും നിയന്ത്രണങ്ങളിൽ നിന്ന് സ്വയം വിമുക്തനാവുകയും ചെയ്ത ആൾ (അനുവദനീയമായതും അനുവദനീയമല്ലാത്തതും) അതുമായി തന്റെ യഥാർത്ഥപദവിയിൽ നിന്ന് ആപതിക്കുകയും മൃഗങ്ങളുടെ നിലയിലേക്ക് താഴുകയുമാണ് ചെയ്യുന്നത്.

മൃഗങ്ങൾ പോലും നാണിച്ചു പോകുന്ന ലജ്ജാകരമായ കൃത്യങ്ങൾ ലണ്ടനിലെ ഹൈഡ് പാർക്കിൽ പരസ്യമായി നടക്കുന്നു. തന്റെ മനുഷ്യത്വം അടക്കിവെച്ചുകൊണ്ട് ഒരു വ്യക്തി ഇത് നിരീക്ഷിക്കുകയാണെങ്കിൽ അത്തരം സ്വർഗ്ഗത്തിൽ നിന്നും ആനന്ദത്തിൽ നിന്നും ആയിരം തവണ പശ്ചാത്തപിക്കാൻ അയാൾ ആഗ്രഹിച്ചുപോകയും അത്തരം ലജ്ജയില്ലാത്ത അധമന്മാരായ ആളുകളിൽ നിന്നും തന്നെ രക്ഷിക്കാൻ ദൈവത്തോടപേക്ഷിക്കുകയും ചെയ്യും. അങ്ങനെയുള്ള ഒരു പറ്റം ആളുകളുടെ ജീവിതം സ്വർഗ്ഗീയജീവിതമാണെന്ന് പറയുന്നത് പമ്പരവിഡ്ഢിത്തമായിരിക്കും.

സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ സാത്വികതയാണെന്നതാണ് സത്യം. ദൈവത്തിൽ ഭരമേല്പിക്കാത്ത ഒരു വ്യക്തിക്ക് യഥാർത്ഥമായ ആനന്ദം എങ്ങനെ കണ്ടെത്താൻ കഴിയും? ദൈവവിശ്വാസമില്ലാത്ത ഇത്തരം ആളുകളുടെ ധനം അവരിൽ നിന്നു മോഷ്ടിക്കപ്പെട്ടാൽ (ഇതിന്റെ ആഘാ തം വളരെ വലുതായിരിക്കും) സംസാരിക്കാനുള്ള കഴിവ് അവർക്ക് നഷ്ടപ്പെടുന്നു. സ്വർഗ്ഗവാസികളെന്ന് പറയപ്പെടുന്ന ഇക്കൂട്ടരുടെ അവസ്ഥ നോക്കു; നിസ്സാരകാര്യത്തെച്ചൊല്ലി വളരെയധികം പേർ ആത്മഹത്യ ചെയ്യുന്നു. അവരുടെ ഹൃദയദൗർബല്യവും ആന്തരികശക്തിയുടെ അഭാവവുമാണിത് കാണിക്കുന്നത്. ദുഃഖം സഹിക്കാനുള്ള കെല്പ് അവർക്കില്ല. ദുഃ

ത്യം സ്വയം കണ്ടെത്തുകയും വേണ്ടതാണെന്നും മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) അറിയിച്ചു.

വാഗ്ദത്ത മസീഹ് (അ) തുടരുന്നു: ആത്മീയമായ കാര്യങ്ങളിൽ ശരിയായ നിഗമനങ്ങളിലെത്തിച്ചേരുകയെന്നത് എല്ലാ ഓരോ ആൾക്കും സാധ്യമല്ല. ചില ആളുകൾ ലണ്ടനിൽ പോകുകയും അവിടെ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ആൽക്കഹോൾ കുടിക്കുന്ന സ്വഭാവം അവടെ സാർവ്വത്രികമാണ്. ആൽക്കഹോൾ വില്പന നടത്തുന്ന കടകൾ നാഴികളോളം നീണ്ടുകിടക്കുന്നു. വ്യഭിചാരത്തിനും വ്യഭിചാരമില്ലായ്മക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഇതാണോ സ്വർഗ്ഗം? സ്വർഗ്ഗം കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇതല്ല. ഒരു മനുഷ്യന് ഒരു ഭാര്യയുള്ളതായും അയാൾക്ക് അവളുമായി ബന്ധമുള്ളതായും നാം കാണുന്നു. പക്ഷികൾക്കും മൃഗങ്ങൾക്കും ഇത്തരം ബന്ധങ്ങൾ ഉണ്ട്. എന്നാൽ ദൈവം മനുഷ്യന് പരിശുദ്ധിയും ശുചിത്വവും ആർജ്ജിക്കാനുള്ള കഴിവ് പ്രദാനം ചെയ്തിരിക്കുന്നു. അറിവും മനസ്സിലാക്കാനുള്ള കഴിവും നൽകിയിരിക്കുന്നു. മനുഷ്യന് നൽകപ്പെട്ട ഈ കഴിവും വിജ്ഞാനവും ബോധവും കാരണമായി മനുഷ്യൻ തന്റെ ഇണയുമായുള്ള ബന്ധത്തിൽ നിന്ന് മൃഗങ്ങളേക്കാൾ കൂടുതൽ ആസ്വാദനം നേടുന്നു. മൃഗങ്ങൾക്ക് ഈ ബോധവും മനസ്സിലാക്കാനുള്ള കഴിവും ഇല്ല. അതിനാൽ അവ തങ്ങളുടെ ഇണകളെ പ്രത്യേകമായി പരിഗണിക്കുന്നില്ല. ഉദാഹരണം നായ.

അതിനാൽ മനുഷ്യൻ തന്റെ കഴിവുകൾ മുഖേന നിയമപരമായ ബന്ധത്തിൽ നിന്നും ആസ്വാദനം നേടാതിരിക്കയും മൃഗങ്ങളെപ്പോലെ ജീവിതം നയിക്കുകയും ചെയ്യുകയാണെങ്കിൽ പിന്നെ മനുഷ്യരും മൃഗങ്ങളും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ദൈവമരുളിയിട്ടുള്ളത് സ്വർഗ്ഗം വിശ്വാസികൾക്കുള്ളതാണെന്നാണ്. ഈ ലോകത്തിലെ ആനന്ദദായകമായ കാര്യങ്ങളിൽ നിന്ന്

കൾ ആരും തന്നെ വിശപ്പുകൊ ണ്ട് മരിച്ചിട്ടില്ലെന്ന് കണ്ടെത്താൻ സാധിക്കും. അവരുടെ സാത്വികതക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള സത്യ വിശ്വാസികളാൽ അംഗീകരിക്കപ്പെട്ടവരാണവർ. അവർ വിശപ്പുകൊണ്ടു മരിച്ചിട്ടില്ലെന്നു മാത്രമല്ല, ഭൗതികവിഭവങ്ങളുടെ ദൗർലഭ്യം കാരണമുണ്ടാകുന്ന മനോവേദന പോലും അവരെ ബാധിച്ചിട്ടുണ്ടായിരിക്കില്ല. ചിലപ്പോൾ സമൃദ്ധിയുടെ ഉന്നതനിലവാരം അവർ പ്രാപിച്ചിട്ടില്ലായിരിക്കാം. നബി തിരുമേനി(സ) ഒരു ദരിദ്രജീവിതമാണ് നയിച്ചത്. എന്നാൽ അദ്ദേഹം പ്രദർശിപ്പിച്ച ഔദാര്യം നമുക്ക് മനസ്സിലാക്കിത്തരുന്നത് ശിക്ഷയുടെ ഒരു രൂപം അതിനില്ല. അദ്ദേഹത്തിന്റെ ദരിദ്രാവസ്ഥ സ്വയം അടിച്ചേൽപ്പിച്ചതായിരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ ഈ പാന്ഥാവിൽ ഒരാൾ നേരിടേണ്ട നിരവധി ബുദ്ധിമുട്ടുകളുണ്ട്. പ്രത്യക്ഷത്തിൽ സാത്വികനായി കാണപ്പെടുന്ന ഒരാൾ ക്ക് ചിലപ്പോൾ ജീവിത വിഭവങ്ങളിൽ ദൗർലഭ്യം നേരിട്ടേക്കാം. ഇതെല്ലാം കണ്ടുകൊണ്ട് ദൈവികവാഗ്ദാനങ്ങളെല്ലാം സത്യമാണെന്ന് നാം സമ്മതിക്കേണ്ടി വരും. എന്നാൽ മനുഷ്യന്റെ ദുർബ്ബലത തിരിച്ചറിയേണ്ടതുണ്ട്.

ലണ്ടനിൽ നിന്ന് ഒരാൾ തനിക്ക് ഒരെഴുത്തയച്ചിട്ടുണ്ടെന്നും പ്രസ്തുത എഴുത്തിൽ തന്നോട് ലണ്ടനിലേക്ക് വരാനും അവിടെ വന്ന് ക്രിസ്ത്യാനികൾക്കാണോ മുസ്ലിംകൾക്കാണോ സ്വർഗ്ഗം ലഭിച്ചിട്ടുള്ളത് എന്ന് നോക്കാൻ എഴുത്തയച്ച ആൾ ആവശ്യപ്പെട്ടിരിക്കയാണെന്നാണ് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) ഇവിടെ പ്രസ്താവിച്ചിട്ടുള്ളത്. താനീ കത്തിന് മറുപടി അയച്ചിട്ടുണ്ടെന്ന് മൗലാനാ നൂറുദ്ദീൻ സാഹിബ് കൂട്ടിച്ചേർത്തു. യഥാർത്ഥ ക്രിസ്തുമതം യേശുവിന്റെതും അനുയായികളുടെതുമാണെന്നും യഥാർത്ഥ ഇസ്ലാം മതം നബി തിരുമേനി(സ)യുടെതും ആ മഹാത്മാവിന്റെ അനുചരന്മാരുടെതുമാണെന്നും അവ രണ്ടിനെയും എഴുത്തയച്ച ആൾ തന്നെ താരതമ്യപ്പെടുത്തുകയും സ

ഖം സഹിക്കാനുള്ള കഴിവില്ലാത്തവരും വിഷമങ്ങൾ നേരിടാൻ കഴിയാത്തവരുമായവർക്ക് യഥാർത്ഥ ആനന്ദത്തിന്റെ വഴിയുണ്ടാവുകയില്ല. നമുക്കവരെ ഈ കാര്യം മനസ്സിലാക്കിക്കൊടുക്കാ ൻ സാധിച്ചാലും ഇല്ലെങ്കിലും, ഇത് അവരിലാർക്കെങ്കിലും മനസ്സിലായാ ലും ഇല്ലെങ്കിലും ആനന്ദമാർജ്ജിക്കാനുള്ള കാര്യങ്ങളിൽ നിന്ന് യഥാർത്ഥ ആസ്വാദനം ലഭിക്കുന്നത് സാത്വികതയിൽ കൂടിയാണെന്നതാണ് സത്യം. സാത്വികനായ ഒരാൾക്ക് ഹൃദയത്തി ൽ ആനന്ദം അനുഭവപ്പെടുകയും അയാൾ ശാശ്വതമായി ആനന്ദം കൊള്ളുകയും ചെയ്യും. ഒരാൾക്ക് മറ്റൊരാളുമായി എന്തെങ്കിലും ബന്ധമോ സൗ ഹൃദമോ ഉണ്ടെങ്കിൽ തന്റെ സ്നേഹിതനെ കാണുമ്പോൾ അയാൾക്ക് സന്തോഷം തോന്നുന്നു. അപ്പോൾ ഒരു വ്യക്തിക്ക് ദൈവവുമായി ബന്ധമുണ്ടെങ്കിൽ എത്രമേൽ ആനന്ദമായിരിക്കും അയാൾക്കുണ്ടാവുക! എന്നാൽ, ഒരാൾക്ക് ദൈവവുമായി ഒരു ബന്ധവുമില്ലെങ്കിൽ അയാൾക്ക് പിന്നെ എന്താശിക്കാനാണ്? ആശയിൽ നിന്നാണ് സ്വർഗ്ഗം ആരംഭിക്കുന്നത്.

പരിഷ്കൃതമായ ഈ രാഷ്ട്രങ്ങളിൽ ആത്മഹത്യയുടെ എണ്ണം വളരെ വലുതാണ്. അവിടെ സന്തോഷം ഇല്ല എന്നാണ് നമുക്കിതിൽ നിന്ന് മനസ്സിലാവുന്നത്. ഏറ്റവും നിസ്സാരമായ സന്തോഷം നഷ്ടപ്പെട്ടാ ലും ഒരാൾ ആത്മഹത്യ ചെയ്യുന്നു. എന്നാൽ ഒരു വ്യക്തി സാത്വികനും ദൈവവുമായി ബന്ധമുള്ള ആളുമാണെങ്കിൽ അയാൾക്ക് ശാശ്വതമായ സന്തോഷം കൈവരിക്കാം, അതാവട്ടെ വിശ്വാസത്തോടൊപ്പമുള്ളതാണ്.

ഈ ലോകത്തെ എല്ലാ വസ്തുക്കളും മാറ്റത്തിനും ഭേദഗതിക്കും വിധേയമാണ്. ഒരാളുടെ ജീവിതത്തിൽ വിവിധതരത്തിലുള്ള ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരും. ചിലപ്പോൾ രോഗം ബാധിക്കുന്നു. ചിലപ്പോൾ സന്താനങ്ങൾ മരിക്കുന്നു. ചുരുക്കത്തിൽ, എന്തെങ്കിലും വിഷമമോ, വേദനയോ ദുഃഖമോ ഉണ്ടാവുന്നു. ഈ ലോകം ദുരിതങ്ങളുടെ സ്ഥലമാണ്. ദുരിതങ്ങൾ ഒരാളുടെ സുഖനിദ്രക്ക് ഭംഗം വരുത്തുന്നു. ഒരാളുടെ ബന്ധങ്ങളുടെ വൃത്തം വിപുലമാവുമ്പോൾ ബുദ്ധിമുട്ടുകളുടേയും ക്ലേശങ്ങളുടെയും വൃത്തവും വിപുലമാവുന്നു. വ്യത്യസ്തഘട്ടങ്ങളിലായി ബന്ധങ്ങളുടെ വൃത്തം വലുതാവുമ്പോൾ ഈ ബുദ്ധിമുട്ടുകൾ ഒന്നിൽ നിന്നും അമ്പത് ദുഃഖങ്ങൾ ഉണ്ടാക്കുന്നു. ഒരു വ്യക്തി തനിച്ചാണെങ്കിൽ അയാൾക്ക് അസ്വാസ്ഥ്യം വളരെ കുറവായിരിക്കും. അയാൾക്ക് ഭാര്യയും മക്കളും മാതാപിതാക്കളും, സഹോദരീസഹോദരന്മാരും ഉണ്ടെങ്കിൽ നേരിയ വിഷമം പോലും അയാൾക്ക് പ്രശ്നമായിത്തീരുന്നു. ഈ ബന്ധങ്ങൾ വിപുലമാണെങ്കിലും, ആ ബന്ധങ്ങളുടെ വൃത്തത്തിൽപ്പെട്ട ആർക്കും രോഗമോ, എന്തെങ്കിലും പ്രശ്നമോ ഇല്ലെങ്കിൽ ഒരാൾക്ക് സന്തോഷം കണ്ടെത്താൻ സാധിക്കുന്നതാണ്. ധനം സന്തോഷം പ്രദാനം ചെയ്യുമെന്ന ധാരണ ശരിയല്ല. ധനത്തോടുകൂടെത്തന്നെ വരുന്ന ഒന്നല്ല സന്തോഷം. ഒരാളുടെ ആരോഗ്യം മോശമാണെങ്കിൽ അയാൾക്ക് ഭക്ഷണം ഇഷ്ടപ്പെടില്ല. ഇത് സ്വർഗ്ഗീയജീവിതമാണോ? അതിനാൽ ധനം സന്തോഷത്തിന്റെ ഉറവിടമല്ലെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നു. ദൈവവുമായി ബന്ധമുള്ള ഒരു വ്യക്തിയാണ് സ്വർഗ്ഗീയജീവിതം നയിക്കുന്നത് എന്നതാണ് സത്യം (അതായത്, യഥാർത്ഥ സന്തോഷത്തിന്റെ ജീവിതം). ഇതിന്റെ കാരണം ദൈവം സർവ്വശക്തനും ഒരു വ്യക്തിയിൽ നിന്നും എല്ലാ ദുരിതങ്ങളും അകറ്റുവാൻ കഴിവുള്ളവനും ആണെന്നതാണ്. സാമ്പത്തികപ്രശ്നങ്ങളിൽ നിന്നുള്ള യാതനകളിൽ നിന്നും സംരക്ഷിക്കാനും കഴിവുള്ളവനാണ് ദൈവം. അങ്ങനെ പ്രശ്നങ്ങൾ ഉടലെടുത്താൽ, അവയെ നേരിടാനുള്ള ധൈര്യവും ശക്തിയും ദൈവം നൽകുന്നു.

ഒരു വ്യക്തിയുടെ ക്ഷേമത്തിനാവശ്യമായ എല്ലാ ഘടകങ്ങളും മൊത്തത്തിൽ ഒരു മനുഷ്യനും, ഒരു രാജാവിനുപോലും ഇല്ല ഇതെല്ലാം തന്നെ രാജാധിരാജനായ ആ ഒരുവന്റെ കരങ്ങളിലാണ്. അതവൻ താനിച്ഛിക്കുന്നവർക്കു നൽകുന്നു. ഒരു വിഭാഗം ആളുകളുണ്ട്, അവരുടെ കയ്യിൽ ധാരാളം ധനമുള്ളതായി നാം കാണുന്നു. എന്നാൽ പാഴ്ച്ചിലവ് എന്ന രോഗം അവരെ ബാധിച്ചിരിക്കുന്നതായി കാണാം. ഇതു കാരണം അവരുടെ ജീവിതം തന്നെ കയ്പേറിയതായിത്തീരുന്നു. മനുഷ്യരിൽ കാണുന്ന ലക്ഷക്കണക്കിന് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ആർക്കാണ് കഴിയുക? ഒരു മനുഷ്യൻ ദുഃഖം അനുഭവിക്കുമ്പോൾ അയാൾക്ക് സഹനശക്തി പ്രദാനം ചെയ്യാൻ ആർക്കും സാധിക്കും? അത് ദൈവത്തിനു മാത്രമേ സാധ്യമാകൂ.

ക്ലേശങ്ങളുടെയും ദുരിതങ്ങളുടെയും അവസരത്തിൽ പോലും, ദുഃഖത്തെ നമ്മുടെ അടുത്തെത്താൻ പോലും അനുവദിക്കാത്ത ഒരു മഹത്തായ ഗുണമാണ് ക്ഷമ. ധനവാന്മാരായ ചിലർ സുഖസുഷുപ്തിയിലാണ്ടു ജീവിക്കുമ്പോൾ അങ്ങേയറ്റം അഹങ്കാരവും ആത്മപ്രശംസയും പ്രകടിപ്പിക്കുന്നു. പക്ഷേ, ലഘുവായ ഒരു ബുദ്ധിമുട്ടു നേരിടുമ്പോൾ അവർ കൊച്ചുകുട്ടികളെപ്പോലെ ഉച്ചത്തിൽ കരയാൻ ആരംഭിക്കുന്നു. അപകടത്തിൽപ്പെടാതെയും ബന്ധുക്കൾ ദുഃഖം അനുഭവിക്കാതെയും ഉള്ള അവസ്ഥയിൽ നാം ഒരാളെയും കാണുന്നില്ല. ആരുടെ ജീവിതമാണു സ്വർഗ്ഗീയമായത്? ദൈവാനുഗ്രഹം ലഭിച്ച ആളെപ്പറ്റി മാത്രമേ നമുക്കങ്ങനെ പറയാൻ പറ്റൂ. വെള്ള വസ്ത്രം ധരിച്ച ഒരാളെപ്പറ്റി ചിലർ സ്വർഗ്ഗീയനാണെന്ന് പറയുന്നു. ഇത് ഭീമമായ തെറ്റാണ്. അത്തരം ആളുകളോട് നിങ്ങൾ ചോദിച്ചാൽ അവർക്ക് നേരിടേണ്ടി വന്ന നിരവധി ക്ലേശങ്ങളെപ്പറ്റി അവർ പറയും. ഒരാളുടെ വസ്ത്രങ്ങൾ കണ്ടിട്ടോ, അയാൾ കുതിരസ്സവാരി ചെയ്യുന്നത് കണ്ടിട്ടോ, മദ്യപിക്കുന്നത് ക

ണ്ടിട്ടോ അവർ സന്തുഷ്ടരാണന്ന് കരുതി, അവർ സ്വർഗ്ഗീയമായ ജീവിതം നയിക്കുന്നവരാണെന്ന് പറയുന്നതു ശരിയല്ല. മറിച്ച്, പരിപൂർണ്ണ സ്വാതന്ത്ര്യമുള്ള ജീവിതം സ്വയം തന്നെ നാരകീയമാണ്. ദൈവത്തോട് ബഹുമാനവും ബന്ധവുമില്ലാത്ത ജീവിതത്തേക്കാൾ നാരകീയമായി മറ്റെന്തുണ്ട്? ഒരു നായക്ക് ചത്തത് ഭക്ഷിക്കൻ സാധിക്കുന്നു. മോശമായത് ചെയ്യാനും സാധിക്കുന്നു. നായയ്ക്ക് അതിനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഇത് സ്വർഗ്ഗീയജീവിതമായിരിക്കുമോ? അതേപോലെ, ഒരു വ്യക്തി ചത്തത് ഭക്ഷിക്കുകയും ലജ്ജാകരമായ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു. ന്യായമായ നിലയിൽ സമ്പാദിച്ച ധനവും അന്യായമായ നിലയിൽ സമ്പാദിച്ച ധനവും തമ്മിൽ അയാൾ ഒരു വ്യത്യാസവും കാണുന്നില്ല. ഇത് ശപ്തമായ ജീവിതമാണ്. ഇതിന് സ്വർഗ്ഗീയജീവിതവുമായി സാമ്യതയില്ല.

എല്ലാ ഹാനികളിൽ നിന്നും സംരക്ഷിക്കപ്പെട്ട ജീവിതമാണ് സ്വർഗ്ഗീയമെന്നത് ശരി തന്നെ. എന്നാൽ അത് നൽകപ്പെടുന്നത് ദൈവത്തിൽ പൂർണ്ണമായും ഭരമേല്പിച്ചവർക്ക് മാത്രമാണ്. അത് വിശുദ്ധ ഖുർആനിലെ "അവൻ (അല്ലാഹു) സാത്വികരെ സംരക്ഷിക്കുന്നു." (വി.ഖു: 7:197) എന്ന സൂക്തത്തിനനുസൃതമാണ്. അതായത്, അവർ ദൈവത്തിന്റെ സംരക്ഷണത്തിലും പരിചരണത്തിലുമായിരിക്കും. നേരെ മറിച്ച്, ദൈവത്തിൽ നിന്ന് വിദൂരപ്പെട്ട് ജീവിക്കുന്ന വ്യക്തിയുടെ ദിനങ്ങൾ ചിലവഴിക്കപ്പെടുന്നത് ഭയത്തിലും ആഗ്രഹം നിറഞ്ഞ ചിന്തകളിലുമായിരിക്കും. അയാൾക്ക് സന്തോഷവാനായിരിക്കാൻ പറ്റില്ല. സിയാൽക്കോട്ടിൽ കൈക്കൂലി വാങ്ങുന്ന ഒരാളുണ്ടായിരുന്നു. താനെപ്പോഴും ചങ്ങലകളാണ് കാണുന്നതെന്ന് അയാൾ പറയാറുണ്ടായിരുന്നു. ഒരു ദുഷ്ക്കർമ്മത്തിന്റെ പരിണതഫലം മോശമായിരിക്കുമെന്നതാണ് വാസ്തവം. ഇതുകൊണ്ടാണ് ആത്മാവിനൊരിക്കലും ദുഷ്കർമ്മങ്ങൾ കൊണ്ട് തൃപ്തിയടയാൻ സാധ്യമല്ലെന്ന് പറയുന്നത്. കാരണം അതാണ്. അതിനാൽ, ദുഷ്കർമ്മങ്ങളിൽ ആനന്ദമെവിടെ? ഓരോ ദുഷ്കർമ്മ വും ഹൃദയത്തിൽ വേദനയുണ്ടാക്കുന്നു. ഒരു വ്യക്തിക്ക് ഭാരം അനുഭവപ്പെടുന്നു. അയാൾ സ്വയം ഇങ്ങനെ ചോദിക്കാൻ നിർബന്ധിതനാവുന്നു: "ഇതെന്തൊരു വിഡ്ഢിത്തമാണ്?" അതിന്റെ ഫലമായി അയാൾ സ്വയം ശപിക്കുന്നു. അവർ ഭയാനകതയുടെ അങ്ങേയറ്റത്തെത്തുന്നു. ഒരാൾ ഏതാനും നാണയത്തുട്ടുകൾക്ക് വേണ്ടി ഒരു കുട്ടിയെ കൊന്നു!

ചുരുക്കത്തിൽ, ദുഷ്കർമ്മങ്ങളിൽ നിന്ന് സ്വയം സംരക്ഷിക്കുന്നതാണ് ജീവിതം. ദുരിതങ്ങൾ നേരിടുന്നതിന്ന് മുമ്പ് ദൈവത്തിൽ ഭരമേല്പിക്കുന്ന ഒരാളെ ദുരിതം വന്നെത്തുമ്പോൾ ദൈവം സഹായിക്കുന്നു. ബുദ്ധിമുട്ടുകൾ നേരിടുന്നതിന്ന് മുമ്പ് നിദ്രയിലാണ്ട ഒരാൾ ദുരിതാവസ്ഥയിൽ നശിപ്പിക്കപ്പെടുന്നു.

ദൈവത്തിന് ആരിൽ നിന്നും ഒന്നിന്റെയും ആവശ്യമില്ല. ബിക്കാനീർ പോലെയുള്ള സ്ഥലങ്ങളിൽ ക്ഷാമം ബാധിച്ചപ്പോൾ അവർക്ക് കുട്ടികളെപ്പോലും തിന്നേണ്ടി വന്നു. അവർ മറ്റൊരാൾക്ക് ഉടമപ്പെട്ട നിലയിൽ ജീവിതം നയിക്കാത്തതായിരുന്നു ഇതിന്നു കാരണം. അവർ ദൈവത്തിനു വേണ്ടി ജീവിച്ചിരുന്നുവെങ്കിൽ കുട്ടികൾക്ക് ഈ വിധി വരില്ലായിരുന്നു. ഹദീസിൽ നിന്നും വിശുദ്ധ ഖുർആനിൽ നിന്നും മുൻകഴിഞ്ഞ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്നും വ്യക്തമാവുന്നത്, മാതാപിതാക്കളുടെ ദുഷ്ക്കർമ്മങ്ങൾ കുട്ടികൾക്ക് ദുരിതത്തിന്നിടയാക്കുമെന്നാണ്. വിശുദ്ധ ഖുർആനിലെ അതിന്റെ ഭവിഷ്യത്ത് അവൻ ഭയപ്പെടുന്നില്ല." (വി.ഖു. 91:16) എന്ന സൂക്തം ചൂണ്ടിക്കാണിക്കുന്നത് അശ്രദ്ധമായ നിലവിൽ ജീവിതം നയിക്കുന്നവരെ അല്ലാഹുവും ശ്രദ്ധിക്കുന്നില്ല എന്നാണ്. തന്റെ യജമാനനെ കുറച്ചു ദിവസം അഭിവാദനം ചെയ്യാത്ത ഒരു പരിചാരകൻ യജമാനന്റെ അതൃപ്തിക്ക് പാത്രമാവുന്നു. ദൈവവുമായി ബന്ധം വിച്ഛേദിക്കുന്ന ഒരാളെ ദൈവം എന്തിന് ശ്രദ്ധിക്കണം? ഈ വീക്ഷണത്തിലാണ് താൻ അവരെയും അവരുടെ സന്താനങ്ങളെയും ശ്രദ്ധിക്കുകയില്ലെന്നും അവരെ നശിപ്പിക്കുമെന്നും ദൈവമരുളിയത്. ജീവിതത്തിൽ നന്മ ചെയ്ത സാത്വികനായ ഒരാൾ മരിക്കുമ്പോൾ അയാളുടെ സന്താനങ്ങളെ ദൈവം സംരക്ഷിക്കുമെന്ന് ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഇക്കാര്യം "അവരുടെ (പിതാവ്) സാത്വികനായ ഒരു മനുഷ്യനായിരുന്നു." (18:83) എന്ന ഖുർആൻ സൂക്തത്തിൽ പറയപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള വ്യക്തിക്ക് ദൈവദൃഷ്ടിയിൽ എത്ര മഹത്തായ പദവിയാണുള്ളത്! അവരെക്കുറിച്ചുള്ള വിശദവിവരങ്ങൾ സൂചിപ്പിക്കാതെ ദൈവം യഥാർത്ഥ അവസ്ഥ മറച്ചുവെച്ചു. എന്തെന്നാൽ അത് അവരുടെ പിതാവിനെക്കുറിച്ചുള്ള പ്രശംസയിൽ നിന്നും തെറ്റിച്ചുകളയും. അവരുടെ പിതാവിനെ ഓർത്തു മക്കളുടെ വിശദവിവരങ്ങൾ ദൈവം മറച്ചുവെച്ചു.

ഇതേ വിഷയം തന്നെ മുൻകഴിഞ്ഞ വിശുദ്ധ ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. ഒരു സാത്വികനായ മനുഷ്യന്റെ സന്തതികളുടെ ഏഴു തലമുറകളെ ദൈവം സംരക്ഷിക്കുമെന്ന് ദൈവം അരുളിയിരിക്കുന്നു. ദാവൂദ് നബി(അ) പ്രസ്താവിച്ചിട്ടുണ്ട്, സാത്വികനായ ഒരു മനുഷ്യന്റെ മക്കൾ ഭക്ഷണത്തിനുവേണ്ടി യാചിക്കുന്നത് താൻ ഒരിക്കലും കണ്ടിട്ടില്ലെന്ന്.

ചുരുക്കത്തിൽ, യഥാർത്ഥ ആനന്ദം എന്നത് ദൈവത്തിൽ നിന്നുള്ള ഒരു ജീവിതവിഭവം (റിസ്ഖ്) ആണ്. ദൈവാനുസരണത്തിന്റെ വൃത്തത്തിനു പുറത്തുള്ളവർക്ക് അത് നൽകപ്പെടുന്നില്ല.

**(Review of Religions - January 1997)**

**വിവർത്തകൻ:**

**കെ.വി. ഹസ്സൻകോയ**

ലേഖനം

# സ്ത്രീസമത്വവാദം: ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ

ഐ.കെ. സാജിതാ മുസഫർ, കോഴിക്കോട്

**മനുഷ്യന്റെ ജൈവയാഥാർത്ഥ്യത്തെ അനുസ്മരിച്ചുകൊണ്ടാണ് ഇസ് ലാം സ്ത്രീപുരുഷ സമത്വസങ്കല്പം മുന്നോട്ടുവെക്കുന്നത്. സാംസ്കാരികമായ അവബോധം നൽകി ഇസ്‌ലാം സ്ത്രീപുരുഷ സമത്വത്തെ ഏറ്റവും സർഗ്ഗാത്മകവും അനുപൂരകവുമാക്കിത്തീർക്കുന്നു. സ്ത്രീസമത്വവാദികളുടെ കേവല സമത്വവാദത്തിൽ നിന്ന് വിഭിന്നമാണിത്.**

ഇസ്‌ലാം ശാന്തിയുടേയും സമാധാനത്തിന്റേയും മതമാണ്. എന്നാൽ ഇന്ന് ലോകം മുഴുവൻ ഇസ്‌ലാം സായുധരായ അക്രമിസംഘമായും സ്ത്രീവിരുദ്ധമതമായും തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി നടക്കുന്ന അക്രമങ്ങളേയും മനുഷ്യാവകാശലംഘനങ്ങളേയും ഇസ്‌ലാമിക നിയമങ്ങളെന്നോണം തെറ്റിദ്ധരിപ്പിക്കപ്പെടുകയും ഇസ്‌ലാമികാദ്ധ്യാപനങ്ങൾ വികൃതമായി ചിത്രീകരിക്കപ്പെടുകയുമാണ്. ലോകം മുഴുവൻ ഒരു ഇസ്‌ലാം വിരുദ്ധതരംഗം സൃഷ്ടിക്കുക എന്ന നിഗൂഢ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ചില ആസൂത്രിത ശക്തികളാണ് ഇതിനു പിന്നിലുള്ളത്. ഇസ്‌ലാം സ്ത്രീക്ക് അർഹമായ സ്ഥാനവും പരിഗണനയും നൽകുന്നില്ല എന്നും മറിച്ച് ഇസ്‌ലാം പുരുഷാധിപത്യത്തിന്റെ മതമാണെന്നും അവർ ആക്ഷേപിക്കുന്നു. ഈ വാദങ്ങളുടെ യാഥാർത്ഥ്യങ്ങളിലേക്ക് കടക്കുന്നതിനു മുമ്പ് ഇന്നത്തെ സ്ത്രീശാക്തീകരണപ്രസ്ഥാനത്തേയും സ്ത്രീസ്വത്വബോധത്തേയും നാം തിരിച്ചറിയേണ്ടതായുണ്ട്.

ഒരു സ്ത്രീസംഘടന എന്നു കേൾക്കുന്ന മാത്രയിൽ ഒരു പുരുഷ വിരുദ്ധ സംഘമാണ് ആർക്കും മനസ്സിൽ തോന്നുക. സ്ത്രീശാക്തീകരണം എന്ന പദം സമൂഹത്തിൽ അടയാളപ്പെടുത്തുന്നത് സ്ത്രീയെ പുരുഷനെപ്പോലെ മാറ്റിത്തീർക്കുക എന്നുള്ളതാണ്. ഇങ്ങ നെ പുരുഷകേന്ദ്രീകൃതമായ സ്ത്രീയേയും സ്ത്രീസ്വാതന്ത്ര്യത്തേയുമാണ് നമ്മുടെ ഫെമിനിസ്റ്റ് സംഘങ്ങൾ പോലും അർത്ഥമാക്കുന്നത്. ഇത്തരത്തിലുള്ള ഒരു ലിംഗസമത്വമല്ല ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. കൃത്രിമവും യാന്ത്രികവും ഉപരിപ്ലവവുമായ ഈ സമത്വവാദം സ്ത്രീ യുടെ ജൈവികമായ ഉള്ളടക്കത്തെ അവഗണിച്ചുകൊ ണ്ടുള്ളതും പുരുഷന്റെ ബാഹ്യപ്രകൃതിയെ അനുകരിച്ചുകൊണ്ടുള്ളതും മാത്രമാണ്. സ്ത്രീകൾ നേരിടുന്ന വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് ഇവർ പുരുഷനെ പ്രതിസ്ഥാനത്തേക്കു മാറ്റുകയാണ് ചെയ്യുന്നത്.

സാമൂഹികസമത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നത് എല്ലാ മനുഷ്യർക്കും സമൂഹത്തിൽ നിന്നും ലഭിക്കേണ്ട തുല്യമായ അവകാശങ്ങളും പരിഗണനകളുമാണ്. ഒരു സമൂഹത്തിൽ നിന്ന് ഒരു വ്യക്തിക്കു ലഭിക്കേണ്ട സ്വാതന്ത്ര്യം - അത് പുരുഷനു നൽകുന്നതുപോലെത്തന്നെ സ്ത്രീക്കും ഇസ്‌ലാം നൽകിയിരിക്കുന്നു. അതിനപ്പുറം സ്ത്രീ-പുരുഷന്മാർക്കായി എന്തെങ്കിലും വിലക്കുകൾ ഇസ്‌ലാം തീർത്തിട്ടുണ്ടെങ്കിൽ അത് സ്വസ്ഥമായ സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുവാൻ വേണ്ടി മാത്രമാണ്.

സാമൂഹികമായി സ്ത്രീ എന്തുകൊണ്ട് പുരുഷനേക്കാൾ പിന്നോക്കം പോയി എന്നത് സാംസ്കാരികമായ കാഴ്ചപാടിന്റെ പ്രശ്നമാണ്. സ്ത്രീയുടെ ഗർഭധാരണശേഷിയും അതുവഴി മനുഷ്യസമൂഹത്തിന്റെ നിലനില്പും ഹേതുവായി ജീവശാസ്ത്രപരമായി സമൂഹത്തിൽ സ്ത്രീക്ക് ഉയർന്ന പദവിയാണ് വാസ്തവ

ത്തിൽ നൽകേണ്ടത്. സ്ത്രീപുരുഷ സമത്വത്തെ യാഥാർത്ഥ്യമാക്കുന്ന സാംസ്കാരിക അവബോധം നേടിയിട്ടും സ്ത്രീ-പുരുഷസമത്വം ഒരു പ്രഹേളികയായി പൗരസ്ത്യ-പാശ്ചാത്യദേശമെന്യെ ഇന്നും നിലനിൽക്കുന്നു. അതിന്റെ ചരിത്രപരമായ അടിവേരുകളും പരിണാമപ്രക്രിയകളും നാം മനസ്സിലാക്കേണ്ടതുണ്ട്.

ഇസ്ലാമിനുമുമ്പുള്ള വിവിധ മത-സാംസ്ക്കാരങ്ങളിൽ സ്ത്രീക്ക് അർഹമായ സ്വാതന്ത്ര്യമോ, അവകാശങ്ങളോ നിഷേധിക്കപ്പെട്ടിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. വിശ്വസംസ്കാരത്തിന്റേയും നാഗരികതയുടേയും കളിത്തൊട്ടിലായിരുന്ന ഗ്രീസിൽ പോലും സ്ത്രീകൾ വെറുമൊരു വില്പനച്ചരക്കായിരുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും സ്ത്രീയെ തിന്മയുടെ സന്തതിയായും ശാന്തിയുടേയും സമാധാനത്തിന്റേയും ശത്രുവായും മുദ്രകുത്തുന്നു. ഏ.ഡി. 586ൽ ഫ്രാൻസിൽ ചേർന്ന മതാധിപന്മാരുടെ യോഗം സ്ത്രീകൾ പുരുഷപരിചരണത്തിന്നു വേണ്ടി മാ ത്രം സൃഷ്ടിക്കപ്പെട്ടവളാണെന്നു വിധിയെഴുതി. 1850-ൽ ബ്രിട്ടനിൽ നിയമം മൂലം സ്ത്രീകൾക്ക് രാഷ്ട്രപൗരത്വം നിഷേധിച്ചു.

ഇന്ത്യയിലാവട്ടെ, ഭർത്താവു മരിച്ചാൽ ആ ചിത യിൽ ചാടി മരിക്കണമെന്ന കല്പനയിലൂടെ സ്ത്രീക്ക് ജീവിക്കുവാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടു. ഈയടുത്ത കാലം വരെ കേരളത്തിലെ പല ഭാഗങ്ങളിലും സ്ത്രീകൾക്ക് മാറുമറക്കുവാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നു എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. ഇസ്ലാമിനുമുമ്പുള്ള അറേബ്യയിലാകട്ടെ, പെൺകുഞ്ഞ് ജനിച്ചാൽത്തന്നെ അപമാനഭാരത്താൽ അവളെ ദഹിപ്പിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്യുന്ന സംസ്കാരമായിരുന്നു നിലവിലുണ്ടായിരുന്നത്. അടിച്ചമർത്തലിന്റേയും അധമമായ സാംസ്ക്കാരിക നിലവാരമുള്ള പുരുഷാധിപത്യത്തിന്റേയും ഇരകളായിരുന്നു സ്ത്രീകൾ. ഇത്തരത്തിൽ മതാധികാരികളും, യാഥാസ്ഥിതികരും, സ്ഥാപിതതാത്പര്യക്കാരും നൂറ്റാണ്ടുകളായി അടിച്ചേല്പിച്ച സ്ത്രീ അഭിശപ്തയാണെന്ന വിശ്വാസം വേരോടെ പിഴുതെറിയുവാൻ കേവല നീതിയിലധിഷ്ഠിതമായ ഒരു സ്വതന്ത്ര മതദർശനത്തിനു മാത്രമേ സാധിക്കുമായിരുന്നുള്ളൂ. വിശുദ്ധ ഖുർആന്റെ ആഗമനത്തോടെ ഇസ്ലാം നേടിയെടുത്തതും അതാണ്. സമത്വത്തിലുപരി ഒരു മഹനീയ സ്ഥാനം തന്നെയാണ് ഇസ്ലാം സ്ത്രീക്ക് നൽകുന്നത്.

സ്ത്രീയെ സംബന്ധിച്ച വിശുദ്ധ ഖുർആൻ പ്രഖ്യാപനങ്ങളുടെ സാരാംശം ഇങ്ങിനെ സംഗ്രഹിക്കാം. സ്ത്രീക്ക് ആത്മാവുണ്ട്, പുരുഷന്നൊപ്പം തന്നെ അധികാരാവകാശങ്ങളുണ്ട്. സ്വന്തം അഭിപ്രായം പറയാം. ആദർശങ്ങൾ വച്ചു പുലർത്താം. സ്വത്ത് സമ്പാദിക്കുവാനും അത് സാമൂഹികമായി വ്യവഹരിക്കുവാനും അവകാശമുണ്ട്. വിദ്യാഭ്യാസത്തിനും, തൊഴിൽ ചെയ്യുവാനുമുള്ള അർഹതയുണ്ട്. വിവാഹത്തിനായാലും, വിവാഹമോചനത്തിനായാലും സ്ത്രീകളുടെ അഭിപ്രായം നിർണ്ണായകമാണ്. പ്രാർത്ഥിക്കുവാനായി പള്ളികളിൽ പോകാം, കോടതികളിൽ സാക്ഷിമൊഴി നൽകാം, യുദ്ധങ്ങളിൽ വരെ പങ്കെടുക്കാം തുടങ്ങി ജീവിതത്തിന്റെ ഏതുമേഖലകളിലും പുരുഷനോടൊപ്പം പ്രവർത്തിക്കുവാനുള്ള അർഹതയും അവകാശവും ഇസ്ലാം സ്ത്രീക്ക് നൽകിയിരിക്കുന്നു.

സർവ്വസ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വത്തിൽ നിന്നുത്ഭവിക്കുന്നതാണ് മനുഷ്യവർഗ്ഗത്തിന്റെ സമത്വമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു;

*'അല്ലയോ മനുഷ്യരേ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.*

(സൂറ അന്നിസാഅ് 2ാം സൂക്തം)

വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്ന ഈ ജൈവയാഥാർത്ഥ്യമാണ് സ്ത്രീ-പുരുഷസമത്വത്തിന്റെ അടിസ്ഥാനം.

വിശ്വാസികൾ എന്ന നിലയിൽ സ്ത്രീ-പുരുഷന്മാർ ദൈവത്തിനു മുന്നിൽ തുല്യരാണെന്നും അവരുടെ സൽക്കർമ്മങ്ങൾക്ക് മഹത്തായ പ്രതിഫലം ലഭിക്കുന്നതാണെന്നും, അല്ലാഹുവിന്റെ കാരുണ്യവും പാപപ്പൊറുതിയും സ്ത്രീ-പുരുഷന്മാർക്ക് തുല്യമായ നിലയിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അപ്രകാരം ദുരാരോപണങ്ങളിൽ നിന്നും ഭർത്സനങ്ങളിൽ നിന്നും സ്ത്രീ-പുരുഷന്മാർ ഒരുപോലെ സംരക്ഷണത്തിനവകാശികളാണെന്നും വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

എങ്കിലും, സ്ത്രീ-പുരുഷന്മാർക്ക് നിശ്ചയിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ പങ്കിനേയും കർത്തവ്യങ്ങളേയും ഇസ്ലാം വേർതിരിച്ച് കാണുന്നുണ്ട്. ശരീരഘടനയിൽ പുരുഷൻ സ്ത്രീയേക്കാൾ ശക്തനും പരുക്കനുമാണെങ്കിൽ സ്ത്രീയാവട്ടെ, ലോലമായ പ്രകൃതത്തോടെയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെയല്ലായിരുന്നുവെങ്കിൽ സ്ത്രീ-പുരുഷന്മാർക്കിടയിൽ സ്നേഹത്തിന്റേയും ആർദ്രതയുടേയും ഒരടിസ്ഥാനവുമുണ്ടായിരിക്കുകയില്ല എന്നും ഖുർആൻ പറയുന്നുണ്ട്.

പുരുഷനെപ്പോലെ ധാർമ്മികതയുടേയും ആദ്ധ്യാത്മികതയുടേയും പാരമ്യം കാണുകയും ദൈവത്തെ അഭിദർശിച്ച് അവന്റെ വചനാമൃതം കൊണ്ട് അനുഗൃഹീതരാവുകയും ചെയ്ത മഹിളാരത്നങ്ങളെ ഖുർആൻ നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. ഫിർഔന്റെ ഭാര്യയായ ആസ്യ(റ), യേശുവിന്റെ മാതാവായ മറിയം(റ) എന്നിവരാണിവർ.

ചരിത്രത്തിലെ ആദ്യത്തെ വനിതാ വിമോചകനാണ് മുഹമ്മദ് നബി (സ). ഒട്ടേറെ പരിമിതികളും പ്രതിബന്ധങ്ങളുമുണ്ടായിരുന്ന അക്കാലത്ത്

സ്ത്രീകളെ അവകാശബോധത്തിലേക്കും മെച്ചപ്പെട്ട സാമൂഹിക നിലവാരത്തിലേക്കും കൈപിടിച്ചുയർത്തി ചരിത്രം തിരുത്തിക്കുറിച്ച മഹാത്മാവാണ് നബി(സ). മകൾ, ഭാര്യ, മാതാവ് എന്നീ നിലകളിലുള്ള സ്ത്രീയുടെ വിവിധഭാവങ്ങളെ ആദരണീയതയുടെ പാരമ്യത്തിലാണ് അദ്ദേഹം പ്രതിഷ്ഠിച്ചത്. തന്റെ പെൺമക്കളെ നന്നായി വളർത്തുകയും നല്ല വിദ്യാഭ്യാസം നൽകുകയും ചെയ്യുന്ന പിതാവ് സ്വർഗ്ഗത്തിൽ തന്റെ സമീപസ്ഥനായിരിക്കുമെന്നും, തന്റെ ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമനെന്നും, മാതാവിന്റെ കാൽക്കീഴിലാണ് സ്വർഗ്ഗമെന്ന് പ്രഖ്യാപിക്കുമ്പോഴും സ്ത്രീത്വത്തിന്റെ പവിത്രതയിൽ അടിവര ചാർത്തുകയും ഔന്നത്യങ്ങളിലേക്ക് ഉയർത്തുകയുമാണ് അദ്ദേഹം ചെയ്തത്. നബി(സ) സ്ത്രീകൾക്ക് ഉറപ്പുനൽകിയ ഈ മാന്യതയും പദവിയും ഇക്കാലത്തുപോലും പാശ്ചാത്യസമൂഹങ്ങൾക്ക് ഉറപ്പ് നൽകാനായിട്ടില്ല എന്ന് അമേരിക്കൻ ജസ്റ്റിസ് ആയ പിയറി ക്രാബെറ്റ്സ് (Piyary Crabets) പറഞ്ഞത് ഇവിടെ സ്മരണീയമാണ്.

ഇസ്ലാം വിഭാവനം ചെയ്യുന്ന സാമൂഹിക ഘടനയിൽ സാമൂഹ്യപുരോഗതിയിൽ സ്ത്രീകൾക്കുള്ള പങ്ക് ഒട്ടും നിഷേധിക്കുന്നില്ല. മറിച്ച്, അവരെ കൂടുതൽ സ്വതന്ത്രവും ചലനാത്മകവുമാക്കുകയാണ് ചെയ്യുന്നത്. ഇസ്ലാമിലെ ബഹുഭാര്യത്വത്തിന്റെയും പിന്തുടർച്ചാവകാശ നിയമങ്ങളുടെയും, പർദ്ദ സമ്പ്രദായത്തിന്റെയും പേരിൽ സ്ത്രീയോട് അനീതി കാണിക്കപ്പെടുന്നു എന്ന ആക്ഷേപം ഉന്നയിക്കുന്നവർ അവയെ അതിന്റെ ജൈവപരിസരത്തുനിന്ന് വേറിട്ട് കാണുന്നവരാണ്.

ചില സാമൂഹിക സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായും അതികർക്കശ വ്യവസ്ഥയ്ക്കു വിധേയമായുമാണ് നാലുവരെ ഭാര്യമാരെ സ്വീകരിക്കുവാനുള്ള അനുമതി ഇസ്ലാം നൽകിയിരിക്കുന്നത്. വിധവകളെ അനാഥരാക്കരുത് എന്ന ലക്ഷ്യം മുൻനിർത്തിയാണ് നബി(സ) ബഹുഭാര്യത്വത്തെ പാടെ വിലക്കാതിരുന്നത്. വൈധവ്യത്തെ ഒരു ശാപമായി കാണുകയും വിധവകൾക്ക് കുടുംബത്തിലും സമൂഹത്തിലും വിലക്കുകൾ ഏർപ്പെടുത്തുകയും ചെയ്യുന്ന ജനവിഭാഗങ്ങൾ ഇന്ത്യയിലും മറ്റും ഈ ആധുനികയുഗത്തിലും നിലനിൽക്കുന്ന സാഹചര്യത്തിൽ പതിനാല് ശതകങ്ങൾക്കു മുമ്പുതന്നെ പുനർവിവാഹത്തിലൂടെ വിധവകൾക്കുള്ള സംരക്ഷണം നബി(സ) പ്രഖ്യാപിക്കുകയുണ്ടായി.

ഭാര്യമാർക്കിടയിൽ നീതിയും തുല്യതയും ഉറപ്പുവരുത്തണമെന്ന ഉപാധിക്കു വിധേയമാണ് ഇസ്ലാം അനുവദിക്കുന്ന ബഹുപത്നിത്വം. എന്നാൽ ഈ ഉപാധിയുടെ പ്രയോഗവത്ക്കരണം അങ്ങേയറ്റം ശ്രമകരമാണെന്നു മാത്രമല്ല ദുസ്സാധ്യം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

"നിങ്ങൾ എത്ര തന്നെ ശ്രമിച്ചാലും സ്ത്രീകൾക്കിടയിൽ സമ്പൂർണ്ണ നീതി പുലർത്താനാവുകയില്ല. നീതിപാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം ഒരു സ്ത്രീയെ മാത്രം വിവാഹം ചെയ്യുക" എന്ന ഉപാധിയാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്.

രണ്ടു പത്നിമാരെ സ്വീകരിക്കുകയും അവരോട് നീതിപുലർത്താതിരിക്കുകയും ചെയ്യുന്നവർ അർദ്ധചേതനയോടെയാണ് ഉയിർത്തെഴുന്നേല്പിക്കപ്പെടുക എന്ന് നബി(സ) അരുളിയിട്ടുണ്ട് (തിർമിദി). സദാചാരപരമായ കാരണങ്ങളാൽ അതായത് – അനാഥത്വം, നിസ്സഹായത, അരക്ഷിതാവസ്ഥ, രോഗാതുരത്വം തുടങ്ങി അനിവാര്യമാകുന്ന ഘട്ടങ്ങളിൽ മാത്രമേ ഇസ്ലാം ബഹുഭാര്യത്വത്തിന് അനുമതി നൽകുന്നുള്ളൂ. ഇങ്ങനെ അനിവാര്യമാകുന്ന ഘട്ടങ്ങളിൽ ഇസ്ലാം ബഹുഭാര്യത്വത്തിന് അനുമതി നൽകുമ്പോൾ അതു നിരോധിച്ച സമൂഹങ്ങൾ അസാന്മാർഗ്ഗിക പരസ്ത്രീഗമനങ്ങളെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്.

ഇസ്ലാമിലെ പിന്തുടർച്ചാവകാശ നിയമം സ്ത്രീ യോട് അനീതി കാണിക്കുന്നു എന്നതാണ് മറ്റൊരു വിമർശന വിധേയമായ കാര്യം. പുരുഷന് സ്ത്രീയുടേതിനേക്കാൾ രണ്ടിരട്ടി സ്വത്ത് ഇസ്ലാം അനുവദിക്കുന്നു എന്നുള്ളത് പ്രത്യക്ഷത്തിൽ വിരോധാഭാസമായിത്തോന്നിയേക്കാം. എന്നാൽ ഇതിനെക്കുറിച്ചുള്ള സൂക്ഷ്മ വിശകലനം ഈ ധാരണ തിരുത്തുന്നതാണ്. ജീവിതസമരത്തിൽ, അതിന്റെ ഭാരങ്ങളേയും, പ്രതിസന്ധികളേയും അഭിമുഖീകരിക്കുവാനുള്ള കഴിവ് കാരണമായി കുടുംബനായകത്വപദവി ഇസ്ലാം പുരുഷനാണ് നൽകിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കുടുംബസംരക്ഷണ ചുമതല പുരുഷനിലാണ് നി ക്ഷിപ്തമായിരിക്കുന്നത്. സ്ത്രീകൾ എത്ര തന്നെ സമ്പത്തിനവകാശികളാണെങ്കിലും അവർക്ക് കുടുംബസംരക്ഷണ ബാധ്യതയില്ല. മാത്രമല്ല, പുത്രി, ഭാര്യ, മാതാവ്, സഹോദരി എന്നിങ്ങനെ അവൾ ഏതവസ്ഥയിലായിരിക്കുമ്പോഴും പിതാവ്, ഭർത്താവ്, മകൻ, സഹോദരൻ എന്നിവർ അവളെ സംരക്ഷിക്കാൻ ബാധ്യസ്ഥരാണ്. വിശുദ്ധ ഖുർആൻ പറയുന്നു: "പുരുഷന്മാർ സ്ത്രീകളുടെയും സംരക്ഷണാധികാരമുള്ളവരത്രെ". ഏറെ ബാധ്യതകൾ പുരുഷന് വിധിച്ചുകൊണ്ടാണ് ഇസ്ലാം സമ്പത്തിന്റെ വിഹിതക്കൂടുതൽ അവനനുവദിച്ചിരിക്കുന്നത്. സ്ത്രീ-പുരുഷന്മാർക്കിടയിൽ സാമ്പത്തിക തുലനാവസ്ഥ നിലനിർത്തുവാനും കുടുംബഭാരം പേറുന്ന പുരുഷനോട് അനീതി കാണിക്കാതിരിക്കാനുമാണ് ഇസ്ലാം ഇത്തരമൊരു സാമ്പത്തിക വ്യവസ്ഥിതി നടപ്പാക്കിയത്.

ഇസ്ലാമിക പർദ്ദ സ്ത്രീയെ തടവറയിലാക്കുന്നു എന്നാണ് വിമർശനവാദികളുടെ മറ്റൊരാക്ഷേപം. മനുഷ്യന്റെ ലൈംഗികമായ അപഥസഞ്ചാരങ്ങളെ തടയുന്നതിനായുള്ള പെരുമാറ്റച്ചട്ടങ്ങളും വസ്ത്രധാരണരീതിയുമാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്.

പർദ്ദയുടെ ഉദ്ദേശ്യം സ്ത്രീ-പുരുഷന്മാരുടെ സ്വഛന്ദമായ പരസ്പരവീക്ഷണവും, സൗന്ദര്യപ്രദർശനവും തടയുക എന്നുള്ളതാണ്. പുരുഷന്മാരോടും സ്ത്രീകളോടും തങ്ങളുടെ ദൃഷ്ടികളെ നിയന്ത്രിക്കാൻ വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നുണ്ട്. വിമോചനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പേരിൽ പർദ്ദയില്ലാതെ എല്ലാവിധ മോടിയോടും കൂടി പുറത്തിറങ്ങുന്ന സ്ത്രീയുടെ മേൽ പതിക്കുന്ന ദൃഷ്ടികൾ ലൈംഗിക അരാജകത്വത്തിലേക്ക് നയിക്കാൻ ഇടയുണ്ട്. ഇസ്‌ലാം തെറ്റുകളെ എതിർക്കുന്ന മതം മാത്രമല്ല, തെറ്റുകളുണ്ടാവാനുള്ള സാഹചര്യങ്ങളെക്കുറിച്ചുക്കൂടി മനുഷ്യരെ ബോ ധവാന്മാരാക്കുന്നുണ്ട്. പർദ്ദ ആചരിച്ചുകൊണ്ട് സമൂഹത്തിന്റെ വിവിധ മേഖലകളിലും പുരുഷനൊപ്പം തന്നെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഇസ്‌ലാം സ്ത്രീക്ക് നൽകിയിട്ടുണ്ട്.

എന്നാൽ ഇന്ന് അല്പവസ്ത്രധാരികളായി വശ്യമായ ചുവടുകൾ വച്ചുകൊണ്ട് സ്ത്രീകൾ കാണിക്കുന്ന സൗന്ദര്യപ്രകടനങ്ങളും ദൃശ്യമാധ്യമവിരുന്നുകളും നമ്മു ടെ സമൂഹത്തെ എത്രമാത്രം മലിനീകൃതമാക്കിയിരിക്കുന്നു എന്ന യാഥാർത്ഥ്യം നമുക്കറിയാവുന്നതാണ്. വാസ്തവത്തിൽ ഉപഭോഗസംസ്കാരത്തിന്റെ വക്താക്കളാണ് പർദ്ദക്കെതിരായി ശബ്ദമുയർത്തുന്നത്. സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി അംഗീകരിക്കുന്ന ഇവർ ഇസ്‌ലാം തടസ്സപ്പെടുത്തുന്ന ഒരു കോസ്മെറ്റിക് ഗേൾ (Cosmetic girl) എന്ന തലത്തിലേക്കെത്താൻ സ്ത്രീയെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. പുരുഷന്റെ നയനങ്ങൾക്ക് ഹരം പകരുകയും അവനിൽ കാമോദ്ദീപനമുണ്ടാക്കുകയും ചെയ്യുന്ന വില കുറഞ്ഞ ചരക്കായി സ്ത്രീകൾ മാറുന്ന പ്രക്രിയക്ക് തടയിടാൻ ഇന്നത്തെ സ്ത്രീ സ്വതന്ത്ര്യവാദികൾക്ക് യാതൊരു സൈദ്ധാന്തിക ഫോർമുലയോ പ്രവർത്തന പദ്ധതികളോ ഇല്ല. വാസ്തവത്തിൽ ഈ ഉപഭോഗത്വരയുടേയും, ആസ്വാദനത്തിന്റേയും അന്തർധാരകളിൽ ഗതിയറിയാതെ അവർ ചലിക്കുകയാണ്.

സ്ത്രീകൾക്ക് നിസ്കരിക്കുവാനായി പള്ളി പ്രവേശനം നിഷിദ്ധമാക്കുകയും, സ്ത്രീകൾ വിഗ്രഹത്തെ സ്പർശിച്ചാൽ പോലും പാപമായി കരുതി പ്രതിക്രിയാനടപടികൾക്കൊരുങ്ങുകയും ചെയ്യുന്ന ഒരു സാമൂഹവ്യവസ്ഥിതിയാണ് ഇന്നും നിലവിലുള്ളത്. സ്വാതന്ത്ര്യം അതിരുകടന്ന് സ്ത്രീ-പുരുഷന്മാർക്ക് വിവാഹം കഴിക്കാതെ ത്തന്നെ ഒന്നിച്ചു താമസിക്കാമെന്ന വ്യവസ്ഥ പാശ്ചാത്യ നാടുകളിലും മറ്റും വ്യാപകമായതോടെ സമൂഹം കൂടുതൽ നാശത്തിലേക്ക് ആപതിച്ചുകൊണ്ടിരിക്കുകയാണ്.

ആധുനിക ലോകത്ത് പരിഷ്ക്കാരത്തിന്റെയും വ്യാജസ്വതന്ത്ര്യ സങ്കല്പങ്ങളുടേയും പേരിൽ സ്ത്രീയിൽ ഭരമേല്പിക്കപ്പെടുന്ന ഉത്തരവാദിത്തം അവളെ മനഃസംഘർഷങ്ങളുടെ പീഡനവേദികളിലേക്കാണ് നയിക്കുന്നത്. സ്ത്രീയെന്ന നിലയിൽ അനിവാര്യമായും നിർവ്വഹിക്കപ്പെടേണ്ട ജൈവികവും, അതിൽ നിന്നുണ്ടാകുന്ന കുടുംബപരമായ ഉത്തരവാദിത്തങ്ങൾക്കും പുറമെ ആധുനിക പരിഷ്കൃതി അവൾക്ക് സമ്മാനിക്കുന്ന ഉത്തരവാദിത്തങ്ങളും ബാദ്ധ്യതകളും അവരുടെ സർഗ്ഗാത്മകവും ആത്മീയവുമായ വളർച്ചക്ക് സഹായകരമാണോ എന്നു നാം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

റസൂൽ (സ) തിരുമേനിയുടേയും വിശുദ്ധ ഖുർആന്റേയും അദ്ധ്യാപനങ്ങളിൽ നിന്ന് ഇന്ന് മനുഷ്യസമൂഹം അകന്നുപോയിരിക്കുന്നു. ഭൗതിക സംസ്കാരത്തിന്റെ കൃത്രിമമായ ബന്ധങ്ങളാൽ നിസ്സഹായയായ സ്ത്രീയുടെ മൂകമായ ഹൃദയവിലാപങ്ങൾ ധാർമ്മിക പ്രബുദ്ധരുടെ കർണ്ണപുടങ്ങളിൽ അലയടിക്കുന്നുണ്ട്. അവരെ സംരക്ഷിക്കാൻ കൂടിയാണ് സ്ത്രീകളുടെ വിമോചകനായ നബി (സ) തിരുമേനിയുടെ പ്രിയശിഷ്യൻ വാഗ് ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആഗതനായിരിക്കുന്നത്. സ്ത്രീ-പുരുഷസമത്വത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു. "സ്ത്രീകളുടെ അവകാശങ്ങൾ ഇസ് ലാം സംരക്ഷിച്ചിട്ടുള്ളതുപോലെ മ റ്റൊരു മതവും സംരക്ഷിച്ചിട്ടില്ല. ഇസ്‌ലാമിന്റെ അദ്ധ്യാപനം വളരെ മനോഹരമാണ്. പുരുഷന്റെ പ്രകൃതി എന്താണോ ആഗ്രഹിക്കുന്നത്, അത് ഇസ്‌ലാം പരിഗണിച്ചു. ഒപ്പം തന്നെ സ്ത്രീകളുടെ അവകാശങ്ങൾക്കും ഇസ്‌ലാം സംരക്ഷണം കൊടുത്തു." വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) അഹ്മദിയ്യത്തിലെ ഇതര ഉപസംഘടനകൾക്കൊപ്പം ലജ്ന - ഇമായില്ലാഹ് എന്ന വനിതാസംഘടന രൂപീകരിച്ചുകൊണ്ട് സ്ത്രീകളെ പുരോഗതിയിലേക്കുയർത്തുകയുണ്ടായി. ലോകത്തിലെ ആദ്യത്തെ വനിതാ സംഘടനയാണിത്. ഇത് ഒരു പുരുഷ വിരുദ്ധ സംഘടനയല്ല. സാമൂഹികമായും വ്യക്തിപരമായും പുരുഷനൊപ്പം നിന്ന് തിന്മകളെ പ്രതിരോധിക്കുവാനും നന്മകളെ സ്വായത്തമാക്കുവാനുമുള്ള സംഘശക്തിയാണ്. ആധുനിക സ്ത്രീയുടെ സ്വത്വബോധപ്രതീകമായ ഭൗതികസമൂഹത്തെയല്ല നമ്മൾ അനുകരിക്കേണ്ടത്. വിപ്ലവാത്മകമായ മാനസിക അച്ചടക്കത്തോടെ, സാഹോദര്യബോധത്തോടെ സമൂഹത്തെ നയിക്കുവാനുള്ള കർത്തവ്യം ഓരോ സ്ത്രീയിലും അർപ്പിതമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കൊപ്പം തന്നെ ആധുനിക വിദ്യാഭ്യാസത്തിന്റെ ഗുണങ്ങൾ സ്വായത്തമാക്കിക്കൊണ്ട് ലജ്ന-ഇമായില്ലാഹ് കർമ്മരംഗത്ത് മുന്നേറുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹമദി (അയ്യദുല്ലാഹു)ന്റെ വിവിധ ഉപദേശനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ഇനിയും ഉയരങ്ങളിലേക്കെത്തിച്ചേരുവാൻ നമുക്ക് സാധിക്കുമാറാകട്ടെ എന്നു ദുആ ചെയ്യുന്നു. ●

## കവിത

# ഉണർത്തുപാട്ട്

## മഞ്ജരി

എസ്. വി. സുബൈദ

ജീർണ്ണിച്ചഴുകിയ കലികാലം കണ്ടപ്പോൾ
വാനവും ഭൂമിയും കേഴുകയായ്
ആത്മീയശക്തി ക്ഷയിച്ചുവോ മർത്ത്യരിൽ
ആത്മാവിൻ ചിന്തക്കു മങ്ങലേറ്റു.
ധാർമ്മികബോധം നിശ്ശേഷം നശിച്ചുവോ
അധർമ്മങ്ങളേറെ പെരുകീടുന്നു.
സത്യവും നീതിയും കൈവിട്ടുപോയല്ലോ.
സന്മാർഗ്ഗപാത തകർന്നുപോയി.
ദൈവികസത്തയെപാടെ മറുന്നുവൊ
എന്തേ മാനവാ എന്തു പറ്റി? എന്തേ മാനവാ എന്തുപറ്റി?
ആദിതൊട്ടിന്നോളം വന്നല്ലൊ ദൂതന്മാർ
ദൈവിക സന്ദേശവാഹകരായ്
പതനത്തിലെത്തുന്ന മനുഷ്യകുലത്തിനായി
പിറവികൊള്ളുന്നു പ്രവാചകന്മാർ
ലക്ഷണമൊത്തൊരുവാഗ്ദത്ത മഹദി (മസീഹ്)
കലിയുഗകാലത്താഗതരായ്
ശ്രേഷ്ഠപ്രവാചകൻ മുസ്തഫാതങ്ങൾ തൻ
സുവിശേഷകനായി ദിവ്യദാസൻ
മാനവരാശിതൻ അന്തരാത്മാവിൽ
ഉണർത്തുപാട്ടായി മഹ്ദി വന്നു
അന്തഃകരണത്തീലന്തിയുറങ്ങുന്ന
അന്ധവിശ്വാസങ്ങളകറ്റിടുവാൻ
ശാന്തിസമാധാനം സുസ്നേഹസൗഹൃദം
സാന്ത്വനം സേവനം മാനവരിൽ
ഇസ്ലാമിൻ പാവന സാരോപദേശങ്ങൾ
സുശാന്തമായി സഹചരിൽ ചൊല്ലി മെല്ലെ
മൃദുലമായി തലോടി മാനവലോകത്തെ
ആത്മാവിൻ അന്ധത നീക്കിമെല്ലെ.
മന്ദംമന്ദമായാത്മീയ താരാട്ടിൽ
മാനവമാനസം ഉണർന്നീടവേ
നൂതനമായൊരാകാശഭൂമിയെ
നിർമ്മിതം നിർമ്മലം ശോഭനീയം

## ഈജിപ്തിലെ ഇസ്റായേൽ ജനതയുടെ വാസം: ബൈബിളിന്റെയും ഖുർആന്റെയും സമീപനങ്ങൾ–2

# യോസേഫ് : ബൈബിളിലും ഖുർആനിലും

ഏ.എം. മുഹമ്മദ് സലീം

**ഇസ്രയേലിന്റെ ചരിത്രം വിവരിക്കുന്ന ബൈബിളും ഖുർആനും തമ്മിൽ ബാഹ്യമായി മാത്രമേ സാമ്യതയുള്ളൂ. വിശദാംശങ്ങളിലും സൂക്ഷ്മാം ശങ്ങളിലും നിരവധി വ്യത്യാസങ്ങളും ചിലപ്പോൾ പരസ്പര വൈരുദ്ധ്യ ങ്ങളുമുണ്ട്. ഖുർആന്റേത് യുക്തിഭദ്രവും പൂർവ്വാപരവൈരുദ്ധ്യങ്ങളി ല്ലാത്തതുമാണ്. ബൈബിളിന്റേത് അപ്രകാരമല്ല**

### ബൈബിൾ ചരിത്രരചനയിലെ അപകടം

ബൈബിളിലെ വംശ ദേശീയത യിലധിഷ്ഠിതമായ ചരിത്ര വിവരണം കൊണ്ടുള്ള ദൂഷ്യഫലമെന്താണെ ന്ന തിനെ സംബന്ധിച്ച് നാം ബോധവാ ന്മാരാകേണ്ടതുണ്ട്. എങ്കിൽ മാത്ര മേ സാർവജനീനമായ ഖുർആന്റെ ചരി ത്രവിവരണത്തിന്റേയും അതിന്റെ ശൈലിയുടേയും മേന്മ മനസ്സിലാവൂ. പ്രപഞ്ചത്തേയും അതിലെ മനുഷ്യ രേയും സൃഷ്ടിച്ച ദൈവത്തിന്റെ ഇഷ് ടജനമാണ്, അഥവാ തിരഞ്ഞെടുക്ക പ്പെട്ട ജനമാണ് ഇസ്രയേൽ സമുദാ യം എന്നാണ് ബൈബിൾ അദ്ധ്യാ പ നം. മറ്റു ജനങ്ങളെല്ലാം യഹോവക്ക് രണ്ടാം തരം പൗരന്മാരാണ്. തന്റെ ഇഷ്ടജനമായ യഹൂദികൾക്ക് അതിർ ത്തി തിരിച്ച് ശാശ്വതമായി ഇഷ്ടദാനം നൽകിയ ഭൂമിയാണ് ഫലസ്തീൻ എന്നാണ് ബൈബിൾ പറയുന്നത്. അതുകൊണ്ട് ഫലസ്തീനിൽ ആയി രിക്കണക്കിന് വർഷങ്ങളായി താമസി ച്ചുവരുന്ന അറബികളുടെ ദേശീയ സ്വയം നിർണ്ണയാവകാശമോ പൗര ത്വമോ, ഭൂസ്വത്ത് സംബന്ധിച്ച ഉടമ സ്ഥാവകാശമോ രജിസ്ട്രേഷൻ നിയ മങ്ങളോ യഹൂദികൾക്ക് ബാധകമല്ല കാരണം ആ ഭൂമി ദൈവം വാഗ്ദാ നം ചെയ്തു പോയതാണ്.

ബൈബിൾ പറയുന്നു: *'യഹൂദി കളുടെ പൂർവ്വപിതാവ് എന്ന നിലക്ക്, ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതികൾക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കാനാൻ ദേശം ഒക്കെയും ശാശ്വതവകാശമായി ത്തരും.' (ഉല്പ 17:8) 'ഞാൻ മിസ്രയിം നദി മുതൽ ഫ്രാത്ത് നദിയായ മഹാ നദി വരെയുള്ള ദേശം അവകാശമാ യിത്തരും.' (ഉൽ: 15:18)*

പാലും തേനും ഒഴുകുന്ന ഫല സ്തീൻ ഭൂമി ഇഷ്ടജനമായ യഹൂദി കൾക്ക് വാഗ്ദാനം ചെയ്ത യഹോവ അവരെ തന്നെ നൂറ്റാണ്ടുകളോളം ക്രി സ്തീയ യൂറോപ്പിലെ ജയിൽ മുറിക ളെന്ന് വിശേഷിപ്പിക്കാവുന്ന ഗട്ടോക ളിൽ പീഡിതാവസ്ഥയിലും തനിക്ക് ഇഷ് ടം കുറഞ്ഞ രണ്ടാം തരക്കാരായ അറബികളെ അത്രയും കാലം ഫല സ്തീനിലും പാർപ്പിക്കുകയാണുണ്ടാ യത്. ബൈബിളിൽ യഹൂദർക്ക് ദൈ വം നൽകിയ ഈ വാഗ്ദാനം പാലി ക്കാനാണ് സഹസ്രാബ്ദങ്ങളായി ആ മണ്ണിന്റെ മക്കളായ ഫലസ്തീനികളെ രണ്ടായിരത്തോളം വർഷങ്ങൾക്ക് ശേഷം പുറമെ നിന്നും വന്ന യഹൂദ ർ അടിച്ചുപുറത്താക്കിയത്. നോക്കൂ, ബൈബിളിന്റെ വംശീയതയിലധിഷ്ഠി തമായ ചരിത്ര രചനയുടെയും അത് സൃഷ്ടിക്കുന്ന ചരിത്രബോധത്തിന്റെ യും മാരകമായ പരിണതി!! മധ്യകാ ലഘട്ടത്തിൽ ക്രിസ്ത്യാനികൾ നട ത്തിയ കുരിശു യുദ്ധത്തിന്റെ പ്രചോ ദനവും യാഹോവയുടെ ഈ വാഗ്ദാ നമായിരുന്നു. നാലായിരം വർഷം കഴി ഞ്ഞിട്ടും ഇപ്പോഴും രക്തം ചിന്തി ക്കുന്ന ഈ ചരിത്രവിവരണം എത്ര അപകടകരമാണ്!! ഖുർആൻ ദേശ ങ്ങളും വംശങ്ങളും പ്രതിപാദിച്ച് വംശീയതയും വിഭാഗീയതയും ഊതി പ്പെരുപ്പിച്ചിട്ടില്ല. ഖുർആന്റെ ചരിത്രര ചനയുടെ സവിശേഷതയാണത്.

### യോസേഫിനെ പറ്റി ബൈബിളും ഖുർആനും

ബൈബിളിലെ മുഖ്യ പ്രമേയം ഇസ്രയേൽ ജനതയുടെ ചരിത്രമാ ണല്ലോ. ഖുർആനും ബനി ഇസ്റായേ ലിന്റെ ചരിത്രം വളരെ പ്രാധാന്യ

ത്തോടെയും ആവർത്തിച്ചും പ്രതിപാദിക്കുന്നു. ഈജിപ്തിലേക്ക് പ്രവേശിച്ച ആദ്യത്തെ ഇസ്റായീലി പ്രവാചകനായ യൂസുഫ് നബി (അ)യെക്കുറിച്ച് ഖുർആനിൽ സുദീർഘമായ പ്രതിപാദനമുണ്ട്. അദ്ദേഹത്തിന്റെ നാമം ശീർഷകമായി സ്വീകരിച്ചുകൊണ്ട് 'യൂസുഫ്' എന്ന അദ്ധ്യായവും ഖുർആനിലുണ്ട്. ബനീ ഇസ്റായീൽ സമുദായത്തിലെ ന്യായപ്രമാണ വാഹകനായ മോസസിന്റെ നാമം 34 ഖുർആനിക അധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. 'ബനി ഇസ്റായീൽ' എന്ന ശീർഷകമുള്ള അദ്ധ്യായവും യഹൂദവനിതയായ മർയമിന്റെ നാമത്തിലുള്ള മറ്റൊരദ്ധ്യായവും ഖുർആനിലുണ്ട്.

ഖുർആനിലെ പല ഇസ്രയേലി ചരിത്രങ്ങളും ബൈബിളിൽ നിന്ന് പകർത്തിയതാണെന്നാണ് ക്രിസ്തീയ വിമർശകരുടെ ഏകോപിച്ച ആരോപണം. ഇസ്രയേൽ ചരിത്രത്തിന്റെ ബാ ഹ്യരൂപവുമായി മാത്രമേ ഖുർആനും ബൈബിളുമായി സാമ്യമുള്ളൂ. വിശദാംശങ്ങളിലും മറ്റു സൂക്ഷ്മാംശങ്ങളിലും വ്യത്യാസങ്ങളുണ്ടെന്ന് മാത്രമല്ല വൈരുദ്ധ്യങ്ങളുമുണ്ട്. ഖുർആന്റെ വിവരണങ്ങൾ യുക്തിഭദ്രവും പൂർവ്വാപര വൈരുദ്ധ്യങ്ങളില്ലാത്തതുമാണെന്ന് വസ്തുനിഷ്ഠമായ പഠനങ്ങളിലൂടെ വെളിപ്പെടുന്നു. എന്നാൽ ബൈബിളിന്റെ വിവരണങ്ങൾ പിഴവുകൾ നിറഞ്ഞതും ചരിത്രയുക്തിക്ക് നിരക്കാത്തതും പൂർവ്വാപര വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമാണ്. ഉദാഹരണത്തിനായി ഈജിപ്തിലേക്ക് പ്രവേശിച്ച ആദ്യത്തെ ഇസ്രായേലീ വംശജനായ യൂസുഫ് നബി(അ)യെ പറ്റിത്തതന്നെയെടുക്കാം. ഖുർആനിലെ 'യൂസുഫ്' എന്ന അദ്ധ്യായത്തിന്റെയും ബൈബിളിലെ ഉല്പത്തിയിലേയും ചുരുക്കം ചില പരാമർശങ്ങൾ നമുക്ക് താരതമ്യം ചെയ്യാം. വായനക്കാർ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ വ്യാഖ്യാനത്തിന്റെ സഹായത്തോടെ ഈ രണ്ട് അദ്ധ്യായങ്ങളും സൂക്ഷ്മമായി താരതമ്യം ചെയ്യുന്നത് വിജ്ഞാന പ്രദമായിരിക്കും.

ബൈബിളിലെ പ്രഥമാദ്ധ്യായമായ ഉത്പത്തിയിൽ യോസേഫിന്റെ കഥ ആരംഭിക്കുന്നത് സുദീർഘവും അത്യന്തം വിരസവുമായ വംശാവലി പ്പട്ടിക വിവരിച്ചുകൊണ്ടാണ്. ബൈബിളിലുള്ളതുപോലെ അപ്രസക്തരായ ആളുകളുടെ പേരുകളടങ്ങിയ വംശാവലിയുടെ വിവരണങ്ങളൊന്നും ഖുർആനിൽ കാണുന്നില്ല.

യൂസുഫ് നബി (അ) കാണുന്ന സ്വപ്നത്തെപറ്റി ഖുർആന്റെ പരാമർശം ഇപ്രകാരമാണ്.

*'യൂസുഫ് തന്റെ പിതാവിനോട് പറഞ്ഞ അവസരം 'എന്റെ പിതാവേ, പതിനൊന്ന് നക്ഷത്രങ്ങളെയും സൂര്യനെയും ചന്ദ്രനെയും ഞാൻ ഒരു സ്വപ്നത്തിൽ കണ്ടു. അവ എന്റെ മുന്നിൽ പ്രണമിക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹം പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട മകനേ, നിന്റെ സ്വപ്നം നിന്റെ സഹോദരന്മാരെ അറിയിക്കരുത്. അറിയിച്ചാൽ അവർ നിനക്കെതിരിൽ വലിയ തന്ത്രം ആസൂത്രണം ചെയ്യും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു. (12:5,6)*

ബൈബിളിൽ ഈ സംഭവം ഇങ്ങിനെയാണ് വിവരിച്ചിട്ടുള്ളത്.

*"യോസഫിന് ഒരു സ്വപ്നമുണ്ടായി. അതിനെ പറ്റി സഹോദരന്മാരോട് പറഞ്ഞപ്പോൾ അവർ അയാളെ കൂടുതലായി വെറുത്തു. യോസേഫ് അവരോട് പറഞ്ഞു: 'കേൾക്കൂ. ഞാൻ കണ്ട സ്വപ്നം ഇതാണ്: ' നാം വയലിൽ കറ്റകെട്ടിക്കൊണ്ടിരിക്കുന്നു. അപ്പോൾ അതാ എന്റെ കറ്റ എഴുന്നേറ്റ് നിവർന്നു നിന്നു. നിങ്ങളുടെ കറ്റകളാകട്ടെ താണു ചുറ്റും നിന്ന് എന്റെ കറ്റയെ താണു വന്ദിച്ചു. സഹോദരന്മാർ പറഞ്ഞു: 'നീ ഞങ്ങളുടെ മേൽ ഭരണം നടത്താൻ പോകുകയാണോ? ഞങ്ങളുടെ മേൽ നീ ആധിപത്യം സ്ഥാപിക്കുമോ? അയാളുടെ സ്വപ്നങ്ങളും വാക്കുകളും കാരണം അവർക്ക് അയാളോടുള്ള വെറുപ്പു വർദ്ധിച്ചു. അങ്ങനെയിരിക്കെ യോസേഫ് മറ്റൊരു സ്വപ്നം കണ്ടു. അതും അയാൾ സഹോദരന്മാരോടു വിവരിച്ചു പറഞ്ഞു. 'ഇതാ എനിക്ക് മറ്റൊരു സ്വപ്നമുണ്ടായി സൂര്യനും ചന്ദ്രനും പതിനൊന്ന് നക്ഷത്രങ്ങളും എന്നെ താണു വണങ്ങുന്നു. ഈ സ്വപ്ന ത്തിന്റെ കാര്യം പിതാവിനോടും സഹോദരന്മാരോടും പറഞ്ഞപ്പോൾ പിതാവ് അയാളെ ശാസിച്ചു പറഞ്ഞു. നീ എന്ത് സ്വപ്നമാണ് കണ്ടത്? നിന്റെ അമ്മയും സഹോദരന്മാരും ഞാനും നിന്നെ സാഷ്ടാംഗം നമസ്കരിക്കാൻ വരുമെന്നോ? സഹോദരന്മാർക്ക് അയാളോടു അസൂയ തോന്നി. പിതാവാകട്ടെ ഇക്കാര്യം മനസിൽ സംഗ്രഹിച്ചു. (ഉല്പത്തി 37:5-11)*

ഈ രണ്ട് സ്വപ്ന വിവരണങ്ങളിലും വ്യക്തമായ വ്യത്യാസങ്ങളുണ്ട്. ഖുർആനിൽ യൂസുഫ് (അ) സ്വപ്നം കണ്ട വിവരം സ്നേഹനിധിയായ പിതാവിനോടാണ് പറയുന്നത്. എന്നാൽ ബൈബിളിൽ യോസേഫ് കണ്ട രണ്ട് സ്വപ്നങ്ങളും സഹോദരന്മാരോടാണ് ആദ്യം പറയുന്നത്. പിന്നീടാണ് പിതാവിനോട് പറയുന്നത്. ആദ്യത്തെ സ്വപ്നം സഹോദരന്മാരോട് വിവരിച്ചപ്പോൾ തന്നെ അവർക്ക് യോസേഫിനോട് കൂടുതൽ വെറുപ്പ് ഉണ്ടായതായി ബൈബിൾ പറയുന്നു. എന്നിരിക്കെ രണ്ടാമത്തെ സ്വപ്നവും വീണ്ടും സഹോദരന്മാരോടു തന്നെ പറയുന്നു എന്നതിൽ അനൗചിത്യ വും അയുക്തികതയുമുണ്ട്. ഖുർആൻ വിവരിക്കുന്ന സ്വപ്നത്തിൽ **പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും** യൂസുഫിന് വണങ്ങുന്നതായിട്ടാണ് പറയുന്നത്. ബൈബിളിൽ ഇത് നേർവിപരീത ക്രമത്തിലാണ്. അതായത് **'സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും'** എന്നാണ്. വാസ്തവത്തിൽ പിന്നീടുള്ള സ്വപ്നത്തിന്റെ പുലർച്ചയെന്നോണമുണ്ടായ സംഭവങ്ങൾ ഖുർആൻ പറഞ്ഞ ക്രമത്തിലാണ് സംഭവിച്ചത്. ബൈബിളിന്റെ ക്രമത്തിലല്ല. അതായത് ഈജിപ്തിൽ യൂസുഫ് (അ) ഉന്നത സ്ഥാ

നത്ത് അവരോധിതനായപ്പോൾ ആ ദ്യം സന്ദർശകരായി വന്നത് പതിനൊന്ന് സഹോദരന്മാരാണ്. (പതിനൊന്ന് നക്ഷത്രങ്ങൾ) പിന്നീടാണ് പിതാവും മാതാവും (സൂര്യനും ചന്ദ്രനും) വരുന്നത്.

മറ്റൊരു വ്യത്യാസം ഖുർആനിൽ പിതാവിനോടു യൂസുഫ് (അ) തന്റെ സ്വപ്നം വിവരിച്ചപ്പോൾ പിതാവ് വളരെ സ്നേഹവാൽസല്യത്തോടെയാണ് മകന് സഹോദരന്മാരിൽ നിന്നുമുണ്ടാകുന്ന ഭവിഷ്യത്തിനെ പറ്റി പറയുന്നത്. എന്നാൽ ബൈബിളിൽ വളരെ കാർക്കശ്യത്തോടെയും നീരസത്തോടുമാണ് സ്വപ്നം വിവരിച്ച യോസേഫിനോടു പിതാവ് പെറുമാറുന്നത്. അതായത് യോസേഫിനോട്: *'നീ എന്ത് സ്വപ്നമാണ് കണ്ടത്? നിന്റെ അമ്മയും സഹോദരന്മാരും ഞാനും നിന്നെ സാഷ്ടാംഗം നമസ്കരിക്കാൻ വരുമെന്നോ? സഹോദരന്മാർക്ക് അയാളോട് അസൂയ തോന്നി. പിതാവാകട്ടെ ഇക്കാര്യം മനസ്സിൽ സംഗ്രഹിച്ചു' (ഉൽപത്തി 37:11)*

യൂസഫി(അ)നെ തന്റെ സഹോദരന്മാർ തങ്ങളുടെ കൂടെ കൊണ്ടുപോകാൻ പിതാവിനോടു അഭ്യർത്ഥിച്ചപ്പോൾ വളരെ ദുഃഖത്തോടെയാണ് അദ്ദേഹം യൂസുഫി(അ)നെ അവരോടൊപ്പം അയക്കുന്നതെന്ന് ഖുർആൻ പറയുന്നു: *'നാളെ അവനെ ഞങ്ങളോടൊപ്പം (സഹോദരന്മാർക്കൊപ്പം) അയച്ചുതരിക. അവൻ ആനന്ദിച്ചു നടക്കുകയും കളിക്കുകയും ചെയ്തുകൊള്ളട്ടെ. തീർച്ചയായും ഞങ്ങൾ അവനെ കാത്തുരക്ഷിക്കുന്നവരാണ്. അദ്ദേഹം (യുസുഫിന്റെ പിതാവ്) പറഞ്ഞു. "നിങ്ങൾ അവനെ കൊണ്ടുപോകുന്നത് തീർച്ചയായും എന്നെ ദുഃഖിപ്പിക്കുന്നു. നിങ്ങൾ അവനെക്കുറിച്ച് അശ്രദ്ധനായിരിക്കെ ചെന്നായ് അവ നെ (പിടിച്ച്) തിന്നുകളയുമെന്ന് ഞാൻ ഭയപ്പെടുന്നു"* (ഖുർആൻ: 12, 13, 14). എന്നാൽ ബൈബിളിൽ യോസേഫിനെ തന്റെ പിതാവ് സ്വമേധയാ സഹോദരന്മാരുടെ അടുക്കലേക്ക് കൊണ്ടുപോകുന്നതായിട്ടാണ് കാണുന്നത്: *"ഇസ്രായേൽ (യോസേഫിന്റെ പിതാവ്) യോസേഫിനോട് പറഞ്ഞു: 'നിന്റെ സഹോദരന്മാർ ശേഖേമിലല്ലയോ ആടിനെ മേയ്ക്കുന്നത്? വരുക ഞാൻ നിന്നെ അവരുടെ അടുക്കൽ പറഞ്ഞയക്കാം (ഉല്പത്തി 37:12)*

ഖുർആനിൽ യുസൂഫിന്റെ (അ) സഹോദരന്മാർ അദ്ദേഹത്തെ ആഴമുള്ള കിണറ്റിൽ ഇടുകയും അതുവഴി വന്ന യാത്രാസംഘം യൂസുഫി (അ)നെ കിണറ്റിൽ കണ്ടെത്തുകയും അവർ ഈജിപ്തിൽ ഒരു കച്ചവടച്ചരക്കായി അദ്ദേഹത്തെ നിസ്സാരമായ ഏതാനും വെള്ളിത്തുട്ടുകൾക്ക് വിൽക്കുകയും ചെയ്തതായിട്ടാണ് വിവരിക്കുന്നത് (ഖുർആൻ 12:16-21). എന്നാൽ ബൈബിളിൽ സ്വന്തം സഹോദരന്മാർ തന്നെ ഇരുപത് ശേക്കൽ വെള്ളിക്ക് കച്ചവടക്കാർക്ക് വിൽക്കുകയാണ് ചെയ്തത്. (ഉൽപത്തി 37:28) ഇവിടെയും ഖുർആന്റെ വിവരണമാണ് യുക്തിഭദ്രമായി തോന്നുന്നത്. യൂസുഫിനെ ഉന്മൂലനം ചെയ്യുകയായിരുന്ന സഹോദരന്മാരുടെ ലക്ഷ്യം. അതുകൊണ്ട് അദ്ദേഹത്തെ അവർ വില്ക്കാൻ നോക്കില്ല. കിണറ്റിലിടുകയാണ് അതിനു യോജിച്ച വഴി സഞ്ചാരികളായ യാത്രാസംഘം യൂസുഫിനെ കിണറ്റിൽ നിന്നെടുക്കുകയും ഈജിപ്തിൽ വില്ക്കുകയുമാണ് ചെയ്യുന്നത്. ഇതാണ് ഖുർആൻ വിവരിക്കുന്നത്. വിറ്റു പണമുണ്ടാക്കലായിരുന്നില്ല അവരുടെ ലക്ഷ്യം. 20 ശേഖൽ വെള്ളി 0.2 കിലോ ഗ്രാം വെള്ളിക്ക് തുല്യമാണെന്ന് ചില ആധുനിക പണ്ഡിതന്മാർ പറയുന്നു.

മറ്റൊരു വ്യത്യാസം ഇങ്ങനെയാണ്. ബൈബിളിൽ യോസേഫിനെ ഒരു കാട്ടുമൃഗം ചീന്തിക്കളഞ്ഞു എന്ന സഹോദരന്മാരുടെ കള്ളക്കഥ പിതാവ് വിശ്വസിക്കുന്നതായി നമുക്ക് വായിക്കാം:

*'ഇത് എന്റെ പുത്രന്റെ അങ്കി തന്നെ. ഏതോ കാട്ടുമൃഗം അവനെ തിന്നുകളഞ്ഞു. എന്റെ പുത്രൻ യോസേഫിനെ ചീന്തിക്കീറിയിരിക്കും' (ഉൽപത്തി: 37:33).* എന്നാൽ ഖുർആനിൽ സഹോദരന്മാരുടെ ഈ വ്യാജവാർത്ത പിതാവ് വിശ്വസിക്കുന്നില്ല: *'അദ്ദേഹത്തിന്റെ (യൂസുഫിന്റെ) കുപ്പായത്തിന്മേൽ കൃത്രിമ രക്തവും കൊണ്ട് അവർ ചെന്നു. അദ്ദേഹം (യഅ്ഖൂബ്) പറഞ്ഞു: 'അല്ല! നിങ്ങൾക്ക് നിങ്ങളുടെ മനസ്സുകൾ ഏതോ ഒരു (ചീത്ത) കാര്യത്തെ ഭംഗിയാക്കി തന്നിരിക്കുകയാണ്. (അത് നിങ്ങൾ പ്രവർത്തിച്ചിരിക്കുന്നു). അതിനാൽ ഭംഗിയായ ക്ഷമയാണ് (എനിക്ക് ഉത്തമം) (ഖുർആൻ. 12:19).* പക്ഷേ തന്റെ പുത്രൻ യോസേഫിനെ കാട്ടുമൃഗം തുണ്ടമാക്കി എന്ന് പ്രവാചകനായ യാക്കോബ് വിശ്വസിച്ചു എന്ന് പറയുന്ന ബൈബിൾ മറ്റൊരിടത്ത് ഈ കള്ളക്കഥ അദ്ദേഹം വിശ്വസിച്ചില്ല എന്ന ഖുർആന്റെ വാദത്തെ അംഗീകരിക്കുന്നതായി സൂചനയുണ്ട്. ബെന്യമിനെ ഈജിപ്തിലേക്ക് കൊണ്ടുപോകാൻ വിട്ടുതരണമെന്ന് സഹോദരന്മാർ അഭ്യർത്ഥിച്ചപ്പോൾ യാക്കോബിന്റെ പ്രതികരണത്തിൽ നിന്നാണ് നമുക്ക് ഈ സൂചന ലഭിക്കുന്നത്:' *അറിയാമല്ലോ ഒരുത്തൻ (യോസേഫ്) എന്നെ വിട്ടുപോയി. അവനെ കാട്ടുമൃഗങ്ങൾ ചീന്തിക്കളഞ്ഞു. പിന്നീട് ഒരിക്കലും ഞാനവനെ കണ്ടിട്ടില്ല. (ഉൽപത്തി 44:28)* ഈ വചനത്തിൽ നിന്നും യാക്കോബ് പുത്രന്മാരുടെ കള്ളക്കഥ വിശ്വസിച്ചിട്ടില്ല എന്നു വേണം അനുമാനിക്കാൻ. ദുഃഖത്തോടെ അദ്ദേഹം പറഞ്ഞ ഈ വചനം ഒരു നിഷേധോക്തിയാണ്. അല്ലെങ്കിൽ 'പിന്നീട് ഒരിക്കലും ഞാനവനെ കണ്ടിട്ടില്ല.' എന്ന് യാക്കോബ് പറയേണ്ടിയിരുന്നില്ല.

ഖുർആനിലെ ഒരു സംഭവമിങ്ങനെയാണ്: ഈജിപ്തിൽ താൻ താമസിച്ച വീട്ടിലെ ഗൃഹനായിക യൂസുഫി(അ)നെ വശംവദനാക്കാൻ ബലമായി ശ്രമിച്ചപ്പോൾ അത് ദൃഷ്ടിയിൽപ്പെട്ട ഗൃഹനാഥനോട് ഭാര്യ യൂസുഫിനെ (അ) പറ്റി പരാതി പറയുകയും യൂസുഫി(അ)ന്റെ വിശദീകരണം കേട്ടപ്പോൾ ഗൃഹനാഥൻ ഭാര്യയെ ശാസിക്കുകയുമാണ് ചെയ്തത്. ഖുർആൻ ഗൃഹനാഥന്റെ പ്രതികരണം ഇങ്ങനെ

വിവരിക്കുന്നു: 'അദ്ദേഹം (ഗൃഹനാഥൻ) ഭാര്യയോടു പറഞ്ഞു: 'തീർച്ചയായും ഇത് (സ്ത്രീകളായ) നിങ്ങളുടെ കുതന്ത്രങ്ങളിൽപെട്ടതാണ് നിങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ. (അദ്ദേഹം പറഞ്ഞു): 'യൂസുഫ് നീ ഇതിനെ അവഗണിക്കുക; സ്ത്രീയോ നിന്റെ പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുക. തീർച്ചയായും കുറ്റക്കാരി നീ തന്നെയാണ്' (ഖുർആൻ 12:30). എന്നാൽ ബൈബിളിൽ ഗൃഹനാഥന്റെ ഭാര്യയുടെ ഭാഗത്താണ് സത്യമെന്ന് ബോധ്യമാവുകയും ഗൃഹനാഥൻ യോസേഫിനോട് കോപിക്കുന്നതുമാണ് കാണുക. "അങ്ങയുടെ ദാസൻ ഈ വിധത്തിലാണ് എന്നോട് (ഗൃഹനായിക) പെരുമാറിയത് എന്ന് ഭാര്യ പറയുന്നത് കേട്ടപ്പോൾ അദ്ദേഹം കോപം കൊണ്ടു ജ്വലിച്ചു. യജമാനൻ യോസേഫിനെ രാജാവിന്റെ തടവുകാരെ അടച്ചിരുന്ന ജയിലിൽ അടച്ചു" (ഉല്പത്തി 39:19).

സ്ത്രീകളുടെ ഹിതത്തിന് വശംവദനായി നീചകൃത്യം ചെയ്യുന്നതിനേക്കാൾ തനിക്ക് ജയിൽശിക്ഷ മതി എന്ന് പ്രവാചകനായ യൂസുഫ് നബി(അ) പ്രാർത്ഥിച്ചതിന്റെ ഫലമായിട്ടാണ് ദൈവം അദ്ദേഹത്തെ കുറച്ചുനാളത്തേക്ക് ജയിലിലടക്കപ്പെടാൻ കാരണമായതെന്ന് ഖുർആനിൽ കാണാം. അദ്ദേഹം (യൂസുഫ്) പറഞ്ഞു: എന്റെ നാഥാ! അവർ (ആ സ്ത്രീകൾ); എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളുമെനിക്കിഷ്ടം തുറുങ്കാണ്' നീ അവരുടെ കുതന്ത്രത്തെ എന്നിൽ നിന്നും തിരിച്ചുവിട്ടില്ലെങ്കിൽ ഞാൻ അവരിലേക്ക് ചാഞ്ഞുപോകുകയും അങ്ങനെ (ഞാൻ) വിവരക്കേട് പ്രവർത്തിക്കുന്നവരിൽ പെട്ടവനായിതീരുകയും ചെയ്യും. അങ്ങനെ അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തിന് (പ്രാർത്ഥനക്ക്) ഉത്തരം നൽകി. അവരുടെ കുതന്ത്രങ്ങളെ അദ്ദേഹത്തിൽ നിന്ന് തിരിച്ചുകളയുകയും ചെയ്തു. നിശ്ചയമായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവുമാണ്. പിന്നീട് (നിരപരാധിത്വത്തിന്റെ) അടയാളങ്ങൾ കണ്ടതിനുശേഷം അദ്ദേഹത്തെ കുറച്ച് കാലത്തേക്ക് തുറുങ്കിലടക്കുക തന്നെ ചെയ്യണമെന്ന് അവർക്ക് തോന്നി.(12:36) ഈ ജയിൽശിക്ഷ യൂസുഫ് നബിയെ കുറ്റക്കാരനാക്കി ഗൃഹനായികയുടെ അഭിമാനം സംരക്ഷിക്കാനുള്ള ഉപായമായിക്കാം. അപ്രകാരം തന്നെ സ്ത്രീകളുടെ പ്രലോഭനങ്ങളിൽ നിന്നും രക്ഷിക്കാൻ ദൈവം നടപ്പാക്കിയ ഒരു രക്ഷോപാധിയുമായിരിക്കാം. ഏതായാലും ഗൃഹനാഥന് അദ്ദേഹം നിരപരാധിയാണെന്ന് പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. എന്നാണ് ഖുർആൻ പറയുന്നത്.

ഈജിപ്തിൽ ഉന്നതാധികാര സ്ഥാനത്ത് ജോസഫ് അവരോധിതനായപ്പോൾ തന്റെ സഹോദരന്മാർ കനാൻ (ഫലസ്തീൻ) ദേശത്തു നിന്നും ക്ഷാമകാലത്ത് ധാന്യങ്ങൾ ശേഖരിക്കാനായി ഒട്ടകങ്ങളുമായിട്ടാണ് എത്തിയിരുന്നതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അവരുടെ സംഭാഷണശകലങ്ങളിലൊന്ന് ഇപ്രകാരമാണ്'. 'ഒരു ഒട്ടകം ഏറ്റുന്ന ധാന്യ അളവ് നമുക്ക് കൂടുതൽ ലഭിക്കുന്നതുമാണ്' (ഖുർആൻ 12:66). എന്നാൽ ബൈബിളിൽ യോസേഫിന്റെ സഹോദരന്മാർ ഫലസ്തീനിൽ നിന്നും കഴുതപ്പുറത്താണ് ധാന്യങ്ങൾ ശേഖരിക്കാൻ വന്നതെന്ന് പറയുന്നു. 'ബൈബിൾ വിവരണം ഇപ്രകാരം. "കാര്യസ്ഥൻ അവരെ (സഹോദരന്മാരെ) യോസേഫിന്റെ വീടിനകത്തേക്കു കൊണ്ടുപോയി. അയാൾ അവർക്കു വെള്ളം കൊടുത്തു. അവർ കാൽ കഴുകി. അവർ അവരുടെ കഴുതകൾക്ക് തീറ്റയും കൊടുത്തു. (ഉല്പത്തി 43:24). ഈജിപ്തിനും ഫലസ്തീനിനുമിടയിൽ ധാരാളം മരുഭൂമികളും വരണ്ടപ്രദേശങ്ങളും നിറഞ്ഞ സ്ഥലങ്ങളുണ്ട്. ചുരുങ്ങിയത് അഞ്ഞൂറിലധികം കിലോമീറ്ററുകൾ ദൂരെയാണ്. അത്രയധികം ദൂരമുള്ള സ്ഥലത്തേക്ക് കഴുതകളുമായി ധാന്യം ശേഖരിക്കാൻ വരുക എന്നത് യുക്തിസഹമല്ല. ഖുർആൻ വിവരിച്ചത് പോലെ ഒട്ടകമായിരിക്കണം അവർ ഉപയോഗിച്ച മൃഗം. മാത്രമല്ല, യോസേഫിന്റെ പിതാവായ യാക്കോബ് സാധാരണ സവാരിക്കുപയോഗിക്കുന്ന മൃഗം ഒട്ടകമാണെന്ന് ബൈബിൾ തന്നെ മറ്റൊരു സ്ഥലത്ത് പറയുന്നു. 'ഇത് കേട്ടപ്പോൾ യാക്കോബ് ഭാര്യമാരെയും പുത്രന്മാരെയും ഒട്ടകപ്പുറത്തു കയറ്റി. എല്ലാ കന്നുകാലികളേയും താൻ നേടിയെടുത്ത എല്ലാ മൃഗങ്ങളേയും പദ്ദാൻ അറാമിൽ നിന്നു നേടിയതൊക്കെയും ആയി കനാൻ ദേശത്തിലുള്ള തന്റെ പിതാവായ ഇസ്ഹാഖിന്റെ അടുക്കലേക്ക് പോയി (ഉൽപ:31:17, 18).

(തുടരും)

(17 -ാം പേജിൽ നിന്ന് തുടർച്ച)

കോപ്പുകൾ അത് പുറത്തെടുക്കുകയും ചെയ്യുന്നു. അതിലെ വചനാമൃതങ്ങൾ പൊള്ളമതങ്ങളുടെ കേന്ദ്രങ്ങളിൽ തീപ്പന്തങ്ങളായാണ് പതിക്കുന്നത്. അതിന്റെ പ്രഹരം കള്ളദൈവങ്ങളെയും ദുർദ്ദേവതകളെയും ഭസ്മീകരിക്കുന്നു. സാത്താന്റെ വിദ്രോഹങ്ങളിൽ നിന്നുള്ള ആത്മീയപ്രതിരോധമാണത്. അവിചാരിതമായ ആപത്തുകളിൽ നിന്നും ദുർഘടസന്ധികളിൽ നിന്നും ഫാത്തിഹ രക്ഷയൊരുക്കുന്നു. വാഗ്ദത്ത മസീഹ് (അ) പറയുകയാണ്.

''വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ ഈ വിനീതദാസൻ ഉറപ്പിച്ചു പറയട്ടെ, സൂറാഫാത്തിഹ സത്യത്തിൽ ദൈവികമായ തേജസ്സിന്റെ പ്രകാശനമാകുന്നു. അതു ഉരുവിടുന്ന അവസരങ്ങളിലൊക്കെ അല്ലാഹുവിന്റെ തിരുവചനത്തിന്റെ ഔന്നത്യവും മേന്മയും ചിത്രണം ചെയ്യുന്ന തരത്തിലുള്ള അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കപ്പെടാറുണ്ട്. ഈ അനുഗൃഹീത സൂക്തത്തിന്റെ കടാക്ഷത്താലും അതിന്റെ ആവർത്തിച്ചുള്ള ഉരു

(ശേഷം 39 -ാം പേജിൽ)

# മുസ്ലിംകൾ മറന്നുപോയ സൂക്തം

ഏ.പി. കുഞ്ഞാമു

**ഭൂമി വരണ്ടുണങ്ങുമ്പോൾ ആകാശത്ത് നിന്ന് ജലവർഷമുണ്ടാവുകയും ഹരിതാഭമായ ജീവരാശികൾ പൊട്ടി മുളക്കുകയും ചെയ്യുന്നു. ഈ പ്രകൃതിപ്രതിഭാസം പോലെ ആത്മീയതയും ധാർമ്മികതയും ക്ഷയിച്ച് മനുഷ്യസമൂഹം മരുസ്ഥലി പോലെയാവുമ്പോൾ ആത്മീയജീവജലമായി പ്രവാചകന്മാർ അവതരിച്ച് സമൂഹത്തെ ഉജ്ജീവിപ്പിക്കുന്നു**

*'നാം നിനക്ക് അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമാണിത്. അവർ ഇതിലെ വചനങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാനും ബുദ്ധിമാന്മാർ ഉപദേശം കരസ്ഥമാക്കുവാനും വേ ണ്ടി'* (38:30). ഖുർആനിക വചനങ്ങൾ അവധാനപൂർവ്വം വായിക്കാനും ചിന്തിക്കാനും ആ പവിത്ര ഗ്രന്ഥം മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ എത്രയെത്ര ആയത്തുകളെയാണ് മനുഷ്യൻ അശ്രദ്ധമായി വിട്ടുകളയുന്നത്. ഈ വസ്തുത നിരവധി വചനങ്ങളിൽ ഖുർആൻ വിവരിക്കുന്നു. ഏതെങ്കിലും ഒരു തത്ത്വം ഒരു പണ്ഡിതൻ ലോകസമക്ഷം സമർപ്പിച്ചാൽ അത് മുന്നുംപിന്നും നോക്കാതെ പുണരുന്ന ഒരു സ്വഭാവം മുസ്ലിംകൾക്ക് ഉണ്ട്. എന്നാൽ ഇത് സത്യവിശ്വാസികളുടെ ലക്ഷണമല്ല. ഖുർആൻ പറയുന്നു: *'അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ ബധിരരും അന്ധരുമായി അവരതിനെ കൈകാര്യം ചെയ്യുകയില്ല.'* (25:74) ഇങ്ങിനെ നിക്ഷിപ്ത താല്പര്യക്കാരായ പണ്ഡിതന്മാർ ദൈവികവചനങ്ങൾ ഓതി അവരുടെ അഭിപ്രായങ്ങൾ പറയുമ്പോൾ അന്ധമായി അതിനെ അനുകരിച്ചതിന്റെ തിക്തഫലമാണ് ഇപ്പോൾ മുസ്ലിം സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

മഴ വർഷിക്കുക എന്ന പ്രതിഭാസം പ്രകൃതിയിൽ എല്ലാ കൊ ല്ലവും ചാക്രികമായി സംഭവിക്കുന്നതിനായി നാം കാണുന്നു. ദൈവത്തിന്റെ ഒരു അനുഗൃഹീത പ്രതിഭാസമാണ് ഇത്. ഈ കൊല്ലം വരെ അതു ഉണ്ടായി. ഇനി അടുത്ത കൊല്ലവും അതു തുടരും. കാരണം അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽ നീ ഒരു മാറ്റവും കാണുകയില്ല എന്ന് വിശുദ്ധ വചനങ്ങൾ തറപ്പിച്ചു പറയുന്നു. അതേപോലെ അനസ്യൂതം തുടരുന്ന ഒരു നടപടിക്രമമാണ് മനുഷ്യസമൂഹം ഭൂരിഭാഗവും ധാർമ്മികമായും ആത്മീയമായും അധഃപതിച്ചാൽ അവരെ പുനരുദ്ധരിക്കുക എന്നത് ഭൂമി ഉഷ്ണം കൊ ണ്ടു പൊട്ടി പിളരാറാകുമ്പോൾ മഴ വർഷിച്ചു അതിന് ജീവൻ നൽകുന്നതുപോലെയുള്ള ഒരവസ്ഥയാണ്. മനുഷ്യർ ധർമ്മജീവിതത്തിൽ നിന്നും അകന്നു ജീവിക്കുകയും സമൂഹം ധാർമികമായി മരുപ്പറമ്പാവുകയും ചെയ്യുമ്പോൾ അല്ലാഹു തന്നെ ഒരാളെ തിരഞ്ഞെടുത്തു അയക്കുന്ന സമ്പ്രദായമാണിത്. ചില പ്രവാചകന്മാർ മുഖേന ആത്മീജ്ഞാനവും ഗ്രന്ഥവും അവതരിപ്പിക്കുന്നു. എന്നാൽ പ്രസ്തുത ഗ്രന്ഥത്തിൽ നിന്നും മനുഷ്യർ അകന്ന് ജീവിക്കുമ്പോൾ പ്രസ്തുത ഗ്രന്ഥത്തിലേക്ക് തന്നെ മനുഷ്യരെ വഴി നടത്താൻ പ്രവാചകന്മാർ ആവിർഭവിക്കുന്നു. ഈ നടപടിക്രമത്തെ പ്രതിരോധിക്കാൻ മാത്രം "ഖാത്തമുന്നബിയ്യീൻ" എന്ന പദത്തിന് ശക്തിയില്ല. ഞാൻ ചില മുജാഹിദ് പണ്ഡിതന്മാരുമായി ഇതുസംബന്ധിച്ചു സംസാരിച്ചതിൽ 'ഖാത്തമുന്നബിയ്യീൻ" എന്ന ആയത്തു കൊണ്ടു റസൂൽ തിരുമേനി (സ) അന്ത്യപ്രവാചകനാണെന്ന് അറബി ഭാഷ കൊണ്ടു സമർത്ഥിക്കാൻ പറ്റില്ല എന്ന് പറയുകയുണ്ടായി. അതായത് ഒരു സമൂഹനാമത്തോടൊപ്പം 'ഖാത്തം' ചേർന്നാൽ ആ സമൂഹത്തിലെ ശ്രേഷ്ഠനെന്നോ, പരിപൂർണ്ണനെന്നോ മാത്രമെ അർത്ഥം വരുകയുള്ളൂ. ഈ കാര്യത്തിന് ഹദീസുകളിലും അറബി സാഹിത്യത്തിലും ധാരാളം തെളിവുകൾ കാണാവുന്നതാണ്. അപ്പോൾ ഇത്രയും ശക്തമല്ലാത്ത ഒരു തെളിവ് ഉദ്ധരിച്ച് അല്ലാഹുവിന്റെ അനസ്യൂതം തുടർന്നുവരുന്ന ഒരു നടപടിക്രമത്തെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നത്

വളരെ ഗുരുതരമായ പ്രശ്നമാണ്. എന്നാൽ ഇതിന് വിരുദ്ധമായി വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങൾ അല്ലാഹുവിന്റെ പ്രസ്തുത സമ്പ്രദായം നിർത്തൽ ചെയ്യപ്പെട്ടിട്ടില്ല എന്ന് തെളിയിക്കുന്നതായി കാ ണാൻ സാധിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങളിൽ വിശുദ്ധ ഖുർആന്റെ അനുവാചകർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്ന് തോന്നുന്നു. അത്തരം ഒരു സൂക്തമാണ് ഈ ലേഖനത്തിലെ വിഷയമായി തിരഞ്ഞെടുത്തത്. അല്ലാഹു പറയുന്നു: *നല്ലതിൽ നിന്നും ചീത്തയെ (ഉത്തമന്മാരിൽ നിന്ന് അധമന്മാരെ) വേർതിരിക്കുന്നതുവരെ നിങ്ങൾ ഇപ്പോഴുള്ള സ്ഥിതിയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകഇല്ല തന്നെ. അല്ലാഹു നിങ്ങൾക്ക് അധികമായ പരോക്ഷസംഗതികൾ വെളിപ്പെടുത്തിത്തരുന്നതല്ല. പക്ഷെ അല്ലാഹു താൻ ഇച്ഛിക്കുന്നവരെ തന്റെ ദൂതരായി തിരഞ്ഞെടുക്കുന്നതാണ്. ആകയാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും ഭക്തിമാർഗ്ഗം അവലംബിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്.* (3:180)

ഇവിടെ അല്ലാഹു രണ്ടുകാര്യങ്ങളാണ് പറഞ്ഞുതരുന്നത്. അതിൽ പ്രധാനമായത് ഇന്നുള്ള ഈ അവസ്ഥയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകയില്ല. ഇവരിൽ നിന്ന് സത്യവാന്മാരേയും അധമന്മാരെയും വേർ തിരിക്കണം. ആ വേർതിരിക്കൽ ഒരു പ്രവാചകനെ നിയോഗിച്ചുകൊണ്ടാണ് അല്ലാഹു നിർവ്വഹിക്കുക. ആ പ്രവാചകനിൽ വിശ്വസിച്ചവർ ഉത്തമന്മാരും, അവിശ്വസിച്ചവർ അധമന്മാരുമായിരിക്കും. രണ്ടാമത്തെ പ്രസക്തമായ കാരണം ഭാവിയിൽ സംഭവിക്കാനുള്ള കാര്യങ്ങൾ അവൻ അറിയിച്ചുകൊടുക്കുന്നതും ഈ തിരഞ്ഞെടുക്കുന്ന പ്രവാചകന്മാർ മുഖേനയാണ്. അവരിൽ വിശ്വസിക്കാൻ അല്ലാഹു ആജ്ഞാപിക്കുകയാണ് ചെയ്യുന്നത്. ഇതിലെ സംബോധിതർ റസൂൽ തിരുമേനിയിൽ വിശ്വസിച്ച വിശ്വാസികളാണെന്ന് പ്രത്യേകമായി വിശുദ്ധ ഖുർആൻ ഇവിടെ ഉണർത്തുന്നു. ഈ സൂക്തം ഖുർആനിൽ ഉള്ളേടത്തോളം ഒരു പ്രവാചകന്റെ അവതരണവും വിശുദ്ധ ഖുർആനെ പ്രമാണമാക്കി ഉണ്ടാവുന്നതല്ലെന്ന് പറയാൻ നീതിബോധമുള്ള ഒരാൾക്ക് പറ്റുമോ?

അവസാനകാലത്ത് എന്റെ സമുദായം യഹൂദി നസാറാക്കളേ മുഴത്തിന് മുഴമായും ചാണിന് ചാണായും പിൻപറ്റുമെന്നും അവർ 72 കക്ഷികളായി പിരിഞ്ഞെങ്കിൽ എന്റെ സമുദായം 73 കക്ഷികളായി പിരിയുമെന്നും 72ഉം നരകത്തിലായിരിക്കുകയും അതിൽ ഒന്നു മാത്രം മോക്ഷപ്രാപ്തിക്ക് അർഹരായിരിക്കുമെന്നും. അവർ ഞാനും എന്റെ സഹാബത്തുംപോലെയുള്ളവരാണെന്നും തിരുമേനി (സ:അ) പറയുകയുണ്ടായി. ഇതാണ് നല്ലതിൽ നിന്ന് ചീത്തയെ വേർതിരിക്കൽ. 72ഉം നരകത്തിൽ എന്നു പറയുമ്പോൾ വളരെ അധികം ഗൗരവത്തോടെ നാം ഈ കാര്യത്തിന് വില കൽപിക്കേണ്ടിയിരിക്കുന്നു. 'ഞാനും സഹാബത്തും ഉള്ളതുപോലെ' എന്നു പറഞ്ഞതിന്റെ വിവക്ഷ ഒരു പ്രവാചകനും അനുചരന്മാരും ഉള്ള അവസ്ഥയെപറ്റി തന്നെയാണെന്ന് യാതൊരുവിധ സംശയത്തിനും ഇടനൽകാതെ ഇവിടെ പറഞ്ഞിരിക്കുകയാണ്. അതുതന്നെയാണ് ഇവിടെ സംഭവിച്ചതും.

വളരെ പ്രചാരത്തിലുള്ളതും നീണ്ടതുമായ ഒരു ഹദീസിൽ ഖിലാഫത്തിന് സംഭവിക്കുന്ന വ്യതിയാനങ്ങൾ തിരുമേനി(സ:അ) വളരെ വിശദമായി പ്രവചിച്ചത് വളരെ വ്യക്തമായ നിലയിൽ പൂർത്തിയായതായി നാം കണ്ടു. അവസാനം തുർക്കി ഖിലാഫത്തും മുസ്ലിംകൾക്ക് നഷ്ടപ്പെട്ടു പിന്നെ ആവിർഭവിക്കേണ്ട ഖിലാഫത്ത് ഖിലാഫ മിൻ ഹാജിൻ നബുവു ആയിരുന്നു. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. റസൂൽ തിരുമേനി (സ) വാഗ്ദത്തം ചെയ്തതനുസരിച്ച് മഹ്ദീമസീഹും ഖുർആനെ ഉദ്ധരിക്കാൻ വന്ന പ്രവാചകനുമായ ഹദ്റത്ത് അഹ്മദ് (അ) തക്കസമയത്തു വന്നുകൊണ്ടു താൻ വാഗ്ദത്ത മഹ്ദീമസീഹാണെന്ന് വാദിച്ചു. ആ പുണ്യാത്മാവിന്റെ വിയോഗത്തിന് ശേഷം അദ്ദേഹത്തിന്റെ ഖലീഫമാർ ജമാഅത്തിനെ നിരന്തരം സംസ്കരിച്ചുകൊണ്ടിരിക്കുന്നു. ഭരിക്കുന്ന ഇത് തന്നെയാണ് നല്ലതിൽ നിന്നുള്ള ചീത്തയെ വേർതിരിക്കുന്ന പ്രസ്തുത പ്രക്രിയ.

ഈ ആയത്തിൽ പ്രയുക്തമായ യജ്തബി, യശാഅ് ഇവ രണ്ടും വർത്തമാനകാലത്തേയോ, ഭാവികാലത്തേയോ കുറിക്കുന്നതാണ്. ഇവിടെ സംബോധിതർ "മുഅ്മിനീങ്ങൾ" അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരായതുകൊണ്ട് ഈ ആയത്തു തിരുമേനിക്ക് ശേഷം ഭാവിയിൽ സംഭവിക്കേണ്ടതാണെന്ന് മനസ്സിലാക്കിത്തരുന്നു. ഇതിന് ധാരാളം ഉദാഹരണങ്ങൾ വിശുദ്ധ ഖുർആനിൽ തന്നെയുണ്ട്. ഉദാ: അല്ലാഹു ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. അവൻ ഇച്ഛിക്കുന്നവർക്ക് കണക്കില്ലാതെ നല്കുന്നു. ഇവിടെയൊക്കെ അല്ലാഹു തുടർന്നുകൊണ്ടിരിക്കുന്ന നടപടിക്രമങ്ങളെ കാണിച്ചുള്ളതാണ്. ഇവിടെയും അങ്ങിനെ തന്നെ. ഏതാണ്ട് ഇതുപോലെയുള്ള മറ്റൊരു സൂക്തം കാണുക *"അല്ലാഹു മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നതാണ്. നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും* അറിയുന്നവനുംമത്രെ (22:76) ഇവിടെ വർത്തമാനകാലത്തേയും ഭാവികാലത്തേയും സൂചിപ്പിക്കുന്ന "യസ്തഫി" (തിരഞ്ഞെടുക്കും) എന്നു പറഞ്ഞുകൊണ്ടു പ്രവാചകനിയോഗം ബലത്തിലിരിക്കുന്നുണ്ടെന്നാണ് ഖുർആൻ വ്യക്തമാക്കിത്തരുന്നത്. മുൻ സൂക്തത്തിൽ പ്രയുക്തമായ രൂപത്തിൽ "യജ്തബി" എന്ന് തന്നെയാണ് ഇവിടെയും പറഞ്ഞിരിക്കുന്നത്. "ഇസ്തഫാ" തിരഞ്ഞെടുത്തു എന്നാണെങ്കിൽ റസൂൽ തിരുമേനിക്ക് മുമ്പു കഴിഞ്ഞ ഒരു തിരഞ്ഞെടുപ്പാണെന്ന് പറയാമായിരുന്നു. എന്നാൽ മലക്കു

*(ശേഷം 39-ാം പേജിൽ)*

# 'കുപ്പായത്തിൽ വീണ ചുവപ്പു മഷിത്തുള്ളികൾ, ഒരു ദിവ്യദൃഷ്ടാന്തം'

ഏ.ക്യു. മഹ്ദി

## വാഗ്ദത്ത മസീഹിനുണ്ടായ അസാധാരണമായ ഒരു ആത്മീയാനുഭവത്തെപ്പറ്റി

അതൊരു ചെറിയ മുറിയായിരുന്നു, ചുറ്റുമതിലാകെ പുതുതായി വെള്ള പൂശിയ ഒരു കൊച്ചു മുറി. ഉയരം കുറഞ്ഞ മച്ചാണിതിനുണ്ടായിരുന്നത്.

മുറിക്കുള്ളിൽ അദ്ദേഹം വിശ്രമിക്കുകയായിരുന്നു, പുലർച്ചനേരം സുബ്ഹി കഴിഞ്ഞുള്ള സമയം.

1885ലാണിത്. കൃത്യമായി പറഞ്ഞാൽ ജൂലൈ മാസം 10-ന്. അന്ന് റമദാൻ 27 ആയിരുന്നു, വെള്ളിയാഴ്ച ദിവസം.

പരന്ന മരപ്പടിയുള്ള ഒരു കട്ടിലിലാണ് അദ്ദേഹം ശയിച്ചിരുന്നത്. കട്ടിലിൽ മെത്തയോ ഷീറ്റോ വിരിച്ചിരുന്നില്ല.

കട്ടിലിനരികിലിരുന്ന് തന്റെ പ്രിയശിഷ്യൻ അദ്ദേഹത്തിന്റെ കാൽ അമർത്തിക്കൊടുത്തുകൊണ്ടിരുന്നു. ഭക്തിയാദരവോടെ ഗുരുവിന്റെ ശരീരം തിരുമ്മിക്കൊടുക്കുന്ന പതിവ്, അന്നാട്ടിൽ പ്രിയശിഷ്യർക്കുണ്ട്.

ആരായിരുന്നു ആ കിടക്കയിൽ വിശ്രമിച്ചിരുന്നത്? അത്, ഹദ്റത്ത് അഹ്മദ് (അ) ആയിരുന്നു; വാഗ്ദത്ത മസീഹ്. ആ മഹാത്മാവിനെ ശുശ്രൂഷിച്ചു കൊണ്ടിരുന്നതോ, അദ്ദേഹത്തിന്റെ പ്രിയശിഷ്യൻ അബ്ദുല്ലാ സാഹിബ് സനൗരി(റ)യും.

സമയം ഇഴഞ്ഞിഴഞ്ഞു നീങ്ങി. പെട്ടെന്ന് ശിഷ്യൻ ശ്രദ്ധിച്ചു, തന്റെ ഗുരുനാഥന്റെ ശരീരമാകെ വിറകൊള്ളുന്നതു പോലെ. സുഖസുഷുപ്തിയിൽ ലയിച്ച് മയങ്ങി കിടക്കുമ്പോഴും ഗുരുവിന്റെ മുഖത്ത് ചൈതന്യവത്തായ ഒരു തേജസ്സ് പ്രത്യക്ഷപ്പെടുകയും ആ കണ്ണുകൾ ജലാദ്രമാകുകയും ചെയ്യുന്നത് ശിഷ്യൻ കണ്ടു.

എന്താണ് സംഭവിച്ചത്, സനൗരി സാഹിബിന് ആദ്യം ഒന്നും മനസ്സിലായില്ല.

നിമിഷങ്ങൾക്കകം അദ്ദേഹം കണ്ടു, സനൗരി സാഹിബ് തല കുനിച്ച് ശ്രദ്ധയോടെ കണ്ണുകൾ വിടർത്തി നോക്കി; ഗുരുവിന്റെ കാലിൽ, താൻ തടവിക്കൊടുത്തു കൊണ്ടിരുന്ന കാലുകളിൽ ഒന്നിന്റെ നെരിയാണിയുടെ തൊട്ടുമേൽ ഒരു ചുവന്ന രക്തപ്പാട്. ഒരു തുള്ളി രക്തം തെറിച്ച് വീണതുപോലുണ്ട്. അതെവിടെ നിന്നു വന്നു. അവിടെ മുറിവൊന്നും ഉണ്ടായിരുന്നുമില്ല.

ആ ചുവന്ന തുള്ളി കൈവിരൽ കൊണ്ട് തൊട്ടു നോക്കി അദ്ദേഹം. വാസനിച്ചും നോക്കി. അതിനൊരു ഗന്ധവുമുണ്ടായിരുന്നില്ല. രക്തമല്ല അതെന്ന് അദ്ദേഹത്തിന് വ്യക്തമായി. പെട്ടെന്ന് ശിഷ്യന്റെ കണ്ണുകൾ ഗുരുവിന്റെ കുപ്പായത്തിനു മേലേയ്ക്ക് ഇഴഞ്ഞുചെന്നു. അതാ അവിടെ കുപ്പായത്തിനു മേലും ചെറിയൊരു ചുവന്ന തുള്ളി വീണ പാട്. ഷർട്ടിനു മുൻവശത്ത് നെഞ്ചോടു ചേർന്ന ഭാഗത്തായിരുന്നു ആ അടയാളം.

സനൗരി സാഹിബ് എഴുന്നേറ്റു. ഒരു നിമിഷം അദ്ദേഹം ചുറ്റുപാടും നോക്കി. മുറിയുടെ മേൽത്തട്ടിലേയ്ക്കും അദ്ദേഹം ശ്രദ്ധ പായിച്ചു. ആ ചുവന്ന തുള്ളികൾ എവിടെ നിന്നും വന്നു? അതിന്റെ ഉറവിടം കണ്ടെത്താൻ ആ ചെറിയ മുറിയുടെ ഉൾവശമാകെ അദ്ദേഹം പരതി. സൂക്ഷ്മതയോടെ തെരഞ്ഞിട്ടും എങ്ങുനിന്നും ഒരു സൂചനയും അദ്ദേഹത്തിനു ലഭിച്ചില്ല.

തിരികെ കട്ടിലിനരികിലെത്തി അദ്ദേഹം ഗുരുവിന്റെ പാദങ്ങൾ വീണ്ടും അമർത്താൻ തുടങ്ങി. അപ്പൊ

ഴും ആ ശിഷ്യന്റെ ചിന്തകൾ ചുവന്ന ആ തുള്ളിയടയാളത്തെ ചുറ്റിപ്പറ്റിതന്നെ നിന്നു. ഇതൊന്നുമറിയാതെ ഹദ്റത്ത് അഹ്മദ് (അ) വിശ്രമാവസ്ഥയിലായിരുന്നു അപ്പോഴും.

തെല്ലുനേരത്തിനു ശേഷം വാഗ്ദത്ത മസീഹ് സുഷുപ്തിയിൽ നിന്നുണർന്നു. അദ്ദേഹം മെല്ലെ കണ്ണുകൾ തുറന്നു.

കട്ടിലിൽ നിന്നെഴുന്നേറ്റ അദ്ദേഹം തൊട്ടടുത്തുതന്നെയുള്ള പള്ളിയിലേയ്ക്ക് നടന്നു. ഒപ്പം, സനൗരി സാഹിബും അനുഗമിച്ചു.

പള്ളിയ്ക്കുള്ളിൽ മസീഹ്(അ)ന്റെ അരികിൽ തന്നെയാണു സനൗരി സാഹിബും ഇരുന്നത്.

തന്റെ സംശയം ഗുരുവിനോടു ചോദിക്കുവാനുള്ള അവസരം സമാഗതമായി എന്ന് ശിഷ്യനു തോന്നി. താൻ കണ്ട ചുവപ്പു തുള്ളികളെപ്പറ്റി അദ്ദേഹം ഗുരുവിനോടു ചോദിച്ചു. മസീഹ്(അ) അത്ര കാര്യമായി ഗൗനിച്ചില്ല എന്നു സനൗരി സാഹിബിനു തോന്നി.

അറിയാനുള്ള ജിജ്ഞാസകൊണ്ട്, സനൗരിസാഹിബ് തന്റെ ചോദ്യം ഒരിക്കൽ കൂടി ആവർത്തിച്ചു.

"എന്തു തുള്ളികൾ, ഏതു ചുവപ്പു തുള്ളികൾ.......?" ഈ ചോദ്യം ഗുരുമുഖത്തുനിന്നു കേട്ട ശിഷ്യൻ, ഹുസൂർ തിരുമനസ്സിന്റെ കാലിലും, കുപ്പായത്തിലും കണ്ട ചുവപ്പ് അടയാളങ്ങൾ ഗുരുവിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നു. ആ മഹാത്മാവ്, തന്റെ ശരീരത്തിലും ഷർട്ടിനുമേലും പതിച്ച ചുവപ്പു തുള്ളികളുടെ അടയാളം കൗതുകത്തോടെ നോക്കി. ഒപ്പം, 'കശ്ഫ്' എന്നറിയപ്പെടുന്ന ജാഗ്രതാവസ്ഥയിലുള്ള ആത്മദർശനാനുഭൂതിയെക്കുറിച്ച് ശിഷ്യനോട് വിവരിച്ചു. ആത്മീയദർശനത്തിൽ ദൃശ്യമാകുന്ന വസ്തുക്കൾ സ്തൂലരൂപത്തിൽ തന്നെ വെളിപ്പെടുന്ന അത്ഭുതപ്രതിഭാസത്തിന്റെ ചില ഉദാഹരണങ്ങൾ കൂടി പറഞ്ഞിട്ട്, തനിക്കു അപ്പോഴുണ്ടായ അനുഭവത്തെക്കുറിച്ച് ശിഷ്യനു വിവരിച്ചു കൊടുക്കുകയും ചെയ്തു.

"ജാഗ്രതാവസ്ഥയിലുള്ള ഒരു ദിവ്യദർശനത്തിൽ ഞാൻ അതിമനോഹരമായ ഒരു സൗധം കണ്ടു. അതിനുള്ളിൽ, ഒരു ആസനത്തിനുമേൽ ഒരു മഹദ് രൂപം ഇരിയ്ക്കുന്നുണ്ടായിരുന്നു. അതു ദൈവം തന്നെയായിരുന്നു. ആ ദൈവികഗേഹത്തിലെ ഒരു വിനീതഭൃത്യനാണ് ഞാനെന്നു എനിക്കു തോന്നി. ഞാൻ ഏതാനും വിധികൾ എഴുതിത്തയ്യാറാക്കിയത് സർവശക്തന്റെ തിരുമുമ്പിൽ സമർപ്പിച്ച്, അവയിൽ ഒപ്പു പതിയുവാനായി കാത്തിരിക്കുകയായിരുന്നു. പിതൃസമാനമായ വാൽസല്യത്തോടെ എന്നോട് ആ ആസനത്തിനടുത്തു വന്നിരിക്കുവാൻ സർവശക്തൻ ആജ്ഞാപിച്ചു. പിന്നീട്, ചുവന്ന ഒരു മഷിപ്പാത്രത്തിൽ ദൈവം തന്റെ പേന മുക്കി, ഒന്നൽപ്പം കുടഞ്ഞശേഷം ആ കടലാസ്സുകളിൽ കൈയ്യൊപ്പുവച്ചു."

"നിങ്ങളിപ്പോൾ കണ്ട ചുവന്ന തുള്ളികൾ ദൈവം പേന കുടഞ്ഞപ്പോൾ അതിൽ നിന്നും തെറിച്ചതത്രെ...."

അബ്ദുല്ലാ സാഹിബ് സനൗരിയുടെ വസ്ത്രത്തിലോ, തലപ്പാവിലോ ആ ചുവന്ന തുള്ളികളിലേതെങ്കിലും പതിച്ചിട്ടുണ്ടോ എന്നു നോക്കാൻ ഹദ്റത്ത് അഹ്മദ് (അ) ആവശ്യപ്പെട്ടു. തന്റെ തലപ്പാവിലും ഒരു ചുവന്ന തുള്ളി തെറിച്ചിരിക്കുന്നത് അപ്പോഴാണ് അദ്ദേഹം കണ്ടുപിടിച്ചത്. തന്നെ അത്ഭുതപരതന്ത്രനാക്കിയ ഈ മഹത്തായ പ്രതിഭാസം, തന്റെ വെളുത്ത തലപ്പാവും ഒരു ചുവന്ന തുള്ളി തെറിച്ചിരിക്കുന്നത്, അബ്ദുല്ലാ സാഹിബ് സൗനരി (റ)യെ വല്ലാതെ ചിന്തിപ്പിച്ചു. സൃഷ്ടികർതൃത്വം എന്ന ദൈവികഗുണത്തി ന്റെ ഈ അവസ്ഥക്ക് ദൃക്സാക്ഷിയാവാൻ കഴിഞ്ഞ അദ്ദേഹം, ആ ചുവന്ന തു ള്ളികളുടെ അടയാളം വീണ ഹദ്റത്ത് അഹ്മദ് (അ)ന്റെ കുപ്പായം തനിക്കു നൽകണമെന്ന് ഹുസൂറിനോടു അപേക്ഷിച്ചു. ആ കുപ്പായം പിൽക്കാലത്ത് തന്റെ അനുയായികൾ ആരാധിച്ചുതുടങ്ങിയേക്കുമെന്ന ഭയം നിമിത്തം ആ മഹാത്മാവ്, അതു സനൗരി സാഹിബിനു നൽകാൻ വിസമ്മതിച്ചു. എന്നാൽ സനൗരി സാഹിബ് വളരെയധികം താൽപര്യത്തോടെ കേണുവീണപേക്ഷിച്ചപ്പോൾ, ഒരു നിബന്ധനയോടെ അതദ്ദേഹത്തിന്ന് നൽകപ്പെട്ടു, സനൗരി സാഹിബ് മരണപ്പെടുമ്പോൾ ആ കുപ്പായവും സ്വശരീരത്തോടൊപ്പം മറവുചെയ്യപ്പെടണം എന്ന നിബന്ധനയോടെ.

ഈ സംഭവം നടക്കുമ്പോൾ ശിഷ്യനായ സനൗരി സാഹിബിന് 20 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. അദ്ദേഹം തന്റെ മരണം വരെ ആ സ്മാരകവസ്ത്രം ഭദ്രമായിതന്നെ സൂക്ഷിച്ചു. ആ കുപ്പായം ധരിപ്പിക്കപ്പെട്ട നിലയിൽ തന്നെയാണ് മരണാനന്തരം സനൗരി സാഹിബിന്റെ ഭൗതികശരീരം ഖബറിൽ അടക്കപ്പെട്ടത്.

പ്രത്യേകം തയ്യാറാക്കിയ ഒരു കണ്ണാടിപ്പേടകത്തിൽ ആർക്കും ആ ചുവന്ന മഷിയടയാളം കാണാൻ കഴിയുംവിധമാണ് കുപ്പായം ആദ്യകാലത്ത് സുക്ഷിക്കപ്പെട്ടിരുന്നത്. ഈ ദിവ്യദൃഷ്ടാന്തത്തിന്റെ ദൃക്സാക്ഷികൾ അനേകായിരം ഉണ്ടാവട്ടെ എന്നു കരുതി, ഖലീഫ രണ്ടാമൻ നിർദ്ദേശിച്ചതനുസരിച്ചാണ് അത് പലതവണ പരസ്യമായി പ്രദർശിപ്പിക്കാൻ സംവിധാനം അന്നുണ്ടാക്കിയത്. ചുവന്ന തുള്ളികളുടെ അടയാളത്തിന് ഇളംചുവപ്പ് റോസാപ്പൂവിന്റെ നിറമായിരുന്നു. നീണ്ട 42 വർഷങ്ങൾ സൂക്ഷിക്കപ്പെട്ടിട്ടും അതി ന്റെ നിറത്തിനു മങ്ങലൊന്നും ഉണ്ടായുമില്ല.

യുക്തിവാദികളും ഭൗതികചിന്തകൻമാരും ഈ സംഭവം പ്രകൃതിക്കും യുക്തിക്കും നിരക്കാത്തതാ ണെന്നു പറഞ്ഞു തള്ളിക്കളഞ്ഞേക്കാം. എന്നാൽ ഒരു ശാസ്ത്രത്തിനും അനുഭ

വങ്ങളേയോ പരീക്ഷണനിരീക്ഷണങ്ങളേയോ തള്ളിപ്പറയാനാവില്ല. പ്രപഞ്ചത്തിലെ അത്ഭുതങ്ങളുടെ മുഴുവൻ പൂർണ്ണത കണ്ടെത്തിയവനല്ല ഒരിക്കലും മനുഷ്യൻ. ആത്മീയജീവിതത്തിലെ അത്ഭുത സിദ്ധി, അതിലൂടെ വിഹരിച്ചവർക്കേ അനുഭവഗോചരമാകൂ. ഹസ്രത്ത് അഹ് മദുൽ ഖാദിയാനിക്കുണ്ടായ ഈ ദിവ്യാനുഭവം ഒരു മിഥ്യാസങ്കൽപ്പമെന്നോ അസത്യമെന്നോ പറഞ്ഞു തള്ളാവുന്നതുമല്ല. ഈ അത്ഭുതഅടയാളത്തെ തന്റെ ശിഷ്യൻമാർക്കുമാത്രം അറിയപ്പെടാവുന്ന തരത്തിൽ ആ മഹാത്മാവ് ഒളിപ്പിച്ചുവെച്ചുമില്ല. പ്രത്യുത, ദൈവത്തിന്റെ സൃഷ്ടികർതൃത്വത്തിലേയ്ക്കുള്ള തന്റെ മഹത്തായ അനുഭവസാക്ഷ്യമെന്ന നിലയിൽ ഈ സംഭവത്തെ വിളംബരപ്പെടുത്തുകയാണദ്ദേഹം ചെയ്തത്. അദ്ദേഹത്തിനു ചുറ്റുമുള്ള യുക്തിവാദികളും പ്രകൃതിവാദികളും നാസ്തികരും ആര്യസമാജക്കാരുമൊക്കെ നിരൂപണദൃഷ്ടിയോടെ ആ മഹാത്മാവിന്റെ കുറ്റങ്ങളേയും കുറവുകളേയും കണ്ടുപിടിച്ച് ഘോഷിക്കാനായി കാത്തിരിക്കുന്നുണ്ടായിരുന്നു. ഇതിൽ എന്തെങ്കിലും കാപട്യം ഉണ്ടായിരുന്നെങ്കിൽ അവർക്ക് അന്നത് വെളിച്ചത്തുകൊണ്ടുവരാൻ നിഷ്പ്രയാസം കഴിയുമായിരുന്നു. എന്നാൽ, ആ ദിവ്യപുരുഷൻ ആവർത്തിച്ചാവർത്തിച്ച് വെല്ലുവിളിച്ചിട്ടും ഇതിനെതിരെ ആക്ഷേപം പുറപ്പെടുവിക്കാനോ ഒരു പരീക്ഷണത്തിലൂടെ ഇതിനെ തോൽപ്പിക്കാൻ ശ്രമിക്കാനോ ശത്രുക്കളാരും മുന്നോട്ടുവന്നില്ല എന്നാൽ, ജമാഅത്തിന്റെ ഒരു പൊതുശത്രുവായ മൗലവി സനാ ഉല്ലാഹ് സാഹിബ് മാത്രം അടങ്ങിയിരുന്നില്ല. ഈ സംഭവത്തെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ)ന്റെ കാലശേഷം 1919-ൽ, സനാഉല്ലാഹ് സാഹിബ് ഒരാക്ഷേപം പുറപ്പെടുവിക്കയുണ്ടായി. അപ്പോഴും ഈ മഹത്തായ ദൈവികദൃഷ്ടാന്തത്തിനു അന്നു സാക്ഷിയായ ഹദ്റത്ത് അബ്ദുല്ലാ സാഹിബ് സനൗരി(റ) തന്റെ സാക്ഷ്യം ഒരിക്കൽകൂടി ആവർത്തിച്ചു പ്രസ്താവിക്കയും, മൗലവി സനാ ഉല്ലാഹ് സാഹിബിനോട് ഈ വിഷയത്തിൽ ഒരു മുബാഹലയ്ക്ക് ആഹ്വാനം ചെയ്യുകയും ചെയ്തു. പ്രാർത്ഥനാസമരത്തിനു സനാ ഉല്ലാഹ് സാഹിബ് തയ്യാറായില്ല. എന്നാൽ അമൃത്സറിൽ തന്റെ മുഹല്ലയിലെ പള്ളിയിൽ വച്ച് പ്രസ്തുത സംഭവം സംബന്ധിച്ച് പൊതുജനങ്ങളുടെ മുമ്പിൽ വച്ച് സത്യം ചെയ്യണമെന്ന് അദ്ദേഹം സനൗരി സാഹിബിനോടു ആവശ്യപ്പെടുകയുണ്ടായി. ഒട്ടും താമസിയാതെ സനൗരി സാഹിബ് അഹ്മദിയ്യാ ജമാഅത്തിലെ ഏതാനും പ്രമുഖവ്യക്തികളെയും കൂട്ടി അമൃത്സറിൽ എത്തിച്ചേരുകയും, മൗലവി സനാ ഉല്ലാഹ് സാഹിബിന്റെ പള്ളിയിൽ വച്ചുതന്നെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽതന്നെ തന്റെ അനുഭവസാക്ഷ്യം പരസ്യമായി വായിക്കുകയും ചെയ്തു. ചുററും പള്ളിയങ്കണത്തിൽ തിങ്ങിനിറഞ്ഞിരുന്നത്, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ കഠിനശത്രുക്കൾ ആയിരുന്നുവെന്നോർക്കണം. അവരൊക്കെ ശ്വാസം അടക്കിപ്പിടിച്ചിരുന്ന്, നിശ്ശബ്ദരായി, സനൗരി സാഹിബിന്റെ സത്യപ്രസ്താവന കേൾക്കുകയായിരുന്നു.

'കശ്ഫി'ലൂടെ ദൃശ്യമായ വസ്തുക്കൾ, സ്തൂലരൂപത്തിൽ തന്നെ പ്രത്യക്ഷീഭവിക്കുന്ന അത്ഭുതപ്രതിഭാസങ്ങൾ ഔലിയാക്കന്മാരുടെ ജീവചരിത്രങ്ങളിൽ രേഖപ്പെടുത്തപ്പെട്ടു കാണാം. ഹദ്റത്ത് ഹസൻ ബസരി (റ) ഒരു സ്വപ്നത്തിൽ താൻ ശംഊന്ന് നൽകിയ ഒരു പ്രമാണം അദ്ദേഹം തിരികെ നൽകിയതായി കാണുകയുണ്ടായി. ഉണർന്നപ്പോൾ ആ പ്രമാണരേഖ തന്റെ കൈയ്യിൽ ഇരിക്കുന്നതായി അദ്ദേഹം കണ്ടു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ജലാൽ (റ) ഒരു ദിവ്യസ്വപ്നത്തിൽ, തിരുനബിയുടെ കൈയ്യിൽ നിന്നും താനൊരപ്പം വാങ്ങിയതായും അതു പകുതിഭാഗം കടിച്ചുതിന്നതായും കണ്ടു. ഉണർന്നപ്പോൾ പകുതിയപ്പം കൈയ്യിൽതന്നെ ഉണ്ടായിരുന്നു.

ദൈവത്തിനു ഒരു പ്രത്യേക രൂപമുണ്ടെന്നോ അവൻ ഒപ്പിടാറുണ്ടെന്നോ, പേനയും മഷിയും ഉപയോഗിക്കാറുണ്ടെന്നോ, വാഗ്ദത്ത മസീഹിന്റെ കുപ്പായത്തിൽ ഇറ്റുവീണ ചുവന്ന തുള്ളികൾ ദൈവം ആ അവസരത്തിൽ ഉപയോഗിച്ച മഷിയുടെ തുള്ളികൾ തന്നെയാണെന്നോ നാം വിശ്വസിക്കുന്നില്ല. പ്രത്യുത, ദൈവത്തിനു രൂപമോ, സാദൃശ്യമോ ഇല്ലെന്നും മനുഷ്യരൂപമോ മറ്റെന്തെങ്കിലും രൂപമോ സ്വീകരിക്കുന്നതിൽ നിന്നും അവൻ അതീതനാണെന്നുമത്രേ നാം വിശ്വസിക്കുന്നത്. വാഗ്ദത്ത മസീഹ് (അ) കണ്ടതെന്തോ അത് 'കശ്ഫ്' അഥവാ ദിവ്യദർശനം മാത്രമായിരുന്നു. ദൈവത്തോടു അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധത്തിന്റെ പ്രതീകാത്മകമായ ഒരാവിഷ്കരണം മാത്രം. ദൈവം ഒപ്പിട്ടു എന്നതിന്റെ അർത്ഥം, ദൈവം അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളും അഭിലാഷങ്ങളും പൂർത്തിയാക്കും എന്നതായിരുന്നു. ആ മഹാത്മാവിന്റെയും അബ്ദുല്ലാസാഹിബ് സനൗരിയുടെയും മേൽ തെറിച്ചു വീണ മഷിത്തുള്ളികൾ ദൈവത്തിന്റെ പേനയിൽ നിന്നുതന്നെ വീണതല്ല, മറിച്ച്, സൃഷ്ടികർത്താവ് എന്ന ഗുണമനുസരിച്ച് ദൈവം സൃഷ്ടിച്ചു കാണിച്ചതത്രെ. വാഗ്ദത്ത മസീഹിനും മറ്റുള്ളവർക്കും അടയാളമായിരിക്കാൻ വേണ്ടി, ദൈവം ശൂന്യതയിൽ നിന്നും ഒരു വസ്തു സൃഷ്ടിക്കാൻ കഴിവുള്ളവനാണെന്നും, അവന്റെ ആ ഗുണം സൃഷ്ടിയുടെ ആരംഭത്തിലെന്നപോലെ ഇന്നും നിലനിൽക്കുന്നതാണെന്നും ജനങ്ങൾക്കു വിശ്വസിക്കാൻ വേണ്ടിയാണ്. ഈ മഹത്തായ അനുഭവം ഉണ്ടായതെന്ന് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ അഹ്മദിയത്ത് അഥവാ ട്രൂ ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ●

## കുറിപ്പുകൾ

മുസാഫിർ

# ജമാഅത്തെ ഇസ്ലാമിയുടെ ഉന്മൂലന സിദ്ധാന്തം

ജമാഅത്തെ ഇസ്ലാമി ഏത് രീതിയിലുള്ള സംഘടനയാണെന്നും എന്ത് ആശയമാണ് പ്രചരിപ്പിക്കുന്നതെന്നും എന്താണ് അതിന്റെ രൂപീകരണ പശ്ചാത്തലമെന്നും ഏത് ലക്ഷ്യത്തിലേക്കാണ് മുസ്ലിംകളെ അത് ക്ഷണിക്കുന്നതെന്നും മുസ്ലിം സമൂഹം ഇത് വരെ അവധാനതയോടെ പഠിച്ചു വിലയിരുത്തിയിട്ടില്ല. ഇസ്ലാമിന്റെ പേരും സംജ്ഞയും ഉപയോഗിച്ച് മുഖ്യധാരയിൽ ലയിച്ചുചേർന്നാൽ മുസ്ലിംകൾ പിന്നെ അവരെ പറ്റി അധികമൊന്നും ആലോചിക്കാറില്ല. ഈ സൗകര്യമാണ് ജമാഅത്തെ ഇസ്ലാമിയെ വളർത്തുന്നത്. അത്തരത്തിൽ ജമാഅത്തെ ഇസ്ലാമി അവരുടെ സായുധ വിപ്ലവ ജിഹാദീ സിദ്ധാന്തത്തിന്റെ ഭാഗമായി പ്രചരിപ്പിക്കുന്ന ഒരു സിദ്ധാന്തമാണ് മുർത്തദിനെ (മതപരിത്യാഗി) വധിക്കുക എന്നത്. ഏറ്റവും പുതിയ പ്രബോധനത്തിലും ഈ ഭീകരവാദം അവർ ഉയർത്തുന്നു. ഇതിനെപ്പറ്റി പന്നീട് പ്രതിപാദിക്കാം.

അധികാരത്തിലധിഷ്ഠിതമായ ഫാസിസ്റ്റ് സിദ്ധാന്തങ്ങൾ പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ പേരിൽ പ്രചരിപ്പിക്കുന്ന ജമാഅത്തെ ഇസ്ലാമിയുടെ ദുസ്വാധീനത്തിൽ മറ്റു മുസ്ലിം വിഭാഗങ്ങളും പെട്ടുപോകുന്നു. അവരുടെ പിഴച്ച സിദ്ധാന്തങ്ങൾ ഹേതുവായി ഇസ്ലാം മതവും മുസ്ലിം സമൂഹവും പലപ്പോഴും അടച്ചാക്ഷേപങ്ങൾക്ക് വിധേയമാവുകയും പിഴ നൽകുകയും വേട്ടയാടപ്പെടുകയും ചെയ്യേണ്ടി വന്നിട്ടുണ്ട്. സായുധ വിപ്ലവവും അട്ടിമറിയും നടത്തി അധികാരം പിടിച്ചെടുത്ത് ഭരണം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്ലാമിയും സമാനസംഘടനകളും മുസ്ലിം രാജ്യങ്ങളിൽ ഒരു അധോലോക പ്രസ്ഥാനമായും സംശയത്തിന്റെ നിഴലിലുള്ള ഒരു വിധ്വംസക ശക്തിയുമായാണ് പരിഗണിക്കപ്പെടുന്നത്. 'സമാധാനം' എന്ന് അർത്ഥമുള്ള ഇസ്ലാം മത തത്വങ്ങൾക്ക് വിരുദ്ധമായി ആധുനിക രാഷ്ട്രീയ വിപ്ലവ പ്രസ്ഥാനങ്ങളുടെ തികച്ചും ഭൗതികമായ മാർഗ്ഗം സ്വീകരിച്ചവരാണ് ജമാഅത്തെ ഇസ്ലാമി. അവരുയർത്തുന്നത് വഞ്ചനാത്മകമായ ഒരു വ്യാമോഹം മാത്രമാണ്.

ഇന്ത്യയെപോലെയുള്ള ഒരു ബഹുമത സമൂഹത്തിൽ ജമാഅത്തെ ഇസ്ലാമി ഉയർത്തുന്ന ഭീഷണി ഏറ്റവും കൂടുതൽ ബാധിക്കുക മുസ്ലിം സമൂഹത്തിന് തന്നെയാണ്. സുന്നികൾ പറഞ്ഞത് പോലെ, സമുദായത്തിന്റെ അരശതമാനം പോലുമില്ലാത്ത ഈ പ്രതിലോമ പ്രസ്ഥാനം മുഴക്കുന്ന മുദ്രാവാക്യങ്ങൾ മുസ്ലിംകളുടെ സ്വൈരജീവിതത്തെ അലോസരപ്പെടുത്തുന്നു. ജമാഅത്തെ ഇസ്ലാമിയുടെ സിദ്ധാന്തങ്ങൾ നേരെ ചൊവ്വേ സ്വീകരിച്ച് ചില യുവജനസംഘടനകൾ മതിലുകളിൽ മുദ്രാവാക്യങ്ങൾ എഴുതിവെച്ചും ജനമദ്ധ്യത്തിൽ അവ പ്രചരിപ്പിച്ചും സമൂഹത്തിൽ സംഘർഷം വളർത്തുന്നു. മുസ്ലിം ചെറുപ്പക്കാരെ അധികാരികൾ ചോദ്യം ചെയ്യുമ്പോഴും അത്തരം വിധ്വംസക സാഹിത്യങ്ങൾ പ്രചരിപ്പിക്കുന്ന സ്ഥലങ്ങൾ പരിശോധിക്കപ്പെടുമ്പോഴും മുസ്ലിം സമുദായത്തെ സർക്കാർ പീഡിപ്പിക്കുന്നു എന്ന് മുറവിളികൂട്ടുന്ന തന്ത്രം മുസ്ലിം സംഘടനകൾ തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്.

ജമാഅത്തെ ഇസ്ലാമി ആശയങ്ങളിലെ അപകടത്തെപ്പറ്റിയും അത് ഇസ്ലാമിന് വരുത്തിവെക്കുന്ന അനർത്ഥങ്ങളെ പറ്റിയും അഹ്മദികൾ പലപ്പോഴും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിനോട് ജമാഅത്തെ ഇസ്ലാമിയുടെ പ്രതികരണമാണ് തമാശ. വിമർശകർ അഹ്മദികളായാൽ ജമാഅത്തുകാർക്ക് അതൊരു സുഖമുള്ള കാര്യമാണെന്ന് തോന്നുന്നു. വിമർശനത്തിന് മറുപടി പറയുന്നതിന് പകരം 'കാഫിറുകളായ ഖാദിയാനികൾ' പോലും ഞങ്ങളെയാണ് വിമർശിക്കുന്നത് എന്ന് പറഞ്ഞ് വിമർശനം തങ്ങൾക്കനുകൂലമായ നാല് വോട്ടാക്കി മാറ്റാനുള്ള കുതന്ത്രവും ജമാഅത്തുകാരനറിയാം. പുതിയ പ്രബോധന (2006 ആഗസ്റ്റ് 19)ത്തിലും ഈ തന്ത്രം ആവർത്തിച്ചിട്ടുണ്ട്. അതിന്നുള്ള ഞങ്ങളുടെ മറുപടി 'ഉളുപ്പില്ലാത്തവന്റെ ഊരമേൽ.....' എന്ന മലയാളത്തിലെ പഴമൊഴി മാത്രമാണ്.

മുസ്ലിം സമൂഹത്തിന്റെ അജ്ഞാനത്തിന്റെ കോട്ടകളിൽ പന പോലെ വളരുകയാണ് ജമാഅത്തെ ഇസ്ലാമി. ആ സംഘടനയിൽ പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം നിഷ്ക്കളങ്കരായ മുസ്ലിം യുവാക്കൾക്ക് ജമാഅത്തെ ഇസ്ലാമിയുടെ തനിസ്വരൂപത്തെ പറ്റി തിരിച്ചറിവുണ്ടായിട്ടില്ല. ഇസ്ലാമിന്റെ അന്തഃ സത്ത ആരായുന്ന മുസ്ലിം ധിഷണ ഭാവിയിൽ ഈ സംഘടനയുടെ ഫാസിസ്റ്റ് ദൗർബല്യങ്ങൾ തിരിച്ചറിയുക തന്നെ ചെയ്യും.

ഫാസിസത്തേയും കമ്മ്യൂണിസ

ത്തേയും ദേശീയതയേയും വിമർശിച്ച മൗലാനാ മൗദൂദി, ഫാസിസത്തിന്റെ രാഷ്ട്രമൗലികവാദവും (ഹുകുമത്തെ ഇലാഹി) കമ്യൂണിസത്തിന്റെ സംഹാരാത്മക വിപ്ലവവും (ജിഹാദ്) ദേശീയതയുടെ വിനാശകരമായ വികാരവും (മതവർഗ്ഗീയത) തന്റെ പാർട്ടിയുടെ ആത്മാവായി സ്വീകരിക്കുകയാണ് ചെയ്തത്. മൗ ലാനാ മൗദൂദി ചിന്തിച്ചു തുടങ്ങിയ കാലത്ത് ആവേശകരമായ മുന്നേറ്റങ്ങൾ നടത്തിയ ഫാസിസവും കമ്മ്യൂണിസവും തീർച്ചയായും അദ്ദേഹത്തെ ആകർഷിച്ചിട്ടുണ്ട്. ഈ ആദർശങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു ഇസ്‌ലാമിക ബദലാണ് വാസ്തവത്തിൽ അദ്ദേഹത്തിന്റെ പാർട്ടി. ഈ മൂന്ന് നിഷേധാത്മക മൂല്യങ്ങളേയും ഇസ്‌ലാമികവത്കരിക്കുകയാണ് മൗലാനാ ചെയ്തത്. രാഷ്ട്രത്തെ ദൈവത്തോടുപമിച്ചുകൊണ്ടുള്ള State is the march of God on earth 'രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ്' എന്ന ഫാസിസ്റ്റ് മുദ്രാവാക്യമാണ് വാസ്തവത്തിൽ 'ഹുക്കുമത്തെ ഇലാഹിയ്യ' അഥവാ ദൈവത്തിന്റെ ഭരണം എന്ന അവരുടെ ആദർശത്തിൽ പ്രതിധ്വനിക്കുന്നത്. 'സ്ത്രീകൾക്ക് പ്രസവം പോലെയാണ് പുരുഷന്മാർക്ക് യുദ്ധം' എന്ന മുസ്സോളിനിയുടെ അഭിപ്രായത്തെ കടത്തിവെട്ടുന്ന രീതിയിൽ മൗലാനാ മൗദൂദി നമസ്കാരം ഒരു സൈനിക ഡില്ലാണെന്ന് വിവരിച്ച് പറയുന്നു: 'എന്നാൽ അവർക്ക് ദിനം പ്രതി അഞ്ചുപ്രാവശ്യമാണ് ഈ പരിശീലനം (നമസ്കാരം) നൽകപ്പെടുന്നത്. കാരണം ലോകത്തിന് നിർവ്വഹിക്കാനുള്ളതിനേക്കാൾ എത്രയും വമ്പിച്ച കർത്തവ്യമാണ് ഈ ദൈവിക ജമാഅത്തിന് നിർവ്വഹിക്കാനുള്ളത്.' (ഖുത്ബാത്ത്. പേ. 191) ഇങ്ങനെ നിരവധി അടയാളങ്ങളിലൂടെ ജമാഅത്തെ ഇസ്‌ലാമിയുടെ ഫാസിസ്റ്റ് സ്വരൂപം നമുക്ക് തിരിച്ചറിയാം.

സൃഷ്ടികളിൽ വെച്ച് ഏറ്റവും അനുഗൃഹീതനായ റസൂൽ തിരുമേനി(സ)യുടെ ആത്മീയവും മാനവീയവുമായ ഗുണങ്ങൾ ഒരിക്കലും മൗലാനാ മൗദൂദിയെ ആകർഷിച്ചിട്ടില്ല. ശവം ഭക്ഷിക്കുകയും പെൺകുഞ്ഞുങ്ങളെ കുഴിച്ചുമൂടുകയും, നഗനൃത്തമാടുകയും, മദ്യപിക്കുകയും, നിസ്സാരകാര്യങ്ങൾക്കായി കുലം മുടിയുന്നത് വരെ യുദ്ധം ചെയ്യുകയും ചെയ്ത പൈശാചിക സ്വഭാവമുള്ള അറബി കുഫ്ഫാറുകളെ തന്റെ ആത്മീയ തേജസ്സിലൂടെ ഭൂമിയിലെ മാലാഖമാരാക്കി മാറ്റിയ റസൂൽ തിരുമേനി (സ)യുടെ ആത്മീയവും ധാർമ്മികവുമായ പ്രഭാവം കാണാനുള്ള കണ്ണ് മൗലാനക്കുണ്ടായിരുന്നില്ല. റസൂൽ തിരുമേനി(സ) വാൾ കൈയ്യിലേന്തിയപ്പോഴാണ് ഈ കണ്ട വിജയങ്ങളെല്ലാം ഉണ്ടായത് എന്നാണ് മൗലാനയുടെ ഫാസിസ്റ്റ് ബുദ്ധി പറയുന്നത്. അദ്ദേഹം എഴുതുന്നു.

'അനുനയത്തിന്റെ എല്ലാ രീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായി കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കൈയ്യിലെടുത്തു! വാൾ, അത് തിന്മയേയും അക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റേ കളങ്കത്തേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർക്ക് സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീ കരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദ്ദണ്ഡശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തല കുനിച്ചു (അൽ ജിഹാദു ഫിൽ ഇസ്‌ലാം).

ഇസ്‌ലാം യുദ്ധം മുഖേനയും അധികാരബലത്തിലും പ്രചരിച്ച മതമാണെന്ന് നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ വിമർശകരുടേയും ഓറിയന്റലിസ്റ്റുകളുടേയും വാദം തന്നെയാണ് മൗലാനാ ഇവിടെ ഇസ്‌ലാമിന്റെ പേരിൽ ഉയർത്തുന്നത്. ഇസ്‌ലാമിന് പുറത്തുള്ള ആയിരം ഓറിയന്റലിസ്റ്റുകൾ ഇസ്‌ലാമിനെതിരെ ചെയ്യുന്ന ദ്രോഹങ്ങളെക്കാൾ അപകടമാണ് ഇസ്‌ലാമിനകത്തിരുന്ന് മൗലാനാ നിർവ്വഹിച്ചത്. ഫാസിസ

ത്തിന്റെ യുദ്ധഭ്രമവും അധികാരഭ്രാന്തും തലയിൽ കയറിയ മൗദൂദി അതിനനുസരിച്ച് ഇസ്‌ലാമിനെ രൂപപ്പെടുത്തുകയായിരുന്നു. ഹിറ്റ്ലറും, മുസ്സോളിനിയും, സ്റ്റാലിനുമാണ്. റഹ്മത്തുൽലിൽ ആലമീനായ റസൂൽ തിരുമേനി(സ) യെ അളക്കാൻ അദ്ദേഹമുപയോഗിച്ച അളവുകോൽ. ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉമർ (റ) ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി (റ) മുതലായ ആയിരക്കണക്കിന്ന് പുണ്യാത്മാക്കളായ സഹാബിമാരുടെ ഹൃദയ പരിവർത്തനങ്ങൾ വാളിന്റെ ബലം കൊണ്ടാണെന്ന് പറയുന്ന മൗ ദൂദി ഉദ്ദേശം ഇസ്‌ലാമിന്റെ പ്രചാരണമോ അതോ നിന്ദനമോ? ജമാഅത്തെ ഇസ്‌ലാമിയുടെ ഈ അപകടത്തെപ്പറ്റി മനസ്സിലാക്കേണ്ടത് പ്രഥമവും പ്ര ധാനവുമായും ആ സംഘടനയിൽ പ്രവർത്തിക്കുന്ന നിഷ്കളങ്കരായ ദീനി സ്നേഹികളാണ്. ആ സംഘടനയിലെ സാധാരണക്കാർ മുതൽ നേ താക്കന്മാരിൽ ചിലർ വരെ ഇസ്‌ലാമിനെക്കുറിച്ചോ ലോകത്തിലെ ഇതര രാഷ്ട്രീയപ്രസ്ഥാനങ്ങളെക്കുറിച്ചോ പഠിച്ചു മനസ്സിലാക്കിയവരോ താരതമ്യം നടത്തിയവരോ അല്ല. ജമാഅത്തെ ഇസ്‌ലാഹി സാഹിത്യത്തി ലെ ഉപരിപ്ലവമായ സാങ്കേതിക പദാവലികൾ വായിച്ച് ആ പാർട്ടിയിലേക്ക് ചേക്കേറിയവരാണവർ. മറ്റൊ ന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ വിമർശകരായ മതപണ്ഡിതന്മാർ ഫാ സിസം പോലെയു ള്ള ആധുനിക രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ സൈ ദ്ധാന്തികവും രാഷ്ട്രീയവുമായ വി ജ്ഞാനീയങ്ങളിൽ അവഗാഹമില്ലാത്തവരാണ്. പ്രസ്തുത നിഷേധാത്മക പ്രസ്ഥാനങ്ങളോടു പൂർണ്ണ സാ മ്യതയുള്ള ജമാഅത്തെ ഇസ്‌ലാമി യെക്കുറിച്ച് തിരിച്ചറിവുള്ള മത പണ്ഡിതന്മാർ അവരിൽ പലർക്കും ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാനം നിർണ്ണയിച്ച് മുസ്‌ലിം സമൂഹത്തിന് വ്യക്തമാക്കിക്കൊടുക്കാൻ സാധിച്ചിട്ടില്ല. ഈയടുത്ത കാലം വരെ മുസ്‌ലിം ലീഗുകാരും ജമാഅത്തെ ഇസ്‌ലാമിയുടെ അപ

കടം തിരിച്ചറിഞ്ഞിരുന്നില്ല. ഇപ്പോഴുള്ള തിരിച്ചറിവു തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതുകൊണ്ടുമാത്രമാണ്.

ഇസ്‌ലാം എന്ന പാവനമതത്തിന് ഒന്നും മറച്ചുവെക്കുകയോ, മുദ്രാവാക്യം മാറ്റി പറയുകയോ പ്രോഗ്രാം പോളിസി എന്ന അടവുനയം സ്വീകരിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ഏത് പരിതഃസ്ഥിതിയിലും മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന മനുഷ്യ മനസ്സാക്ഷിയും ധിഷണയുമായി തുറന്നു സംവദിക്കുന്ന മതമാണ് ഇസ്‌ലാം. ഇന്ത്യയെപ്പോലെ വിവിധ മതസ്ഥർ ജീവിക്കുന്ന ഒരു സമൂഹത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഭീകരവാദങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെപറ്റി മറ്റാരെക്കാളും ജമാഅത്ത് നേതൃത്വത്തിന്നറിയാം. അതുകൊണ്ട് തങ്ങളുടെ യഥാർത്ഥ മുഖം മറച്ചുവെച്ച് കപടവേഷമണിയുകയാ ണ് അവർ ചെയ്യുന്നത്. ജനാധിപത്യത്തിന്റേയും മതേതരത്വത്തേയും കഠിനമായി എതിർക്കുന്നവരാണ് ജമാഅത്തെ ഇസ്‌ലാമി. പക്ഷേ അവർ ഇപ്പോൾ അതിന്റെ ഏറ്റവും വലിയ വക്താക്കളാണ്. തങ്ങളുടെ ആദർശങ്ങൾ നേരെ ചൊവ്വേ പറയാതെ കാ ലാകാലവും പൊയ്മുഖമണിയാനാ ണ് ജമാഅത്തുകാരന്റെ വിധി. ഈ യൊരൊറ്റ വസ്തുത തന്നെ ഒരു ജമാ അത്തുകാരനേ ഇരുത്തിചിന്തിപ്പിക്കാൻ പോന്നതാണ്. റസൂൽ തിരുമേനി(സ) നഊദുബില്ലാ, (ദൈവത്തിൽ ശരണം) ഇങ്ങനെ തനിക്ക് പറയാനുള്ളത് പറയാതെ അകത്ത് മറ്റൊന്നും പുറമെ വേറൊന്നുമായി ഒരു നിമിഷം പോലും ജീവിച്ചിട്ടുണ്ടോ? ഇപ്പോൾ ഗൾഫ് പണത്തിന്റെ സമൃദ്ധിയിൽ മുഖ്യധാരയുമായി രമിച്ചും സുഖിച്ചും കഴിയുന്ന ജമാഅത്തെ ഇസ്‌ലാമി തങ്ങളുടെ രക്തരൂഷിതമായ ജിഹാദി ത്ത്വങ്ങൾ മറന്ന മട്ടാണ്. അവരുടെ തനിമയേക്കാൾ തങ്ങളണിഞ്ഞ കപടവേഷങ്ങളോട് അവർ താദാ ത്മ്യം പ്രാപിച്ചത് പോലെ. എങ്കിലും മൗലാനാ മൗദൂദിയുടെ സിദ്ധാന്തങ്ങൾ ചിലപ്പോൾ അവർക്ക് പറയാതെ വയ്യ. പുള്ളിപ്പുലിക്ക് അതിന്റെ പുള്ളികൾ മറച്ച് വെക്കാൻ സാധ്യമല്ലല്ലോ. അത്തരത്തിലുള്ള ഒരു ഭീകരവാദമാണ് ഇസ്‌ലാം മതം ഉപേക്ഷിക്കുന്നവനെ കൊന്നുകളയണമെന്ന സിദ്ധാന്തം.

‘മതത്തിൽ യാതൊരു നിർബന്ധവുമില്ല’ എന്ന പ്രഖ്യാതമായ വചനങ്ങളുള്ള വിശുദ്ധ ഖുർആന്റെ അനുയായികൾ ‘മതത്തിൽ നിന്നും വിട്ടുപോകുന്നവനെ കൊന്നുകളയണം’ എന്ന ഉന്മൂലന ഭീകരവാദം ഉയർത്തുന്നതിലെ വൈരുദ്ധ്യവും ഭയാനകതയും ഒന്നാലോചിച്ചുനോക്കൂ. ജമാഅത്തെ ഇസ്‌ലാമിയെ ആവേശിച്ച ഫാസിസത്തിന്റെ ആത്മാവാണ് ഇത് പറയിപ്പിക്കുന്നത്. പുതിയ പ്രബോധനത്തിൽ (2006 ആഗസ്റ്റ് 19) ‘ജമാഅത്ത് വിരോധം മുതലെടുത്ത് ഖാദിയാനികൾ’ എന്ന ലേഖനത്തിലും പ്രസ്തുത വാദം ആവർത്തിക്കുന്നു.

പ്രബോധനം ലേഖകൻ എഴുതുന്നു: *‘മുർത്തദിനെ വേണ്ടിവന്നാൽ വധിക്കണമെന്ന നിയമം ജമാഅത്തെ ഇസ്‌ലാമിയോ സയ്യിദ് മൗദൂദിയോ സൃഷ്ടിച്ചതല്ല. ഈ നിയമത്തെപറ്റി വിഭിന്ന വീക്ഷണങ്ങളുണ്ടെങ്കിലും ഈ മതവിധി മൗദൂദി ജനിക്കുന്നതിനും വളരെ മുമ്പേ മതഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചതാണ്. ഇതിന്റെ പേരിൽ മൗദൂദിയെയോ ജമാഅത്തെ ഇസ്‌ലാമിയേയോ പ്രത്യേകം വിമർശിക്കുന്നതിൽ അർത്ഥമില്ല. മുസ്‌ലിംകളിലെ പൗരാണികരും ആധുനികരുമായ എല്ലാ കക്ഷികളിലും പെട്ട പ്രഗത്ഭ പണ്ഡിതന്മാർ മുർത്തദിനെ വധിക്കണമെന്ന് പറഞ്ഞവരാണ് ഖാദിയാനികൾ മൗദൂദിയുടേയും ജമാഅത്തെ ഇസ്‌ലാമിയോടും പുലർത്തുന്ന വിരോധം. ചിന്താശീലർക്ക് ചില തിരിച്ചറിവുകൾ നൽകുന്നുണ്ട്.’* (പ്രബോധനം 2006 ആഗസ്റ്റ് 19) മതം മാറുന്നവനെ വധിച്ചുകളയണമെന്ന വാദം പ്രബോധനം പറയുന്നത് പോലെ മുസ്‌ലിംകളുടെ ഏറ്റവും വലിയ പ്രമാണമായ വിശുദ്ധ ഖുർആനിലുണ്ട്! പക്ഷേ അത് ഫിർഔൻ ഉയർത്തിയ വാദമായിട്ടാണ് ഖുർആൻ പറയുന്നത് *‘ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിനു മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ?... നിശ്ചയമായും ഞാൻ നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും വിപരീതഭാഗത്തു നിന്നു മുറിച്ചുകളയുകയും പിന്നെ നിങ്ങളെയെല്ലാവരേയും ഞാൻ ക്രൂശിക്കുകയും ചെയ്യുന്നതാണ്.’ (7:124,125).* അല്ലാഹുവിന്റെ പ്രവാചകരാരും തന്നെ മതത്തിൽ നിന്നും വിട്ടുപോവുന്നവനെ വധിക്കണമെന്ന് പറഞ്ഞതായി ഖുർആനിലില്ല. ഫിർഔന്റെ വാദം മൗലാനാ സാഹിബ് ഇസ്‌ലാമിന്റേതായി തെറ്റിദ്ധരിച്ചതാകാം. ഇസ്‌ലാമിക ചരിത്രത്തിൽ ഭീകരവാദികളുടേയും വിഘടനവാദികളുടേ യും പ്രസ്ഥാനങ്ങളുടെ സാന്നിധ്യം ഇക്കാലത്തുള്ളത്പോലെ പണ്ട് കാലംമുതലുണ്ടായിട്ടുണ്ട്. അവരുയർത്തിയ ഭീകരവാദങ്ങൾ ഇസ്‌ലാമിന്റേതല്ല. ഇക്കാലത്തെ സുന്നികളോ, മുജാഹിദുകളോ, സമാനചചിന്താഗതിക്കാരോ മതം മാറിയവനെ കൊല്ലണമെന്ന സിദ്ധാന്തം പറയാത്തവരാണ്. ഖുർആൻ വിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ ഈ ഭീകരസിദ്ധാന്തം, ഏതെങ്കിലും അറബി കിതാബുകളിലുണ്ടെന്ന് പറഞ്ഞാൽ സുന്നികളുടെ പിന്തുണപോലും ഇക്കാലത്ത് ലഭിക്കുമെന്ന് ജമാഅത്തുകാർ വ്യാമോഹിക്കേണ്ട. അത് ജമാഅത്തുകാരുടെ ഫാസിസ്റ്റ് ഹിഡൻ അജണ്ടക്ക് ചേർന്ന ഒരു ഇസ്‌ലാമിക വിരുദ്ധ ആശയം മാത്രമാണ്. വിമർശനം വരുമ്പോൾ അത് മറ്റുള്ളവർക്ക് വീതിച്ചുകൊടുക്കുന്ന ഏർപ്പാട് ശരിയല്ല. തങ്ങളുടെ ഓഫീസ് റെയ്ഡ് ചെയ്തപ്പോൾ മുസ്‌ലിം സമുദായത്തെ പീഡിപ്പിക്കുന്നു എന്ന ജമാഅത്തുകാരുടെ പ്രചാരണം ഉത്തരവാദപ്പെട്ട മുസ്‌ലിം സംഘടനകൾ തിരിച്ചറിഞ്ഞ് തള്ളിപ്പറഞ്ഞിട്ടുള്ള കാര്യം ഓർക്കുക. ഇങ്ങനെ റെയ്ഡ് നടത്താതിരിക്കാനും ഭീകരവാദത്തിന്റെ സംശയങ്ങൾ ഇല്ലാതാക്കാനും ജമാഅത്തുകാർക്ക് ഒരു വഴിയേയുള്ളൂ. അധികാരത്തിലധിഷ്ഠിതമായ ഭൗതിക സായുധ വിപ്ലവ പ്രസ്ഥാനങ്ങളുടെ ചുവടു പിടിച്ച്

സ്ഥാപിച്ച നിങ്ങളുടെ സംഘടനയുടെ ദൗർബല്യങ്ങളും അപകടങ്ങളും മുൻകൂട്ടി കണ്ട് ആ പ്രസ്ഥാനത്തോട് സലാം ചൊല്ലി പിരിയുക. മനുഷ്യാവകാശ സംഘടനകളുണ്ടാക്കിയാലും, തെരുവുനാടകം കളിച്ചാലും, പരിസ്ഥിതിവാദമുയർത്തിയാലും ബുദ്ധിജീവികളെക്കൊണ്ട് ലേഖനമെഴുതിച്ചാലും ഈ ജന്മജാതവൈകല്യം മാറിക്കിട്ടില്ല. ഒരുപാട് ദുരിതങ്ങളനുഭവിക്കുന്ന മുസ്‌ലിം സമുദായത്തെ ദയവ് ചെയ്ത് ജമാഅത്തെ ഇസ്‌ലാമിയുടെ ഭീകരവാദംക്കൊണ്ട് ശിക്ഷിക്കപ്പെടാൻ അനുവദിച്ചുകൂടാ. ●

---

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

വിടൽ കാരണമായും മറഞ്ഞുകിടന്ന നൂറുക്കണക്കിന് സംഭവങ്ങൾ അവ സംഭവിക്കുന്നതിന് എത്രയോ മുമ്പു തന്നെ ദൈവികസഹായം കൊണ്ട് അനാവൃതമാക്കപ്പെടുകയും അത്യത്ഭുതകരമായ രീതിയിൽ ഓരോ ദുർഘടസനന്ധികളും ഒഴിഞ്ഞുപോവുകയും ചെയ്തിട്ടുണ്ട്." (ബറാഹീനെ അഹ്മദിയ്യ അടിക്കുറിപ്പ് 11, പുറം 538)

ഫാത്തിഹ ആവർത്തിച്ചു ഉരുവിട്ടുകൊണ്ടിരിക്കുകയും ആ പ്രാർഥനാലാപനത്തിൽ ആഴത്തിലാഴത്തിൽ ചിന്തിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഹൃദയത്തെ തുറന്നിടാനും മനസ്സിനെ വിശാലമാക്കാനും അതുവഴി സാധിക്കുന്നു. വിശുദ്ധ ഖുർആനിലേക്കുള്ള വാതായനം കൂടിയാണ് ഫാത്തിഹ സൂക്തം. വിശുദ്ധ ഖുർആനിലെ അക്ഷയനിധിയിലേയ്ക്ക് ആർക്കും യഥേഷ്ടം കടന്നുചെല്ലാനാവില്ല. "മഹത്തായ ഖുർആൻ വിസ്മയാവഹമായ ഒരു സാഗരമാണ്" വാഗ് ദത്ത മസീഹ് ഓർമിപ്പിക്കുന്നു. "ആർക്കെങ്കിലും ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് അതിൽ തിരയേണ്ടതുണ്ടെങ്കിൽ, അയാൾ ഫാത്തിഹസൂക്തത്തിൽ നല്ല പോലെ വിചിന്തനം ചെയ്യട്ടെ! എന്തെന്നാൽ ഗ്രന്ഥത്തിന്റെ അമ്മയാണത്. വിശുദ്ധ ഖുർആനിലേയ്ക്കുള്ള ഉൾക്കാഴ്ചകൾ അതിൽ നിന്നാണ് വെളിപ്പെടുന്നത്" - (അൽഹക്കം, 1901 ഫെ. 17)

വാഗ്ദത്ത മസീഹ് പറയുന്നത് ഫാത്തിഹസൂക്തത്തെ ഒന്നുകൊണ്ടും ഖണ്ഡിക്കാനാവില്ലെന്നാണ്. അതിന്റെ ഭാഷയിൽ, അതിന്റെ ശബ്ദഘടനയിൽ, അതിന്റെ അഗാധമായ ഉള്ളടക്കത്തിൽ, അതിന്റെ ശാസ്ത്രീയതയിൽ.... അറബിഭാഷയുടെ കാര്യത്തിൽ ലോകപ്രശസ്ത സംസ്കൃത പണ്ഡിതനായ പ്രൊഫ. മാർക്സ്മുള്ളർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് വാഗ്ദത്ത മസീഹ് (അ) മറുപടി നൽകുകയുണ്ടായി. മറ്റുഭാഷകൾ അറബിയോടു താരതമ്യപ്പെടുത്തുമ്പോൾ ഊമകളായി കാണപ്പെടുന്നുവെന്നും ധാതുശബ്ദങ്ങളുടെയും പൂരകങ്ങളുടെയും പദരൂപഭേദങ്ങളുടെയും കാര്യത്തിൽ ചലനമറ്റ ശിലാതുണ്ടങ്ങൾ കണക്കെ നിർജ്ജീവങ്ങളാണെന്നും ദൈവിക ഉപദർശനമനുസരിച്ച് അദ്ദേഹം തെളിയിച്ചുകാട്ടി. "അറബിഭാഷ കരുണാർദ്രമായ വെളിപാടുഭാഷയും മതത്തെക്കുറിച്ചറിയാനുള്ള മുഖ്യ അടിസ്ഥാനവുമാണെന്നും അതിന്റെ അഗ്നിപ്രകാശം സാത്താനികശക്തികളെ നശിപ്പിച്ചുകളയുമെ ന്നും എന്റെ ദൈവം എനി യ്ക്ക് തെളിയിച്ചു കാട്ടിത്തന്നിരിക്കുന്നു." - എന്നു ആ മഹാത്മാവ് പ്രഖ്യാപിച്ചു - (മിനനുർ റഹ്മാൻ). ●

---

*(32 -ാം പേജിൽ നിന്ന് തുടർച്ച)*

കളെ പല ആവശ്യങ്ങൾക്കായി അല്ലാഹു ദൂതന്മാരായി ഇപ്പോഴും നിയോഗിച്ചുകൊണ്ടിരിക്കുന്നു എന്നത് മുസ്‌ലിം ലോകത്തിന് അഭിപ്രായവ്യത്യാസമില്ലാത്ത കാര്യമാണ്. പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാ പ്രക്രിയകളും അല്ലാഹു മലക്കുകൾ മുഖേനയാണ് നിയന്ത്രിക്കുന്നത്. ആ പ്രക്രിയ അനുസൂതം നടക്കുന്നു. അതുപോലെ ഈ സൂക്തത്തിൽ ആദ്യം മലക്കുകളുടെ പേർ പറഞ്ഞതിന് ശേഷം ജനങ്ങളിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കും എന്നു പറഞ്ഞുകൊണ്ടു ഏതുപ്രകാരത്തിൽ മലക്കുകളെ നിയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം തുടരുന്നുവോ അത്പോലെ മനുഷ്യരിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്ന പ്രക്രിയയും തുടർന്നു നടക്കുമെന്ന് തന്നെയാണ് പറയുന്നത്. പ്രവാചകനിയോഗത്തെക്കുറിച്ച് അല്ലാഹു പറയുന്നത് *"അല്ലാഹു നല്ലപോലെ അറിയുന്നവനാണ് അവന്റെ ദൗത്യം എവിടെയാണ് ആകേണ്ടതെന്ന്* (6:125) അപ്പോൾ പ്രവാചകനിയോഗത്തെക്കുറിച്ചു അല്ലാഹുവാണ് തീരുമാനിക്കേണ്ടത്. അതു എപ്പോൾ? ആരെ? എന്നത് ഈ കാര്യവും കൂടി നാം മനസ്സിലാക്കിയാൽ മറ്റു അനാവശ്യ സംശയങ്ങൾക്ക് നാം വശംവദരാവുകയില്ല. ചുരുക്കത്തിൽ ഇത്തരം നിരവധി സൂക്തങ്ങൾ നാം കണ്ട് ഗൗനിക്കാതെ വിട്ടുകളഞ്ഞുകൊണ്ട് യാഥാർത്ഥ്യങ്ങളിൽ നിന്നു നാം അകന്നുപോകുന്നു. ●

---

## സെമിനാർ നടത്തുന്നു

കോഴിക്കോട് മജ്‌ലിസ് അൻസാറുല്ലാഹ് മതപരിത്യാഗി വധാർഹനോ? എന്ന വിഷയത്തിൽ സെപ്തംബർ 20-ാം തിയ്യതി ബുധനാഴ്ച 4.30ന് കോഴിക്കോട് ടൗൺ ഹാളിൽ വെച്ച് ഒരു സെമിനാർ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഏ.പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്യുന്ന സെമിനാറിൽ മൗലാനാ മുഹമ്മദ് ഉമർ അധ്യക്ഷത വഹിക്കും. ഡോ. എം.എൻ. കാരശ്ശേരി, പ്രൊഫ: ഹമീദ് ചേന്ദമംഗലൂർ, പ്രൊഫ: കെ.ഇ.എൻ കുഞ്ഞഹമ്മദ്, പ്രൊഫ: ബി. മഹ്മൂദ് അഹ്മദ്, എ.എം. മുഹമ്മദ് സലീം എന്നിവർ പ്രസംഗിക്കും.

റിപ്പോർട്ട്

# യു.കെ. വാർഷിക ജൽസ

## മുഹമ്മദ് ഇസ്മായിൽ

ജൂലായ് 28, 29, 30 തിയ്യതികളിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ 40-ാമത് വാർഷിക സമ്മേളനം അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസി (അയ്യദഹുല്ലാഹു)ന്റെ മഹനീയ സാന്നിദ്ധ്യത്തിൽ 'ഹദീഖത്തുൽ മഹ്ദി' നഗരിയിൽ വിജയകരമായി സമാപിച്ചു. 81 രാഷ്ട്രങ്ങളിൽ നിന്ന് മുപ്പതിനായിരത്തോളം പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു.

ദേശത്തിനേയും ഭാഷയുടേയും വർണ്ണത്തിന്റേയും വൈവിധ്യങ്ങളും വർണ്ണശബളിമയും ആവാഹിച്ച അന്തർദേശീയ അഹ്മദിയ്യാ സമൂഹം അമീറുൽ മുഅ്മിനീനിന്റെ കീഴിൽ സമ്മേളിച്ചപ്പോൾ അത് അനുഗൃഹീതമായ ആത്മീയാനുഭൂതിയായി മാറുകയാണ്. വെള്ളിയാഴ്ച ജുമുഅ ഖുത്ബായോടെ സമ്മേളന പരിപാടികൾ ആരംഭിച്ചു. 4.30ന് ഇസ്‌ലാമിന്റെ ശ്യാമള വർണ്ണ പതാക ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഉയർത്തി. അതിനുശേഷം ഖലീഫ തിരുമനസ്സ് പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. തുടർന്ന് അവിടുന്ന് ഉൽഘാടന പ്രഭാഷണം നടത്തി. ഖലീഫ തിരുമനസ്സ് പറഞ്ഞു:

"ഇസ്റായീൽ ഇപ്പോൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. സാധാരണക്കാരേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും നിർദ്ദാക്ഷിണ്യം കൊന്നൊടുക്കുന്നു. ചില പാശ്ചാത്യഭരണകൂടങ്ങൾ അവരെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. സ്വന്തം അവകാശം പിടിച്ചെടുക്കാനും പ്രതിരോധിക്കാനുമാണ് യുദ്ധം ചെയ്യുന്നതെന്ന് അവർ വിളംബരം ചെയ്യുന്നു. ഇത് സ്വന്തം അവകാശം പിടിച്ചെടുക്കുകയല്ല. മറിച്ച് അന്യന്റെ അവകാശത്തെ തട്ടിപ്പറിച്ചെടുക്കലാണ്. അക്രമം കൊണ്ട് അന്തരീക്ഷത്തെ അന്ധകാരമയമാക്കിത്തീർക്കലാണ്. വെളിച്ചത്തെ ഇരുട്ടാക്കിമാറ്റലാണ്... ഖലീഫ തിരുമനസ്സ് തുടർന്നു. മർദ്ദിതരുടെ നെടുവീർപ്പുകൾ ഒരിക്കലും വൃഥാവിലാവില്ല. ഇതു തങ്ങളുടെ ദൃഢവിശ്വാസമാണ്. അതുകൊണ്ട് ഇസ്റായീൽ ഈ അതിക്രമങ്ങളിൽ നിന്ന് പിന്മാറുക."

### സമ്മേളനം

### രണ്ടാം ദിവസം 29-7-06

രാവിലെ 10 മണിക്ക് ആരംഭിച്ച ഈ സെഷനിൽ ഇന്തോനേഷ്യയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ മൗലാനാ അബ്ദുൾ സാഹിബ് ശാഹിദും, യു.കെ നോർത്ത് ഈസ്റ്റ് റീജ്യന്റെ അമീർ ബിലാൽ അറ്റ്കിൻ സൻ സാഹിബും മസ്ജിദ് ഫസ്ൽ ഇമാമും ജൽസാ ഗാഹ് ഓഫീസറുമായ അത്വാഉൽമുജീബ് സാഹിബ് റാശിദും പ്രസംഗിച്ചു.

ഖുർറത്തുൽ അയ്ൻ സാഹിബായുടെ ഖുർആൻ പാരായണത്തോടുകൂടിയാണ് വനിതാ (ലജ്നാ)സമ്മേളനത്തിന് തുടക്കം കുറിച്ചത്. ശൗക്കത്ത് അബ്ദുൽ ഹാദി സാഹിബ പദ്യം ആലപിച്ചു. തുടർന്ന് ഖലീഫ തിരുമനസ്സ് സ്ത്രീകളെ അഭിസംബോധന ചെയ്തു. പുരുഷന്മാർ സ്ത്രീകളെ ആദരിക്കുകയും ബഹുമാനിക്കുകയും അവരോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യണമെന്ന് അവിടന്ന് ഉപദേശിച്ചു. വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്ന പർദ്ദ സ്വീകരിക്കാൻ എല്ലാ അഹ്മദീ സ്ത്രീയും സന്നദ്ധരാവണം. പുതിയതായി ബയ്അത്തു ചെയ്തുവരുന്നവർ പർദ്ദയെ ആവേശത്തോടെ സ്വീകരിക്കുമ്പോൾ പഴയ കുടുംബങ്ങളിലെ സ്ത്രീകൾ അതുപേക്ഷിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ആത്മാവിനേയും ശരീരത്തേയും ഒരുപോലെ സംരക്ഷിക്കുന്ന വേഷമായിരിക്കണം നമ്മുടേത്.

വൈകുന്നേരത്തെ സെഷനിൽ വിവിധ രാജ്യങ്ങളിൽ നിന്നും എത്തിച്ചേർന്ന വിശിഷ്ടാതിഥികൾ പ്രസംഗിച്ചു. ആൾട്ടനിലെ മേയർ ഡേവിഡ് ക്രോക്കർ, സർറേയിൽ നിന്നുള്ള പാർലമെന്റംഗം ജേർനീ ഹോൻസ്, മറ്റൊരു പാർലമെന്റംഗമായ മാൽക്കോം വിക്സ്, ഡോക്ടർ ഐവാൻ വിൻസേമർ, ബീത്രൈസ് മാക്കേ തുടങ്ങിയവരാണ് പ്രസംഗിച്ചത്.

തുടർന്ന് ഹാഫിസ് സുലയ് മാൻ ദാവൂദ് സാഹിബ് ഖുർആൻ പാരായണം ചെയ്തു. നദീം അഹ്മദ് സാഹിബ് പദ്യം ആലപിച്ചു. അതിനുശേഷം ഖലീഫ തിരുമനസ്സ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അതിന്റെ ചുരുക്കം ഇങ്ങിനെയാണ്.

നാലു രാഷ്ട്രങ്ങൾ കൂടി അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്ത് 185 രാഷ്ട്രങ്ങളിൽ സ്ഥാപിതമായിട്ടുണ്ട്. എസ്റ്റോണിയ, ആന്റിഗ്വാ, ബർമൂഡാ, ബൊളീവിയ എന്നീ രാജ്യങ്ങളിലാണ് അഹ്മദിയ്യത്ത് ഈ വർഷം സ്ഥാപിതമായത്. 1534 പുതിയ ജമാഅത്തുകൾ രൂപീകരിക്കപ്പെട്ടു.

# വാർത്തകൾ

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള ഇജ്തിമ സമാപിച്ചു

**ടി. ഷംസുദ്ദീൻ**

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള ഇജ്തിമ ആഗസ്ത് 19, 20 തീയ്യതികളിലായി വയനാട്ടിലെ ലക്കിടിയിലെ ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ് കെട്ടിടത്തിൽ വച്ച് ചേരുകയുണ്ടായി. ഇത്ജിമ ആഗസ്ത് 19ന് രാവിലെ 9.20ന് സദർ സാഹിബിന്റെ പ്രതിനിധിയും എറണാകുളം മേഖലാ അമീറുമായ ബി.ബി. അഹ്മദ് കബീർ സാഹിബ് പതാകയുയർത്തിയതോടെയാണ് ഇജ്തിമയ്ക്ക് സമാരംഭം

(ശേഷം 42-ാം പേജിൽ)




*ഇജ്തിമ എറണാകുളം മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ, മൗലാനാ മുഹമ്മദ് ഉമർ, അൻസാറുല്ലാ സംസ്ഥാന നാസിം, പി. പി. നാസർ സാഹിബ് എന്നിവർ വേദിയിൽ*

ഈ വർഷം 171 പള്ളികൾ നാം നിർമ്മിച്ചപ്പോൾ 188 പള്ളികൾ ഇമാമുമാരോടൊപ്പം നമുക്കു ലഭിച്ചു. അങ്ങനെ 359 പള്ളിയുടെ വർദ്ധനയുണ്ടായി. വഖ്ഫ് ചെയ്യപ്പെട്ട കുട്ടികൾ 33190. ആൺകുട്ടികൾ 21682 പെൺകുട്ടികൾ 1508. 102 രാഷ്ട്രങ്ങളിൽ നിന്ന് 270 വിവിധ ജനവിഭാഗത്തിൽപെട്ട 2,93,881 പേർ ഈ വർഷം ജമാഅത്തിൽ ചേർന്നു.

### സമ്മേളനം

### മൂന്നാം ദിവസം 1-8-06

ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് 2.30ന് സമാപന ദിനത്തിലെ ആദ്യത്തെ സെഷൻ ജിബ്രീൽ സഈദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മുഹമ്മദ് ഇസ്ഹാഖ് സാഹിബ് ജർമനി പദ്യമാലപിച്ചു. തുടർന്ന് ഡോ: ഇഫ്തിഖാർ അഹ്മദ് റിയാസ് പ്രസംഗിച്ചു. ചൗദരി ഹമീദുല്ലാഹ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദാവൂദ് അഹ്മദ് നാസിർ സാഹിബ് പദ്യാലാപനം നടത്തി. റഫീഖ് അഹ്മദ് സാഹിബ് ഹയാത് (അമീർ യു. കെ.) ഡോക്ടർ അബ്ദു ൽ ഖാലിഖ് ഖാലിദ് (നായിബ് സദർ മജ്‌ലിസ് അൻസാറുല്ലാഹ്, പാക്കിസ്ഥാൻ) തുടങ്ങിയവർ പ്രസംഗിച്ചു.


അതിഥികളായ, കീന്ബേക്കർ (ഇദ്ദേഹത്തിൽ നിന്നാണ് ഹദീഖത്തുൽ മഹ്ദീ എന്ന സ്ഥലം ജമാഅത്ത് വാങ്ങിയത്) അൽഹാജ് മുഹമ്മദ് യഅ്ഖൂബ്, ബുർക്കിനോ ഫാസോയിലെ ഈസ്റ്റ് റീജിയൻ ഗവർണർ മി: യഅ്ഖൂബ്, തുടങ്ങിയവർ ആശംസകൾ നേർന്നു.

ഇന്ത്യൻസമയം വൈകുന്നേരം 5.45ന് ഖലീഫ തിരുമനസ്സിന്റെ നേതൃത്വത്തിൽ ആഗോള ബയ്അത്ത് നടന്നു. ബയ്അത്തിനു ശേഷം ഹുസൂർ നന്ദിസൂചകമായി സുജൂദ് ചെയ്യുകയുണ്ടായി. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായുടെ ലോകത്തെ 185 രാഷ്ട്രങ്ങളിലുള്ള അഹ്മദികളും ഇതിൽ പങ്കെടുത്തു.

രാത്രി 9 മണിക്ക് സമാപനസമ്മേളനം ആരംഭിച്ചു. അബ്ദുർറസ്സാഖ് ശേയ്ഖ് സാഹിബിന്റെ തിലാവത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. അഹ്മദ് മുബാറക് സാഹിബ് അതി ന്റെ തർജ്ജമ കേൾപ്പിച്ചു. മുഹമ്മദ് ഇസ്മാഈൽ സാഹിബ് പദ്യമാലപിച്ചു. തുടർന്ന് ഖലീഫ തിരുമനസ്സ് ഉപസംഹാരപ്രഭാഷണം നടത്തി. വിശുദ്ധ ഖുർആൻ മൂന്നാം അദ്ധ്യായത്തിലെ 83-ാം വചനം പാരായണം ചെയ്തുകൊണ്ടാണ് അവിടുന്ന് പ്രഭാഷണം ആരംഭിച്ചത്. ഖലീഫ തിരുമനസ്സ് പറഞ്ഞു: 'അല്ലാഹു എല്ലാ നബിമാരിൽ നിന്നും കരാർ വാങ്ങി. ഗ്രന്ഥം നൽകിയതിനുശേഷം അതിനെ ശരിവെച്ചുകൊണ്ട് ഒരാളെ അയച്ചാൽ അയാളെ വിശ്വസിക്കണമെന്നു അല്ലാ ഹു പറഞ്ഞു. നബിമാർ എല്ലാവരും അംഗീകരിച്ചു. ഈ കരാർ നബിമാരുടെ സമുദായത്തിന് വേണ്ടിയാണ് അവരിൽ നിന്ന് വാങ്ങിയത്. ഇക്കാലത്ത് ഖുർആനെ ശരിവെച്ചുകൊണ്ട് അല്ലാഹു ഒരാളെ അയച്ചാൽ അയാ ളെ വിശ്വസിക്കേണ്ടത് പ്രത്യേകിച്ച് മുസ്‌ലിം സുദായത്തിന്റെ ബാധ്യതയാണ്. അതിലൂടെ മാത്രമാണ് അവരെ വിടാതെ പിന്തുടർന്നുകൊണ്ടിരിക്കുന്ന നാശത്തിൽ നിന്ന് അവർക്ക് മോചനം ലഭിക്കുക. പ്രസംഗത്തിന് ശേ ഷം കൂട്ടപ്രാർത്ഥനയോടെ 40-ാമത് യു.കെ. ജൽസക്ക് തിരശ്ശീല വീണു. അൽഹം ദുലില്ലാഹ്. (ഈ സമ്മേളനത്തിൽ ചെയ്ത നാലുപ്രഭാഷണങ്ങളും മജ്‌ലിസ് ഖുദ്ദാമൽ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഭിക്കുന്ന വിലാസം അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്, കലൂർ - 1)

# അനുസ്മരണം

## ബി. സിദ്ധിഖ് ഹസൻ സാഹിബ്



കരുളായി : മണ്ണാർക്കാട്ടെ ആദ്യ കാല അഹ്മദികളിൽപ്പെട്ട എ.കുഞ്ഞഹ്മദ് സാഹിബിന്റെ പുത്രനും കരുളായി ജമാഅത്തിലെ സജീവാംഗവുമായിരുന്ന ബി. സിദ്ധീഖ് ഹസ്സൻ സാഹിബ് (47) 27-7-06 ന് നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. എം.കെ. ഖദീജയാണ് മാതാവ് ഭാര്യ: മഠത്തിൽ നുസ്റത്ത്. മക്കൾ: ശാഹിദ് അഹ്മദ്, ശിഹാദ് അഹ്മദ്, നിഹാദ് അഹ്മദ്, നിഹാൽ അഹ്മദ്. നൂറുദ്ദീൻ, ഫസലുദ്ദീൻ, ശംസുദ്ദീൻ, നാസിമുദ്ദീൻ എന്നിവർ സഹോദരങ്ങളും സാബിറ, ഹാജറ, താഹിറ, മലീഹ തുടങ്ങിയവർ സഹോദരികളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്ത് നല്കുമാറാകട്ടെ. ആമീൻ.

മഹ്മൂദ്, കൽക്കുളം

## ഫാത്തിമക്കുഞ്ഞ് സാഹിബ

ചേലക്കര ജമാഅത്തിലെ അംഗവും മർഹൂം ജനാബ് അലിയാരു കുഞ്ഞ് സാഹിബിന്റെ ഭാര്യയുമായ തോപ്പിൽ ഫാത്തിമക്കുഞ്ഞ് സാഹിബ (86 വയസ്സ്) ജൂലൈ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിയ്ക്ക് നിര്യാതയായി. (ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ).

കരുനാഗപ്പള്ളി ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട ഇവർ 1969 മുതൽ ചേലക്കരയിൽ സ്ഥിരതാമസക്കാരായി. പരേതയ്ക്ക് ജമാഅത്തിനോടുള്ള കൂറും സ്നേഹവും, ആതിഥ്യമര്യാദയും മറക്കാനാവാത്ത ഗുണങ്ങളാണ്. 4 പെണ്ണും 5 ആണുമായി 9 മക്കളുടെ മാതാവായ ഇവരുടെ ജീവിതകാലത്തു തന്നെ 3 മക്കൾ സഫിയ, അബ്ദുല്ല, അബ്ദുൽ റഹിം എന്നിവർ മരണപ്പെട്ടു പോയി. സൈനബ, സുലേഖ, സുബൈദ, ഷംസുദ്ദീൻ, ബഷീർ അഹ്മദ്, മുനീർ അഹ്മദ് എന്നിവർ മക്കളും ജനാബ് ചുങ്കശ്ശേരിയിൽ മൈതീൻകുഞ്ഞ് (മർഹൂം) മൗലവി അബ്ദുസ്സലാം സാഹിബ്, എ. ബഷീറുദ്ദീൻ, വി.ടി. ഷരീഫ് അഹ്മദ് സാഹിബ്, താഹിറ, മറിയം ബീവി, ആനീസ്, സുലേഖ, നദീറ എന്നിവർ മരുമക്കളുമാണ്. അല്ലാഹു പരേതയ്ക്ക് ജന്നത്തും മഅ്ഫിറ ത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**എ. ബഷീർ അഹ്മദ്, ചേലക്കര**

*(41 -ാം പേജിൽ നിന്ന് തുടർച്ച)*

കുറിച്ചത്. തുടർന്ന് നോർത്ത് കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ബി.ബി. അഹ്മദ് കബീർ സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. ആത്മീയമായ ചൈതന്യം നഷ്ടപ്പെട്ട് ഭൗതീകതയിൽ മാത്രം ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു അന്തരീക്ഷമാണ് നമ്മുടെ ചുറ്റുപാടുമുള്ളതെന്നും നമസ്കാരത്തിന് മുസ്ലിം സമൂഹം തീരെ പ്രാധാന്യം കൽപിക്കുന്നില്ലെന്നും ഉദ്ഘാടകൻ പറഞ്ഞു. ഖാദിംകൾ ഇതിൽ നിന്നും വിഭിന്നമായി നിസ്കാരങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ജീവിക്കണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ആശംസകളർപ്പിച്ചുകൊണ്ട് കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ്, കണ്ണൂർ മേ ഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, അൻസാറുല്ലാ നാസിം പി.വി. നാസിറുദ്ദീൻ സാഹിബ് എന്നിവർ സംസാരിച്ചു. യാസർ അറഫാത്ത് സാഹിബ് ഖുർആൻ പാരായണം നടത്തി. കെ. മുസഫർ സാഹിബ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സദർ സാഹിബിൽ നിന്നുള്ള സന്ദേശം കബീർ സാഹിബ് വായിച്ചു കേൾപ്പിച്ചു. ചടങ്ങിൽ വെച്ച് ഹുസൂറിന്റെ ലണ്ടൻ ജലസാ പ്രഭാഷണ

## സൈനബി സാഹിബ

കടലായി: കടലായി ജമാഅത്തിന്റെ ദീർഘകാല പ്രസിഡന്റായിരുന്ന പരേതനായ വി.പി. അബ്ദുൽ ഹയ്യ് സാഹിബിന്റെ ഭാര്യ സി.എച്ച്. സൈനബി സാഹിബ (78) കഴിഞ്ഞ 24-8-2006 വ്യാഴാഴ്ച നിര്യാതയായി. ഇന്നാലില്ലാഹി..........

വിപുലമായ കുടുംബബന്ധങ്ങളുള്ള പരേത ബന്ധുമിത്രാദികളോടും ജമാഅത്ത് അംഗങ്ങളോടും ഒട്ടേറെ സൗഹൃദവും ആതിഥ്യമര്യാദകളും പുലർത്തിപ്പോന്ന ഒരു മഹതിയായിരുന്നു. മക്കൾ : റഷീദ, അഹ്മദ് റഷീദ്, അബ്ദുൽ ഹഖ്, അബ്ദുൽ മാലിക്ക്. മരുമക്കൾ: ഇ.വി. അബ്ദുസ്സലാം (കൂട്ടായി), സക്കിയാബി (കടലായി), ശക്കീല (കണ്ണൂർ), നജ്മ (പഴയങ്ങാടി) പരേതക്ക് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**കെ.പി. അഹ്മദ്**

ങ്ങൾ, ശതവാർഷിക ജൂബിലി സംബന്ധിച്ച ലഘുലേഖ എന്നിവ പ്രകാശനം ചെയ്തു.

തുടർന്നുള്ള രണ്ട് ദിവസങ്ങളിൽ വിവിധ വൈജ്ഞാനിക ക്ലാസുകൾ, മത്സരങ്ങൾ, സെമിനാർ എന്നിവ നടത്തി. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലവി ഗുലാം അഹ് മദ് ഇസ്മായീൽ സാഹിബ്, മൗലവി സലീം സാഹിബ് കൊടുങ്ങല്ലൂർ എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകളെടുത്തു.

പശ്ചിമേഷ്യ പ്രശ്നത്തെ സംബന്ധിച്ച സെമിനാറിൽ സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. സൗത്ത് കേരള ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് അധ്യക്ഷനായിരുന്നു.

സമാപനസമ്മേളനത്തിൽ മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ് എന്നിവർ സംസാരിച്ചു. മത്സരങ്ങളിൽ മാത്തോട്ടം മജ്ലിസ് ഒന്നാമനെത്തി. കൽക്കുളം മജ്ലിസിലെ ടി.കെ. മുബശ്ശിർ സാഹിബാണ് വ്യക്തിഗത ചാമ്പ്യൻ. ●